Reg: No. M. 2689.
T. 32.

License No: 427
Dated 14—8—1943.

# മലയാളരാജ്യം

പുസ്തകം ൧൯ | കൊല്ലം ൧൯൪൫ ഏപ്രിൽ ൨൩-ാംനു | ലക്കം ൨൨൨
പേജ് ൧൨ | ൧൧൨൦ മേടം ൧൧-ാംനു തിങ്കളാഴ്ച | ഒററപ്രതി ൨ അണ

# രാഷ്ട്രീയജനാധിപത്യത്തിനു മുസ്‌ലിംലീഗിനുള്ള അവകാശം

( ഡാ: സച്ചിദാനന്ദസിൻഹാ )

[ മുസ്ലിംലീഗിൻെറ ഇയ്യിടെയുള്ള ഒരു പ്രമേയത്തിൽ ഹിന്ദുധർമ്മത്തെയും തത്വചിന്തയെയും, പ്രത്യേകമായി ജാതിസമ്പ്രദായത്തെയും വിമർശിച്ചിരിക്കുന്നു. അവ മുസ്ലിങ്ങൾ, ക്രിസ്ത്യാനികൾ തുടങ്ങിയ ന്യൂനപക്ഷങ്ങളെ സാമുദായികമായും സാമ്പത്തികമായും ഉദ്ധാരണത്തിനാകാത്ത വിധം അടിമകളാക്കിത്തീർക്കുന്നുവെന്നു് അവർ പ്രഖ്യാപിക്കുന്നു. അവർ പറയുന്നതു് ഇസ്ലാം ഒരു യഥാർത്ഥ ജനാധിപത്യമതവും ഹിന്ദുമതം നേരേ മറിച്ചും ആണെന്നാണു്. ഹിന്ദുമതത്തിനെതിരായുള്ള അവരുടെ നിരൂപണം എത്ര അനീതിപൂർവകവും രാഷ്ട്രീയജനാധിപത്യത്തിനു് ലീഗിനുള്ള അവകാശം എത്ര ദുർബലവുമാണെന്നു് മി: സിൻഹാ ഈ ലേഖനത്തിൽ തെളിയിച്ചിരിക്കുന്നു. ]

മുസ്‌ലിംലീഗു കൌൺസിലിൻെറ ഒരു പ്രമേയത്തിനു മുഖവുരയായി അവർ ഇങ്ങനെ എഴുതിയിരിക്കുന്നു—"ഈ ഇന്ത്യാഉപഖണ്ഡത്തിൽ നൂറുലക്ഷം മുസ്‌ലീങ്ങൾ വെറും ആത്മീയസിദ്ധാന്തങ്ങളിലോ ആചാരങ്ങളിലോ ആഘോഷങ്ങളിലോ മാത്രം ഒതുങ്ങിനിൽക്കാത്ത നിയമസംഹിതകളുള്ളതും വിദ്യാഭ്യാസപരമായും സാമൂഹ്യമായും സാമ്പത്തികമായും രാഷ്ട്രീയമായും ജീവിതത്തിൻെറ എല്ലാ മണ്ഡലങ്ങളെയും നിയന്ത്രിക്കുന്ന ഒരു വിശ്വാസത്തെ അനുസരിക്കുന്നവരും അറുപതുലക്ഷം മനുഷ്യർ തൊട്ടുകൂടാത്തവരായി പുറംതള്ളുവാൻ അനേകായിരം വർഷങ്ങളായി കഠിനമായ ജാതിസമ്പ്രദായം നിലനിറുത്തിപ്പോരുകയും മനുഷ്യനും മനുഷ്യനും മദ്ധ്യേ കൃത്രിമമായ അതിർത്തി നിർമ്മിക്കുകയും ഈ രാജ്യത്തെ വളരെയധികം പേരുടെമേൽ സാമൂഹ്യമായും സാമ്പത്തികമായും അസമത്വം സൃഷ്ടിക്കുകയും മുസ്‌ലീങ്ങൾ ക്രിസ്ത്യാനികൾ എന്നീ ന്യൂനപക്ഷങ്ങളെ ഉദ്ധാരണാതിരിക്തരായ അടിമകളാക്കിത്തീർക്കുകയും ചെയ്ത ഹിന്ദുമതത്തിൻെറ ധർമ്മത്തിനും തത്വചിന്തയ്ക്കും നേരേവിരുദ്ധമായി നിലകൊള്ളുന്നവരുമായിരിക്കെ ഹിന്ദുജാതിസമ്പ്രദായം ഇസ്‌ലാം പ്രതിനിധീകരിക്കുന്ന ദേശീയതയ്ക്കും സമത്വത്തിനും ജനപ്രഭുത്വത്തിനും മററു ഉന്നതാദർശങ്ങൾക്കും നേരെ പ്രത്യക്ഷനിഷേധമായിരിക്കെ,......

പ്രമേയത്തിൽനിന്നു കൂടുതൽ ഉദ്ധരിക്കേണ്ടതില്ല. ഹിന്ദുധർമ്മത്തേയോ തത്വചിന്തയെയോ കുറിച്ചു ചെയ്തിട്ടുള്ള നിരൂപണത്തെ പരിശോധിക്കാനും ഞാനിഷ്ടപ്പെടുന്നില്ല.


കഴിഞ്ഞ അനേകായിരം വർഷമായി ജീവിച്ചുപോരുന്ന ഒരു പ്രസ്ഥാനത്തിന്നു് അതിൻെറ ഘടനയിൽ അന്തർലീനങ്ങളായ ചില ഗുണങ്ങളുടെ ഫലമായി അത്ഭുതകരമായ ജീവസത്തയും ജനസമുദായനന്മയേ ലാക്കാക്കിയിട്ടുള്ള സ്വഭാവവിശേഷങ്ങളും ഉണ്ടായിരിക്കണമെന്നും ഏതു മനുഷ്യനും മനസ്സിലാകുന്നതാണു്. അതുകൊണ്ടു് വിദ്വേഷബുദ്ധിയില്ലാത്ത ഏതു സമചിത്തനും ലീഗിൻെറ ആരോപണങ്ങൾ സമ്മതിച്ചുകൊടുക്കുവാൻ സാദ്ധ്യമല്ല.

കൊറാനിൽ പറയപ്പെട്ടിട്ടുള്ള ഇസ്ലാമിനോടനുബന്ധിച്ച സാമൂഹ്യവും സാമ്പത്തികവുമായ നന്മയെപ്പററി ലീഗിൻെറ പ്രമേയത്തിൽ പറയപ്പെട്ടിട്ടുള്ളതിൽ കുറേയൊക്കെയെങ്കിലും അതേപടിതന്നെ സമ്മതിച്ചാലും, ഇന്നത്തെ മുസ്ലൽമാൻമാർ അവരുടെ നിലയിലുള്ള ഹിന്ദുക്കളെക്കാൾ രാഷ്ട്രീയമായും സാമ്പത്തികമായും ഒരുവിധത്തിലും പുരോഗമിച്ചിട്ടുള്ളതായി കാര്യജ്ഞാനമുള്ളവർ ആരും തന്നെ സമ്മതിക്കയില്ല. വളരെ കുറച്ചുപേർവീതം മാത്രമേ ഉണ്ടായിരുന്നുള്ളുവെങ്കിലും തെക്കേഇന്ത്യയിൽ ജൂതന്മാരും പശ്ചിമേന്ത്യയിൽ പാഴ്സികളും പല നൂററാണ്ടുകളായി അഭിവൃദ്ധിപ്രാപിച്ചുപോരുന്നുവെന്നും അവരെ ഉദ്ധാരണാതിരിക്തരായ അടിമകളാക്കിത്തീർത്തിരുന്നില്ല ഹിന്ദുക്കൾ എന്നുമുള്ള വസ്തുതതന്നെ ലീഗിൻെറ അഭിപ്രായം തെററാണെന്നു സ്ഥാപിക്കുന്നു.

ഇസ്ലാമിനു് അതിൻെറ അനുയായികളുടെ ഇടയിൽനിന്നു സകല വർഗ്ഗീയവ്യത്യാസങ്ങളെയും നീക്കംചെയ്യുവാൻ കഴിഞ്ഞിട്ടുണ്ടെന്നുള്ളതു് പ്രശംസാർഹമാണു്. ഈ വിജയത്തിൽ ഇസ്ലാമിനു് അഭിമാനിക്കാൻ കാര്യമുണ്ടെങ്കിലും അതു രാഷ്ട്രീയനിലയിൽ 'സമത്വ'മാണെന്നു പറയുന്നതു് അബദ്ധമാണു്. ഇസ്ലാമികസമത്വമെന്നതുതന്നെ ആ മതാവലംബികൾക്കിടയിൽ മാത്രമേ പ്രായോഗികതയിൽ കാണുന്നുമുള്ളു.

## ഇസ്‌ലാമിൽ രാഷ്ട്രീയജനാധിപത്യമില്ല.

സാധാരണയായി ഇസ്ലാം ഒരു ജനാധിപത്യമതവും ഹിന്ദുമതങ്ങളിനെയല്ലാത്തതുമാണെന്നാണു് മുസ്ലീംലീഗു അംഗങ്ങൾ പറയാറ്. മററുചില മതങ്ങളുമായി താരതമ്യപ്പെടുത്തുമ്പോൾ, ഇസ്‌ലാം അതിൻെറ അനുയായികളുടെ സാമൂഹ്യബന്ധത്തെ സ്പർശിക്കുന്നതുകൊണ്ടു് ജനാധിപത്യപരമാണു്. പക്ഷെ അതിൻെറ ഉത്ഭവത്തിനുശേഷമുള്ള ഈ പതിമൂന്നുശതാബ്ദത്തിനുള്ളിൽ എന്നെങ്കിലും അമേരിക്കൻസ്വാതന്ത്ര്യപ്രഖ്യാപനത്തിനോ ഫ്രഞ്ചുവിപ്ലവത്തിനോ ശേഷം യൂറോപ്പിലോ അമേരിക്കയിലോ രാഷ്ട്രീയപ്രജാധിപത്യമെന്ന പദമുപയോഗിച്ചുപോന്നിട്ടുള്ള അതേ അർത്ഥത്തിൽ ആ തത്വങ്ങളിലധിഷ്ഠിതമാക്കി ഒരു രാഷ്ട്രീയനിയമസംഹിതരൂ



പീകരിക്കുവാൻ അതിനു സാധിച്ചിട്ടില്ല. രാഷ്ട്രീയജനാധിപത്യമെന്ന പദം ധ്വനിപ്പിക്കുന്ന അർത്ഥത്തിൽ യാതൊന്നും ആദ്യത്തെ നാലു കാലിഫന്മാരുടെഭരണകാലത്തുപോലുമുണ്ടായിരുന്നിട്ടില്ല; പില്ക്കാലത്തെപ്പററി പറയേണ്ടതുമില്ല.

## ജാതിസമ്പ്രദായം ഭാരതീയപരിഷ്ക്കാരത്തെ രക്ഷിച്ചു

മുസ്ലീംലീഗുപ്രമേയത്തിൽ പറഞ്ഞിട്ടുള്ളതുപോലെ ഹിന്ദുക്കളുടെ ജാതിസമ്പ്രദായം മനുഷ്യസമുദായത്തിനു ഒരു ശാപമല്ല. ജാതിസമ്പ്രദായത്തെപ്പററി നല്ലവണ്ണം പഠിച്ചിട്ടുള്ള പാശ്ചാത്യപണ്ഡിതന്മാർ എഴുതിയിട്ടുള്ള ഭാഗങ്ങൾ ഞാൻ ഉദ്ധരിക്കാം. ഒട്ടധികം വിനാശങ്ങളെ അഭിമുഖീകരിക്കേണ്ടിവന്നിട്ടുള്ള ഹിന്ദുസമുദായവും പരിഷ്ക്കാരവും ഈ ജാതിസമ്പ്രദായമില്ലായിരുന്നെങ്കിൽ മററു പുരാതനപരിഷ്കൃതികളുടെ ഗതിതന്നെ അവലംബിച്ചുപോകുമായിരുന്നു. ൧൭൯൨ മുതൽ ൧൮൨൩ വരെ മുപ്പതുകൊല്ലത്തോളം ഇവിടെസഞ്ചരിച്ചു് "ഹിന്ദുസമ്പ്രദായങ്ങൾ ആചാരങ്ങൾ, ആഘോഷങ്ങൾ" എന്ന പ്രമാണഗ്രന്ഥം രചിച്ച ആബ്ഡ്യൂബോ എന്ന ഫ്രഞ്ചുപാതിരി ഇങ്ങിനെ എഴുതുന്നു. "പലതരത്തിലും ഹിന്ദുനിയമത്തിലേ ഏററവും ആഹ്ലാദകരമായ ശ്രമമാണു് ജാതി എന്നു ഞാൻ വിശ്വസിക്കുന്നു. ലോകത്തിലെ മററതികം ജനതകളും വെറും കിരാതത്വത്തിൽ കഴിഞ്ഞുപോന്നകാലത്തു് ഇന്ത്യപരിഷ്കാരത്തിൻെറ ശാസ്ത്രവും കലയുംസംരക്ഷിക്കുകയും പരിപൂർണ്ണമാക്കുകയും ചെയ്തതും മൃഗീയതയിലേക്കു് അടിഞ്ഞിറങ്ങിപ്പോകാതിരുന്നതും ജനങ്ങളെപലജാതികളായി വിഭജിച്ചിരുന്നതുകൊണ്ടാണു്. ജാതിവ്യത്യാസത്തിൻെറ കുറവുകളെ ഞാൻ വിസ്മരിക്കുന്നില്ല. പക്ഷേ ഹിന്ദുക്കളെപ്പോലുള്ള ഒരു ജനതയുടെ കാര്യത്തിൽ അതുകൊണ്ടുണ്ടായിട്ടുള്ള ഗുണം ദോഷത്തെക്കാൾ എത്രയോ മടങ്ങു് വലുതാണു്.

ആബ് പറയുന്നതുപോലെ, ജാതിസമ്പ്രദായം കുററമററതായിരുന്നില്ല. അതു വേണ്ടതുപോലെ മനസ്സിലാക്കി ഇന്നത്തെ ഹിന്ദുക്കൾ അതിൽ വലിയ വ്യത്യാസം വരുത്തിയിട്ടുമുണ്ടു്. ജാതിസമ്പ്രദായകാര്യത്തിൽ മുസ്ലീംലീഗുപ്രമേയം ചെയ്തിരിക്കുന്നതുപോലെ യാതൊരുപാധിയെയും അവയ്ക്കു ചിലകുറവുകളുണ്ടെന്നകാരണത്താൽ കണ്ണടച്ചു് അപലപിക്കുകയെന്നതു് ബോധമുള്ള ആക്ഷേപിച്ചതല്ല. ആദ്യത്തെ ഏററവുംപ്രാമാണികനായ യൂറോപ്യൻഗ്രന്ഥകാരൻെറ ഉദ്ധാരണങ്ങൾ നാം കിടക്കഴിഞ്ഞിട്ടുള്ള നിലയ്ക്കു് ഇനിഏററവും അടുത്തകാലത്തു് ൧൯൩൧-ൽ ഇന്ത്യയിലെ സെൻസസ്സ് കമ്മീഷ്ണരായിരുന്ന ഡാ: ജെ. എച്ച്. ഹട്ടൻെറ അഭിപ്രായംകൂടി രേഖപ്പെടുത്തിക്കൊള്ളട്ടെ. "ഇന്ത്യയിലേ ജാതി" (൧൯൪൬) എന്ന അദ്ദേഹത്തിൻെറ ഗ്രന്ഥത്തിൽ ഇങ്ങിനെ എഴുതിയിരിക്കുന്നു. "ലോകത്തിൽ ആകെയുള്ള ജനസംഖ്യയിൽ അഞ്ചിലൊരുഭാഗം, ൩൯ കോടി ഇന്ത്യയിൽ അധിവസിക്കുന്നു. ഭൂമിശാസ്ത്രപരമായി ഒരു പ്രത്യേകഘടകമെന്ന നിലയിൽ ഈ ജനങ്ങൾക്കെല്ലാം പൊതുവേ ചില സാധർമ്മ്യങ്ങളുണ്ടു്. അതേസമയത്തു് വലിയ വിഭിന്നതകളും വ്യത്യസ്തങ്ങളായ വിശ്വാസപ്രമാണങ്ങളും, യോജിപ്പില്ലാത്ത ആചാരക്രമങ്ങളും, പൊരുത്തമില്ലാത്ത വർണ്ണഭേദങ്ങളുംചേർന്ന ആളുകളാണു് ഇതിൽ ഉൾപ്പെട്ടിട്ടുള്ളതു്. ഈ ആളുകൾക്കെല്ലാം സാധാരണകാലങ്ങളിൽ ഒരുമിച്ചു താമസിക്കുവാനും ഒരു കൂട്ടസമുദായം സൃഷ്ടിക്കുവാനും സാധിച്ചു."

ഡാ: ഹട്ടൺ പറയുന്നു "മുകളിൽ പറഞ്ഞ രണ്ടു ആവശ്യങ്ങളെയും ഒരൊററ സാമൂഹ്യപ്രസ്ഥാനത്തിനുള്ളിൽനിന്നുകൊണ്ടു് തൃപ്തിപ്പെടുത്തിയതു് ഈ ജാതിസമ്പ്രദായമാണെന്നു തെളിയിക്കുകയാണു് ഈ വാല്യത്തിൽ ചെയ്തിട്ടുള്ളതു്. ഒരു രാഷ്ട്രീയശക്തിദായകൻ എന്ന നിലയിൽ പ്രവർത്തിക്കുകയാണു് മുഖ്യമായി ജാതി ചെയ്തിട്ടുള്ളതു്." ജാതിസമ്പ്രദായത്തിൻെറ ഈ വശമായിരിക്കണം ആബ്ഡ്യൂബോയെ ആകർഷിച്ചതു്. ഡ്യൂബോയുടെ അഭിനന്ദനം അടിസ്ഥാനരഹിതമല്ല. അദ്ദേഹത്തെപ്പോലെ ജാതിസമ്പ്രദായത്തെ വിലമതിക്കുന്ന അനേകം പണ്ഡിതന്മാരുണ്ടു്. കുറച്ചുനാൾമുൻപു് മി: എസ്. സി. ഹില്ലും ഇതുപോലെ അഭിപ്രായത്തിലെത്തിച്ചേർന്നു. "ബലപ്രയോഗത്തെക്കാൾ ശക്തമായ അടിസ്ഥാനത്തിൽ രൂപീകരിച്ചിട്ടുള്ള ഏക സാമൂഹ്യപ്രസ്ഥാനമാണു് ജാതിസമ്പ്രദായമെന്നും അതു യാതൊരുതരത്തിലുമുള്ള രാഷ്ട്രീയഭരണത്തിലുൾപ്പെടാത്ത ഒരു സാമൂഹ്യജീവിതപദ്ധതിയെ പ്രായോഗികമാക്കുകയാണു ചെയ്യുന്നതെന്നും അദ്ദേഹം പ്രസ്താവിച്ചിരിക്കുന്നു.

## ജാതി- ഇന്ത്യൻമുസ്‌ലീങ്ങളുടെ ഇടയ്ക്കുമുണ്ടു്

ഇന്ത്യൻമുസ്‌ലീങ്ങൾതന്നെ ഹിന്ദുജാതികളെപ്പോലെ പല സാമുദായികഘടകങ്ങളായി വിഭജിക്കപ്പെട്ടിരിക്കുന്നു. മുസ്‌ലീങ്ങളുടെയിടയിൽ അതേനിലയിലുള്ള ഹിന്ദുക്കളുടെയിടയ്ക്കുള്ളതിനെക്കാൾ എത്രയോ കൂടുതൽ സാമ്പത്തികാസമത്വമുണ്ടു്. പ്രാമാണികരായ പല പണ്ഡിതന്മാരും പറഞ്ഞിട്ടുള്ളതുപോലെ ഇന്ത്യയിൽ മുസ്‌ലീങ്ങൾക്കു ജാതിസമ്പ്രദായത്തെ ഉടയ്ക്കുവാൻ സാധിച്ചിട്ടില്ലെന്നുതന്നെയല്ല മുസ്ലീങ്ങൾതന്നെ

(ശേഷം രണ്ടാംപേജിൽ)

(ഒന്നാംപേജിൽനിന്നും തുടർച്ച)

അതിനെ ഉദാഹരണങ്ങൾകൂടിയാണു ചെയ്തിട്ടുള്ളതു്. ൧൯൧൧-ലെ ഇന്ത്യൻ സെൻസസ്സ്കമ്മീഷണറായിരുന്ന സർ എഡ്വേർഡ് ഗെയ്റ്റും ൧൯൩൧-ൽ സെൻസസ്സ്കമ്മീഷണറായിരുന്ന ഡാ. ഹട്ടനും ഈ അഭിപ്രായത്തെ സ്ഥിരപ്പെടുത്തുകയാണു ചെയ്തതു്.

ഇന്ത്യൻ സിവിൽസർവ്വീസിലെ ഒരു പ്രധാന വ്യക്തിയും ഈ വിഷയത്തിൽ പ്രാമാണികനുമായ സർ എഡ്വേർഡ് ഗെയിറ്റ പറയുന്നതു് ഇങ്ങനെയാണ്:—

"ചുരുക്കത്തിൽ, മുഹമ്മദുമതത്തിൽ ജാതിവ്യത്യാസം അജ്ഞാതമാണെങ്കിലും അപ്പർഇന്ത്യയിലും മുസ്ലിംസമുദായത്തിന്റെ കീഴെക്കിടയിലുള്ളവർ അധിവസിക്കുന്ന എല്ലാം സ്ഥലത്തും മുഹമ്മദീയരുടെ ഇടയ്ക്കു അതു നിലവിലിരിക്കുന്നുണ്ടു്. മററു ഇന്ത്യൻമുഹമ്മദീയർ, ജാതിഭേദം സമ്മതിക്കുന്നില്ലെങ്കിലും, അവരുടെ ഹിന്ദു അന്തേവാസികളുടെ സാഹചര്യംകൊണ്ടു മററു നാടുകളിലുള്ള മുസ്ലീങ്ങളെക്കാൾ അവരുടെ വൈവാഹികബന്ധക്കാര്യത്തിൽ കൂടുതൽ ശ്രദ്ധ പതിപ്പിക്കുന്നു."

ഇന്ത്യൻമുസ്ലീങ്ങളുടെയിടയിലുള്ള ജാതിസമ്പ്രദായത്തെക്കുറിച്ചു ഡാ. ഹട്ടൻ ഇങ്ങനെ എഴുതുന്നു—"മതത്തിനു വ്യത്യാസമുണ്ടായാൽപോലും ജാതിസമ്പ്രദായം നശിച്ചുപോകുന്നില്ല. ജാതിസമ്പ്രദായത്തെ അംഗീകരിക്കാത്ത മുസ്ലീങ്ങൾ അതു പ്രയോഗത്തിൽ ആചരിച്ചുവരുന്നു. ഹിന്ദുജാതികളെപ്പോലെതന്നെ അനേകം മുസ്ലീംജാതികളുമുണ്ടു്. ഹിന്ദുമതത്തിൽ നിന്നു ഒരു വിഭാഗം മാറിനിന്നു ജാതിസമ്പ്രദായത്തെ കുററപ്പെടുത്തിയാൽ അതും ഹിന്ദുമതത്തിലെ ഒരു പുതിയ ജാതി തന്നെആയിത്തീരുന്നു."

"മുസ്ലീംജാതികൾ സുവിദിതങ്ങളാണു്. മുസ്ലീംനെയ്ത്തുകാരെ മോമീൻ അല്ലെങ്കിൽ ജൊലാഹാ എന്നുപറയുന്നു. മുസ്ലീം രജപുത്രരെ ലാൽഖാനി എന്നും, മുസ്ലീങ്ങളിൽപ്പെട്ട ഇടയന്മാരെ ഗോഡികളെന്നും ഹിന്ദുക്കളുടെ ധാർമ്മികളോടു കൂടുതൽ അടുപ്പമുള്ള മുസ്ലീംഗായകവിഭാഗക്കാരെ മിറാസിയെന്നും വിളിച്ചുവരുന്നു. ടക്കിയാ ബൻജരാ എന്ന മുസ്ലീംജാതിയിൽ മൂന്നു ഗോത്രക്കാരുൾപ്പെടുന്നു.

ഹിന്ദുക്കളുടെയിടയ്ക്കുള്ള ജാതിസമ്പ്രദായത്തെക്കുറിച്ചു മുസ്ലിംലീഗിന്റെ പ്രഖ്യാപനത്തിനു ശരിയായ വ്യാഖ്യാനമാണു് സർ എഡ്വേർഡ് ഗെയ്റ്റും ഡാ. ഹട്ടനും നൽകിയിട്ടുള്ള തെളിവുകൾ

ജാതിസമ്പ്രദായത്തെ സംബന്ധിച്ച് ടത്തോളമുള്ള യഥാർത്ഥ സംഗതികളിങ്ങനെയായിരിക്കുകയും ഇന്ത്യൻമുസ്ലീങ്ങളുടെയിടയിലും ക്രിസ്ത്യാനികളുടെയിടയിലും ഈ രാജ്യത്തെ മററു ചില മതക്കാരുടെയിടയിലും അതിന്റെ അന്തർല്ലീനമായ തത്വം ഈവിധത്തിൽ അനുഷ്ഠിച്ചുപോരുകയും ചെയ്യുമ്പോൾ മുസ്ലിംലീഗു പ്രവർത്തകസമിതി പാസ്സാക്കിയ പ്രമേയത്തിന്റെ ഉള്ളടക്കം വെറും അസംബന്ധമായിരിക്കുന്നു. ഹിന്ദുക്കൾ അവരുടെ ജാതിസമ്പ്രദായംമൂലവും 'ഹിന്ദുധർമ്മവും തത്വചിന്തയും' കൊണ്ടുംമുസ്ലീങ്ങൾ, ക്രിസ്ത്യാനികൾ തുടങ്ങിയ ന്യൂനപക്ഷങ്ങളെ സാമ്പത്തികമായും സാമൂഹ്യമായും ഉദ്ധാരണാതിരിക്തമായ നിലയിലാക്കുന്നു എന്നും പ്രഖ്യാപനംചെയ്യുകയും മുദ്രാവാക്യങ്ങളും വിഷമപദങ്ങളും മററും ആവർത്തിച്ചാവർത്തിച്ചു ഉച്ചരിക്കയുംചെയ്താൽതന്നെയും ലീഗുകാരല്ലാത്തവരെ വഴിപിഴപ്പിക്കാൻ സാദ്ധ്യമല്ല. ഈ ലേഖനത്തിൽ പറയുന്ന അഭിപ്രായങ്ങളുടെയും വസ്തുസ്ഥിതികളുടെയും വെളിച്ചത്തുനിന്നുകൊണ്ടു് ഈപ്രശ്നത്തെ പഠിക്കുന്ന ആർക്കുംതന്നെ കാവ്യാത്മകമായ ആ പ്രമേയത്തിൽ വിശ്വാസം തോന്നുകയുമില്ല.

അടുത്തകാലത്തു ലീഗിന്റെ "ഇന്ത്യയ്ക്കു് ജനാധിപത്യം യോജിച്ചതല്ല" എന്നനയത്തെ പിൻതുടർന്നുകൊണ്ടു അവരുടെ പത്രത്തിൽ ഇങ്ങിനെ എഴുതിക്കാണുകയുണ്ടായി. ഈ രാജ്യത്തെ രണ്ടു ഭൂരിപക്ഷനേഷനുകളുടെ ഇടയിൽ, സംഖ്യാപരമായി കുറഞ്ഞുനില്ക്കുന്ന ഒരെണ്ണത്തിനു് ഉപദ്രവകരമല്ലാത്തവിധത്തിൽ, 'ഡെമോക്രാററിക് മെജാറിറ്റി' തത്വം വിജയപൂർവ്വം പ്രവർത്തനത്തിലെത്തിക്കുവാൻ സാദ്ധ്യമല്ല. ഈ അടുത്ത കാലത്താണു് 'ഫോർത്ത്റിപ്പബ്ലിക് ആഫ് ഫ്രാൻസി'ന്റെ ഭരണഘടന ഒരുചെറിയ ഭൂരിപക്ഷത്തോടെ പാസ്സായതു്. പക്ഷേ അതു ഫ്രാൻസിലെ സകല മാനപേരുടേയും സമ്മതത്തോടുകൂടി പാസ്സായരീതിയിലാണു് അംഗീകരിച്ചിരിക്കുന്നതു്. ഫ്രാൻസിൽ രണ്ടു നേഷനില്ലാത്തതാണു് ഇതിനു കാരണം.'

ഇൻഡ്യക്കു് പൊതുവേ കേവലഭൂരിപക്ഷം അംഗീകാര്യമല്ലെന്നുവന്നാൽ ബംഗാളിനും പഞ്ചാബിനും അതുപോലെതന്നെ അതംഗീകാര്യമല്ല. ഇന്ത്യയിലധിവസിക്കുന്ന രണ്ടു നേഷൻതന്നെയാണു് പഞ്ചാബിലും ബംഗാളിലുമുള്ളതും. അതുകൊണ്ടു് ൧൯൪൭ മാർച്ചിലെ പഞ്ചാബുലഹളക്കാലത്തെഴുതിയ ഒരു മുഖപ്രസംഗത്തിൽ ലണ്ടൻടൈംസ്സ് അക്രമപരമായ വിപ്ലവത്തിലൂടെ പഞ്ചാബിൽ സാമുദായികമായ സർവ്വാധികാരത്വം സ്ഥാപിക്കുവാൻവേണ്ടി കൂട്ടക്കൊലയും തീവെയ്പും നടത്തിയതിനു് മുസ്ലിംലീഗുകാരെ കുററപ്പെടുത്തിക്കൊണ്ടു് അവർക്കു താക്കീതു നൽകിയിരിക്കുന്നതിൽ ഒട്ടുംതന്നെ അത്ഭുതപ്പെടേണ്ടതില്ല. അർത്ഥവത്തായി അതിങ്ങിനെ തുടരുന്നു. "ജനാധിപത്യതത്വങ്ങളിൽ അധിഷ്ഠിതമാണു് വിപ്ലവമെന്നു് അവകാശപ്പെടുന്നു. ഇതേതത്വംതന്നെ ഇന്ത്യയുടെ മററുഭാഗങ്ങളിൽ അസ്വീകാര്യങ്ങളായിരിക്കുമ്പോൾ പ്രവശ്യയിലെ ൫൬ ശതമാനം മുസ്ലീംഭൂരിപക്ഷത്തിനു് ഈ തത്വങ്ങളെ പ്രയോജനപ്പെടുത്തുവാൻ കഴിയുന്നുവെന്നുള്ളതു് വിചിത്രമായിരിക്കുന്നു.' ലീഗിന്റെ അവകാശവാദങ്ങളുടെ ഒരു അവസാനക്കുറ്റംപിടിയാണിതു്. (എൻ. പി. എസ്.)

—o—

ജീവചരിത്രം

# കമലാദേവി ചതോപാദ്ധ്യായ

(എസ്സ്. വി. നായർ. പെരുന്താന്നി)

രാഷ്ട്രീയരംഗത്തും, സമുദായമദ്ധ്യത്തും ഒന്നുപോലെ ശോഭിക്കുവാൻ കമലാദേവിയെപോലുള്ള ചുരുക്കം ചിലർക്കേ കഴിഞ്ഞിട്ടുള്ളു. യാഥാസ്ഥിതികത്വത്തിന്റെ മൂടുപടം ഭേദിച്ചു യാഥാർത്ഥ്യത്തിലേക്കിറങ്ങിവരുവാൻ ആദ്യമായി ധൈര്യപ്പെട്ട ഭാരതീയവനിതയാണു് കമലാദേവി ചതോപാദ്ധ്യായ. സേവനമാണു് അവരുടെ ജീവിതാദർശം. അവരുടെ രാഷ്ട്രീയപ്രബുദ്ധതയെ സേവനതൃഷ്ണ മാച്ചുകളയുന്നില്ലേ എന്നു് ചിലർ വാദിക്കുന്നുണ്ടു്. സേവനത്തിനു് പ്രചോദനം നൽകിയതു് അവരുടെ രാഷ്ട്രീയപ്രബുദ്ധതയാണു് എന്നു പറയുന്നതിലായിരിക്കും കൂടുതൽ യാഥാർത്ഥ്യം.



കർണ്ണാടകദേശത്തു് മംഗലപുരത്താണു് കമലാദേവിയുടെ ജനനം. പിതാവു് ഇൻഡ്യൻ സിവിൽസർവ്വീസിലെ ഒരു ഉയർന്ന ഉദ്യോഗസ്ഥനായിരുന്നു. സമുദായാചാരപ്രകാരം അവർ ബാല്യത്തിൽതന്നെ വിവാഹിതയായി. എന്നാൽ ബാല്യത്തിലെ ഒരു വിധവയായിത്തീരാനും അവർക്കിടയായി. ഭർത്താവു് മരിക്കുമ്പോൾ അവർ സ്കൂളിൽ പൊയ്ക്കൊണ്ടിരിക്കുന്ന ഒരു പെൺകുട്ടിയായിരുന്നു.

വൈധവ്യം വിദ്യാഭ്യാസം നിഷിദ്ധമാണു്. എന്നാൽ കമല ആ ആചാരത്തെ അവഗണിച്ചു മദ്രാസിലെ സെൻറ്മേരീസ് കാളേജിൽ ചേന്നു് ഉപരി വിദ്യാഭ്യാസം ആരംഭിച്ചു. ഈ അവസരത്തിലാണു് ഹരീന്ദ്രനാഥ ചതോപാദ്ധ്യായയെ (?) അവർ കണ്ടുമുട്ടുന്നതു്. യുവാവും, സുന്ദരനും ആയ ആ കലാകാരൻ കമലയെ വല്ലാതെ ആകർഷിച്ചു. കമല അങ്ങോട്ടും; പരിചയം അനുരാഗത്തിലവസാനിച്ചു.

സമുദായം വിധവാവിവാഹം വിലക്കി. കമല മാമൂലിനെ രണ്ടാമതും പൊട്ടിച്ചു. അവരുടെ വിവാഹം മദ്രാസിൽവച്ചു സാഘോഷം നടത്തപ്പെട്ടു.

അവരുടെ ദാമ്പത്യജീവിതം തീകച്ചും ആനന്ദപ്രദമായിരുന്നുഎന്നു് പറയുവാൻ നിവ്വാഹമില്ല. ൧൭ വർഷത്തിനുശേഷം ആ ബന്ധം വേർപെടുത്തേണ്ടിവന്നു. എങ്കിലും, പരസ്പരപ്രേമത്തിൽ കെട്ടിഉയർത്തപ്പെട്ട അവരുടെ ജീവിതം ആദ്യകാലങ്ങളിൽ ആനന്ദപ്രദമായിത്തന്നെ ആസ്വദിക്കപ്പെട്ടു. ഒരു കവികൂടിയായിരുന്ന ഹരീന്ദ്രൻ പറയുകയുണ്ടായി, കമലയോടൊത്തു തന്നെ കാണാനിടവന്നതിൽ ദേവന്മാർ അസൂയപ്പെടുന്നുണ്ടാവാമെന്നു്!

വിവാഹംകഴിഞ്ഞു് അല്പകാലത്തിനുള്ളിൽ ഉപരിപഠനത്തിനു കമല ഇംഗ്ലണ്ടിലേക്കു് യാത്രയായി. ബെഡ്ഫോഡ് (bedford) കാളേജിൽ ചേന്നു് അവർ വിദ്യാഭ്യാസം ആരംഭിച്ചു.

വിദേശീയമേധാവിത്വത്തിനെതിരായി ഇൻഡ്യയിൽ തുടങ്ങിയ പ്രക്ഷോഭണത്തിന്റെ അലകൾ ഇംഗ്ലണ്ടിലും ആവിർഭവിച്ചു. കാളേജ്വിദ്യാഭ്യാസം മതിയാക്കി കമല ഇൻഡ്യയിലേക്കു തിരിച്ചു.

II

ഇൻഡ്യൻ സ്ഥിതിഗതികൾ ശ്രദ്ധാപൂർവം മനസ്സിലാക്കി അവർ കണ്ടു. എവിടെയും സ്വാതന്ത്ര്യസമ്പാദനത്തിനു് വേണ്ടിയുള്ള ശ്രമങ്ങൾ, ജനങ്ങളെ സമരസന്നദ്ധരാക്കാനുള്ള സംഘടിതശ്രമങ്ങൾ ഇവയാണു് കമലയ്ക്കു് സ്വാഗതമരുളിയതു്.

സ്ത്രീ, രാഷ്ട്രീയമായി വളരെ പുരോഗമിക്കേണ്ടിയിരിക്കുന്നു എന്ന പരമാർത്ഥം കമലാദേവി മനസ്സിലാക്കി. അവർ പ്രവർത്തനമാരംഭിക്കയുംചെയ്തു.

അഖിലേന്ത്യാ വനിതാകോൺഫറൻസിന്റെ ജനറൽസെക്രട്ടറിയായി കമലാദേവി തിരഞ്ഞെടുക്കപ്പെട്ടു. ജനറൽസെക്രട്ടറി എന്ന നിലയിൽ അവർ നിവ്വഹിച്ച കൃത്യം സ്തുത്യർഹമാണു്. ഇൻഡ്യയുടെ പല ഭാഗങ്ങളിലും അവർ പര്യടനം നടത്തി വനിതാകോൺഫറൻസിന്റെ ശാഖകൾ പലയിടത്തും സംഘടിക്കപ്പെട്ടു. പുരുഷനോടൊപ്പംതന്നെ സ്ത്രീയും പുരോഗമിക്കേണ്ടതിന്റെ ആവശ്യകത അവർക്ക്—സ്ത്രീകൾക്കു് മനസ്സിലാക്കിക്കൊടുത്തു. വിദ്യാഭ്യാസം കൂടുതൽ പ്രായോഗികമാക്കുന്നതിനു് വേണ്ട മാർഗ്ഗനിർദ്ദേശം നൽകി.

ഇംപീരിയൽ ലജിസ്ലേറ്റീവു് പൊതുതിരഞ്ഞെടുപ്പിൽ ആദ്യമായി മത്സരിച്ച വനിതാസ്ഥാനാർത്ഥി കമലാദേവിയാണു്. ബാംബെനിയോജകമണ്ഡലത്തിലെപ്രതിനിധിയായി മത്സരിക്കുവാൻ കമലാദേവിയെ വനിതാകോൺഫറൻസു് തിരഞ്ഞെടുത്തു. എതിർസ്ഥാനാർത്ഥിയുടെ ധനവും ജനസ്വാധീനവും വിജയത്തിലുള്ള ആശങ്ക വർദ്ധിപ്പിച്ചു. തിരഞ്ഞെടുപ്പിന്റെ ഫലം കമലാദേവിതന്നെ പറയുന്നുണ്ടു്. 'ജയിക്കാമെന്നു് പൂർണ്ണമായ പ്രതീക്ഷയൊന്നും ഞങ്ങൾക്കില്ലായിരുന്നു. സ്ത്രീ ആദ്യമായി മത്സരിക്കുന്ന തിരഞ്ഞെടുപ്പാകയാൽ സഹായികളിൽ പലരും അവസാന നിമിഷത്തിൽ ഞങ്ങളെ കൈവെടിഞ്ഞു...............

വോട്ടിംഗ് വാശിപൂവ്വം നടന്നു. എന്റെ എതിരാളിതന്നെ വിജയിയായി. ൨൦൦ വോട്ടിന്റെ ഭൂരിപക്ഷത്തോടെ ഞങ്ങൾ ആശ്ചയ്യപ്പെട്ടുപോയി. ഒരു വമ്പിച്ച ഭൂരിപക്ഷം എതിരാളിക്കു് ലഭിക്കുമെന്നു് ഞങ്ങൾ പ്രതീക്ഷിച്ചിരുന്നു.

സൈമൺകമ്മിഷന്റെ ആഗമനം ഇൻഡ്യൻ അന്തരീക്ഷത്തെപ്രക്ഷുബ്ധമാക്കി. ൧൯൨൮—ൽ കൽക്കത്തായിൽ പണ്ഡിററ് നെഹ്രുവിന്റെ അദ്ധ്യക്ഷതയിൽ കൂടിയ കാൺഗ്രസ്സ് പ്രവർത്തകസമിതി യോഗത്തിൽ കമ്മിഷനെ ബഹിഷ്കരിക്കാൻ ചെയ്യുന്നതിനുള്ള നിശ്ചയം പാസ്സായി.

സമുദായസേവനത്തിൽ നിന്നും, കമലാദേവി രാഷ്ട്രമണ്ഡലത്തിൽ പ്രവേശിച്ചു. ൧൯൨൯ ഡിസംബറിൽ അഖിലേന്ത്യാ യൂത്ത്കോൺഫറൻസ് അഹമ്മദാബാദിൽ സമ്മേളിച്ചു. അദ്ധ്യക്ഷ കമലാദേവി ആയിരുന്നു. പരിപൂർണ്ണസ്വാതന്ത്ര്യത്തിൽ കുറഞ്ഞ യാതൊന്നും ബ്രിട്ടീഷുകാരുടെ പക്കൽനിന്നും ഭാരതം സ്വീകരിക്കരുതു്, എന്ന പ്രമേയം പാസ്സാക്കപ്പെട്ടു. 'സൈമൺ തിരിച്ചുപോകുക' എന്ന കാഹളത്തിൽ യുവജനങ്ങൾ വാദിച്ചു.

൧൯൩൦-ൽ നാഷണൽ കാൺഗ്രസ്സ് ആരംഭിച്ചസിവിൽ നിയമലംഘന പ്രസ്ഥാനം, ജനങ്ങളുടെ വികാരാവേശങ്ങൾക്കു് പുതിയ ഉത്തേജനം നൽകി. ബാംബെയിലെ യുവജനങ്ങളെ നയിക്കുക എന്ന ഭാരമേറിയ ചുമതല കമലാദേവി കയ്യേററു. അവരുടെ നേതൃത്വത്തിൽ ഒരു സന്നദ്ധസേന രൂപീകൃതമായി.

കമലാദേവിയുടെ പ്രവർത്തനങ്ങളെ പററി പല കഥകളും അന്നു് ജനങ്ങളുടെ ഇടയിൽ പരന്നിരുന്നു. ഒരിക്കൽ ഏതാനും വനിതാവാളൻറിയറന്മാരോടുകൂടി ബാംബെ സ്റ്റാക്ക് എക്സ്ചെയിഞ്ചു് (stock exchange) ആഫീസിൽ പ്രവേശിക്കയും അവിടെ നിയമവിരുദ്ധമായി സംഭരിക്കപ്പെട്ടിരുന്ന ഉപ്പു് ഒരുമണിക്കൂർകൊണ്ടു് നാല്പതിനായിരം രൂപക്കു് വിററഴിക്കുകയും ചെയ്തുവത്രെ. അവർ അറസ്റ്റ്ചെയ്യപ്പെട്ടു. അവർ കുററം സമ്മതിക്കുന്നുവോ എന്നു മജിസ്ട്രേട്ടു ചോദിച്ചപ്പോൾ കമലാദേവി നൽകിയ ഉത്തരം ഇതായിരുന്നു. "എന്റെ പ്രവർത്തി കുററകരമായി വ്യാഖ്യാനിക്കപ്പെടുവാൻ ഞാനിഷ്ടപ്പെടുന്നില്ല. ഭാരതീയനായ നിങ്ങൾക്കു് ലജ്ജതോന്നുന്നില്ലയോ ഈ വിസ്താരം തുടർന്നുപോകുന്നതിനു്? വരിക—ഉദ്യോഗം രാജികൊടുത്തു് ഞങ്ങളോടു ചേന്നു് രാജ്യത്തിനുവേണ്ടി പ്രവർത്തിക്കുക"

൯ മാസം തടവു് അവർക്കു ലഭിച്ചു. "അങ്ങനെ അവരുടെ ജയിൽ ജീവിതം ആരംഭിച്ചു. പിന്നീടു് പലപ്രാവശ്യവും ഇതുമ്പഴി അവർക്കു് സ്വാഗതം നൽകിയിട്ടുണ്ടു്. ജയിലിനുള്ളിൽ എപ്പോഴും പ്രസന്നവദനത്തോടുകൂടിയാണു് അവർ വീക്ഷിക്കപ്പെട്ടിരുന്നതു്. ജയിൽ ജീവിതത്തിലെ അരസികത്വം അവരെ ബാധിച്ചിരുന്നില്ല.

III

കമലാദേവി ഒരു യഥാർത്ഥ സോഷ്യലിസ്റ്റാണു്. സ്ഥിതിസമത്വസിദ്ധാന്തങ്ങളിൽ അവർക്കു് പരിപൂർണ്ണവിശ്വാസമുണ്ടു്. ൧൯൩൪-ൽ കാൺഗ്രസ്സ് സോഷ്യലിസ്റ്റു പാർട്ടി ആവിർഭവിച്ചപ്പോൾ, അതിനു് സജീവമായ പിൻതുണ നൽകുന്നതിനു് അവർക്കു കഴിഞ്ഞു. ൧൯൩൬-ൽ മീററിൽ വച്ചുകൂടിയ കാൺഗ്രസ്സ് സോഷ്യലിസ്റ്റ്പാർട്ടി സമ്മേളനത്തിലെ അദ്ധ്യക്ഷ കമലാദേവിയായിരുന്നു. അവർചെയ്ത അദ്ധ്യക്ഷപ്രസംഗത്തിന്റെ സംഗ്രഹം ഇവടെ കുറിക്കുന്നു.

'ലോകം ദിനംപ്രതി മാറിക്കൊണ്ടിരിക്കയാണു്. മാനവസമുദായം മുഴുവൻ ഒരു പുതിയ വ്യവസ്ഥിതിക്കുവേണ്ടി കാത്തിരിക്കുന്നു. റഷ്യയിലും ടർക്കിയിലും പൊട്ടിപ്പുറപ്പെട്ട വിപ്ലവത്തിന്റെ അന്തരാർത്ഥം എന്താണു ?

നമുക്കു—ഭാരതീയർക്കും ഒരു മാററംകൂടിയേകഴിയൂ. അടിമത്വം ഇനി ആവശ്യമില്ല. നാമും മനുഷ്യരാണു്. ജീവിതത്തിന്റെ മൌലികാവശ്യമായ സ്വാതന്ത്ര്യം നമ്മിൽനിന്നൊഴിച്ചുമാററുവാൻ ഇനിവിദേശീയനു സാദ്ധ്യമല്ല.

ബ്രിട്ടീഷ്കാരനുമായിരഞ്ജിപ്പിലെത്തിച്ചേന്നു് സ്വാതന്ത്ര്യം സമ്പാദിക്കാമെന്നുള്ളമോഹം അബദ്ധമാണു്. വെള്ളക്കാരനെ നമുക്കിനിയും മനസ്സിലായി

(ശേഷം പന്ത്രണ്ടാംപേജിൽ)

ചെറുകഥ

# കാളരാത്രി

ശാസ്തമംഗലം കെ. ശ്രീധരൻനായർ

I

'വല്യകാററം പെരുമഴ വരുന്നു. ഇന്നുരാത്രി ഇവിടെ താമസിച്ചിട്ട് നാളെ പോയാൽമതി'

അനേകവർഷത്തെ അനുഭവജ്ഞാനം കൊണ്ട് എൻെറ ആതിഥേയൻ ചെയ്ത ദീർഘദർശനത്തെ വകവെയ്ക്കാതെ ചാടി പുറപ്പെടാൻ തീരുമാനിച്ച എൻെറ ബുദ്ധിയെ ഞാൻ തന്നത്താനെ ശപിച്ചു. മനുഷ്യവാസസ്ഥലത്തുനിന്നു ഞാൻ ഏഴു മൈൽ പോന്നിരുന്നു, ഏഴുമൈൽകൂടി നടന്നാൽ മാത്രമേ അടുത്ത ജനാധിവാസസ്ഥലത്ത് എത്തുകയുമുള്ളു.

അന്തരീക്ഷം നിശ്ചലമായി നിലകൊണ്ടു. സാവധാനത്തിൽ പാറമേൽ അടിച്ച് ഉടഞ്ഞുപോകുന്ന തിരമാലകളുടെ ശബ്ദം മാത്രമെ കേൾക്കാനുണ്ടായിരുന്നുള്ളു. ചക്രവാളത്തിനുപരിക്രമേണ ആകാശദേശത്തിലെങ്ങും വ്യാപിച്ചുകൊണ്ടിരുന്ന കാർമേഘപടലം രംഗത്തിൻെറ ഭീകരതയെ വർദ്ധിപ്പിച്ചു. സമുദ്രം മഷിപോലെ കറുത്തു.

പെട്ടെന്ന്, ആ മേഘപടലം പൊട്ടി ധാരമുറിയാതെയുള്ള മഴ ആരംഭിച്ചു. അല്പനേരം ഞാൻ സംശയിച്ചുനിന്നു. തിരിയെ ഏഴുമൈൽ നടന്ന് ആ വൃദ്ധൻെറ ആതിഥ്യം വീണ്ടും സ്വീകരിക്കുകയോ, അതോ ഏഴുമൈൽ മുന്നോട്ടു നടന്നുചെല്ലുകയോ? രണ്ടായാലും നനഞ്ഞുകുഴയും; അതുകൊണ്ട് മുന്നോട്ടുതന്നെ.

നാല്പതുവർഷത്തെ പര്യടനത്തിനിടയിൽ ഞാൻ ലോകത്തിൻെറ നാനാഭാഗങ്ങളിലും സഞ്ചരിച്ചിട്ടുണ്ട്—സിങ്കപ്പൂരിൽനിന്നും ജപ്പാനിലേയ്ക്കു പോകുന്നവഴിയിൽ കാലവർഷത്താലിളകിമറിഞ്ഞു കിടക്കുന്ന സമുദ്രം; ആമസോൺ നദീതീരത്തിലെ ഇരുണ്ട വനാന്തരങ്ങൾ; അതിശീതവാതം മാംസപേശികൾക്കിടയിൽക്കൂടി ചൂഴിഞ്ഞുകയറുന്ന തിബററിലെ ഉന്നതതടം. പക്ഷേ അന്നേദിവസംവരെ അത്തരം അസുഖകരമായ ഒരു വർഷപാതം ഞാൻ കണ്ടില്ല. ഞൊടിയിടയിൽ കടലും സമുദ്രവും കൺമുന്നിൽനിന്നു മറഞ്ഞു. മുമ്പിൽ കഷ്ടിച്ച് ഒരു വാരപോലും കാണാൻ കഴിയാതെ ഞാൻ തപ്പിത്തടഞ്ഞ് യാത്രതുടർന്നു.

ആരംഭിച്ചതുപോലെതന്നെ പെട്ടെന്ന് ആ മഴ അവസാനിച്ചു. ഏതായാലും നനയേണ്ടതു നനഞ്ഞു, ഇനിയും യാത്രതുടരുകതന്നെ എന്നു ഞാൻ നിശ്ചയിച്ചു. വഴിയരികിൽ ഒരു ജീർണ്ണിച്ച വീടു നില്ക്കുന്നതു കണ്ടിട്ടും അവിടെ കയറി വിശ്രമിക്കാമെന്ന വിചാരം എനിയ്ക്കു ഉണ്ടായില്ല.

ഒരു ഘനമേറിയ പുരുഷശബ്ദം എൻെറ പിന്നിൽ കേട്ടു.

'സാർ, അതിഭയങ്കരമായ രാത്രി. ഇടിയും മിന്നലും തീർന്നതുപോലെ തോന്നുന്നു എങ്കിലും യാത്രതുടരുന്നതു് അഭിലഷണീയമല്ല. ഇതാ, എൻെറ വീട്ടിൽ അല്പം വിശ്രമിയ്ക്കാം. ആ നനഞ്ഞ വസ്ത്രങ്ങൾ മാററുകയും ചെയ്യാം.'

'വേണ്ട, ഞാൻ നടക്കുകയാണ്.'

'സാറിൻെറ ഇഷ്ടംപോലെ' അയാൾ അലക്ഷ്യസ്വരത്തിൽ മറുപടിപറഞ്ഞു. കഴിഞ്ഞുപോയ കണ്ണഞ്ചിക്കുന്ന മിന്നലും കണ്ണുകഠോരമായ ഇടിയും എന്നെ അസ്വാസ്ഥനാക്കി 'സാറിൻെറ ഇഷ്ടംപോലെ' അയാൾ ആവർത്തിച്ചു. 'പക്ഷേ രാത്രി ഇവിടെ കഴിഞ്ഞുകൂട്ടുന്നതാണ് നല്ലത്.'

ഞാൻ ആലോചിച്ചു. ഈ രാത്രിയിൽ ഏഴുമൈൽ ദൂരം നടക്കുന്നതിൽനിന്ന് യാതൊരാനന്ദവും കിട്ടാനില്ല. എങ്കിലും അവാച്യവും അജ്ഞാതവുമായ എന്തോ 'നിൽക്കരുതു് വേഗം നടക്കണം' എന്ന് എന്നോട് മന്ത്രിച്ചു.

ഈർഷ്യകൊണ്ട് ഞാൻ ദേഹം ഒന്നു കുടഞ്ഞു. ഈ പ്രായത്തിൽ അപ്രതീക്ഷിതമായി ഒരാൾ എന്നോട് സംസാരിച്ചു എന്ന കാരണത്താൽ ഞാൻ ഭയപ്പെടുകയോ?

'ശരി നിങ്ങൾ പറഞ്ഞതുപോലെതന്നെ.'

ഒന്നും പറയാതെ അയാൾ എന്നെ വീട്ടിനകത്ത് കൊണ്ടുപോയി. മുററത്തുമുഴുവനും പുല്ലും തൊട്ടാവാടിയും പടർന്നുപിടിച്ചിരുന്നു. മഴത്തുള്ളികളുടെ ഭാരത്താൽ തലകുനിച്ചു നിന്നിരുന്ന വൃക്ഷശാഖാഗ്രങ്ങൾ ഞങ്ങളുടെ മുഖത്തു് തട്ടിമാറി.

വീട്ടിനകം കൂരിരുട്ടിലാണ്ടിരുന്നു. അയാൾ ഒരു വാതൽ തുറന്ന് അപ്രത്യക്ഷനായതുകണ്ട ഞാൻ അവിടെത്തന്നെ നിന്നു. അപ്പോഴുണ്ടായ മറെറാരു കൊള്ളിയുടെ സഹായത്താൽ എനിയ്ക്കു ആ മുറിയ്ക്കകം മുഴുവനും ഞൊടിയിടനേരം കാണാൻകഴിഞ്ഞു. അതിൻെറ മദ്ധ്യത്തിൽ തട്ടിൽനിന്നും ഒരു വിളക്ക് തൂക്കിയിട്ടിരുന്നതു് ചിലന്തിവലകൾകൊണ്ട് പൊതിഞ്ഞിരുന്നു. എവിടെ നോക്കിയാലും ചിലന്തിവല, അതിൻെറ ഒരു ഭാഗം എൻെറമുഖത്ത് ഉരുമ്മി. സംഭ്രാന്തനായി അവിടംവിട്ട് ഓടാൻ ഞാൻ തിരിഞ്ഞു. ഛേ! ഞാൻ ചിലന്തിവലകൊണ്ട് ഭയപ്പെടാൻ തുടങ്ങിയാലോ? ഒരുപക്ഷേ അയാൾ ഒരു പ്രത്യേകകാര്യത്തിൽ വ്യാപൃതനായി തനിച്ചുതാമസിക്കുകയായിരിക്കാം. പക്ഷേ ഈ നാററം അയാൾ എങ്ങിനെ സഹിക്കും? ആൾ താമസമില്ലാതെ ഒഴിഞ്ഞുകിടക്കുന്ന വീടുകളിൽ സാധാരണമായി ഉണ്ടാകാറുള്ള നാററം. ഇയാൾ എവിടെപ്പോയിരിക്കുന്നു? വിളക്കുകത്തിക്കാൻ ഇത്രതാമസമോ? ഈ നനഞ്ഞവസ്ത്രങ്ങളെല്ലാം ഒന്നുമാററിയെങ്കിൽ!

'അകത്തേയ്ക്കുവരാം' അയാൾ വാതിലിൽ നില്ക്കുകയായിരുന്നു. 'വിളക്കിൽ എണ്ണയില്ല. വെളിച്ചം വേണമെന്നു നിർബ്ബന്ധമാണെങ്കിൽ ആ പടിപ്പുറത്തിരിക്കുന്ന മെഴുകുതിരി കത്തിച്ചോളണം.'

അയാളുടെ അടുത്തവാചകം എന്നെവിസ്മയിപ്പിച്ചു. 'അവൾ—എൻെറ ഭാര്യ—വരുമ്പോൾ എണ്ണയുടെ കാര്യം ചോദിക്കണം. അക്കാര്യം അവൾ മറന്നുപോയതു് അക്രമമായിപ്പോയി.'

ഭാര്യ! വീടിനെ ഈ നിലയിൽ ഇട്ടിരിക്കുന്ന സ്ത്രീ ഏതുതരക്കാരിയായിരിക്കാം മററാരും ഇവിടെ ഇല്ലേ? എങ്ങിനായാലുമാകട്ടെ. ഞാൻ പാക്കററിൽ തീപ്പെട്ടി തപ്പി. ഭാഗ്യംകൊണ്ട് അത് സിഗറററുടിന്നിനകത്തായിരുന്നതിനാൽ നനവ് അതിനെ ബാധിച്ചിട്ടില്ലായിരുന്നു.

മെഴുകുതിരി കത്തിച്ചതിനുശേഷം എൻെറ ആതിഥേയൻെറ മുഖത്തു ഞാൻ സൂക്ഷിച്ചു നോക്കി. ക്ഷീണിച്ചു ചുക്കിച്ചുളിഞ്ഞ ഒരുമുഖം, അലക്ഷ്യമായി ഒതുക്കിവച്ചിരുന്ന തലമുടി ഇരുണ്ടപുരികങ്ങൾക്കടിയിൽ ജ്വലിച്ചുകൊണ്ടിരുന്ന നയനങ്ങൾ; അവ എന്നിൽ എരിഞ്ഞുകയറുന്നതുപോലെ തോന്നി.

അയാളുടെ ക്ഷണം സ്വീകരിച്ചതിൽ ഞാൻ പശ്ചാത്തപിച്ചു. അയാളുടെ ഓരോ പ്രവൃത്തിയിലും കണ്ട പ്രത്യേകത ഒരുഭ്രാന്തൻേറതായിരുന്നു. ഒരു ഭ്രാന്തനോടൊത്തു വിജനമായ ഒരു ഗൃഹത്തിൽ കഴിഞ്ഞുകൂട്ടുകയെന്നത് അഭിലഷണീയമായി തോന്നാൻ ഇടയില്ലല്ലോ. അപ്പോഴാണ് അയാളുടെ ഭാര്യയുടെ കാര്യം ഞാൻ ഓർമ്മിച്ചതു്. എൻെറ അസ്വാസ്ഥത കുറച്ചുമാറി.

'നിങ്ങൾ തനിച്ച് ഇവിടെ എങ്ങിനെ കഴിഞ്ഞുകൂടുന്നു?' ഞാൻ ചോദിച്ചു.

'തനിച്ചോ? 'അയാൾ പരുഷസ്വരത്തിൽ പറഞ്ഞു.' 'അവൾക്ക് കൂട്ടായി ഞാനില്ലേ? ഒരു സ്ത്രീക്ക് തൻെറ ഭർത്താവല്ലാതെ വേറെ കൂട്ടുവേണോ?'

'വേണ്ട വേണ്ട!' യാഥാർത്ഥ്യങ്ങളെമറച്ച് നയതന്ത്രരൂപത്തിൽ ഞാൻ പറഞ്ഞു. പരിശുദ്ധമായ വായു, നയനാനന്ദകരമായ കാഴ്ചകൾ—നിങ്ങൾ പറഞ്ഞതുപോലെ നനയാത്ത ഒരു മുണ്ടുകിട്ടിയാൽ കൊള്ളാമായിരുന്നു.'

ഉടുപ്പ് ഊരിഞാൻ കസേരയിൽ ഇട്ടു. അയാൾ എന്നോട് പുറംതിരിഞ്ഞ് ഇരിക്കുകയായിരുന്നു. എൻെറ അപേക്ഷ അയാൾ കേട്ടതായി തോന്നാഞ്ഞതിനാൽ ഞാൻ അതിനെ ആവർത്തിക്കാൻഭാവിച്ചു.

'എൻെറ ഭാര്യ അത്ഭുതപ്പെടുകയില്ലേ, സാർ? നാളെ വൈകുന്നേരമേ മടങ്ങിവരികയുള്ളു എന്നാണ് ഞാൻ അവളോട് പറഞ്ഞിരുന്നതു്.'

'തീർച്ചയായും!'

അയാൾ ഒന്നു മന്ദഹസിച്ച് വീണ്ടും തിരിഞ്ഞു ഹാളിലേക്കു നോക്കിഇരിപ്പായി.

കൊടുങ്കാററും മഴയും പൂർവ്വാധികം വർദ്ധിച്ചു. ആതിഥേയനിൽതന്നെ ദത്തദൃഷ്ടിയായിരുന്നതിനാൽ വാതിലിൽ ഒരു സ്ത്രീവന്നു നിന്നതു് ഞാൻ പെട്ടെന്നുകണ്ടില്ല. ഒരു കാൽപെരുമാററം കേട്ടാണു ഞാൻ അങ്ങോട്ടു തിരിഞ്ഞതു്. അവൾ സ്വഭർത്താവിനെ ഭയാക്രാന്തയായി നോക്കി: അവൾക്കു അയാളെക്കാൾ വളരെ പ്രായം കുറവായിരുന്നു. ഒരു ഗ്രാമീണ യുവതി.

'നിങ്ങൾ ഇത്രനേരത്തേ വരുമെന്നു ഞാൻ വിചാരിച്ചില്ല. യാത്ര സുഖമായിരുന്നല്ലോ?'

'വളരെ' അയാൾ പറഞ്ഞു. 'ഞാൻ ഇതാ എൻെറ പ്രിയപ്പെട്ട ഭാര്യയുടെ അടുക്കലേയ്ക്കു് വേഗം മടങ്ങി എത്തിയിരിക്കുന്നു.'

അവൾ ഒന്നുരണ്ടടി മുന്നോട്ടു നീങ്ങി.

'വിളക്കിൽ എണ്ണ ഒട്ടുമില്ല തങ്കം' പ്രണയമസൃണമായ സ്വരത്തിൽ അയാൾ പറഞ്ഞു. 'ജോലിത്തിരക്കുകൊണ്ടാണോ അതു മറന്നുപോയതു്?'

'ഞാൻ പോയി എണ്ണകൊണ്ടുവരാം' അവൾ പെട്ടെന്ന് പോകാൻ ഭാവിച്ചതു കണ്ട് അയാൾ അവളുടെ കയ്യിൽ കടന്നുപിടിച്ചു.

'വേണ്ട, നമുക്ക് ഇവിടെ ഇരുട്ടത്തു് കാത്തിരിക്കാം തങ്കം.'

'ആരെ കാത്തിരിക്കാനാണ്?',

അയാൾ ചിരിച്ചു. പരിഹാസസ്വരത്തിലുള്ള ഒരു ചിരി. 'തങ്കം എനിയ്ക്കു ഒരുമ്മതരുകയില്ലേ? എത്രനേരമായി നീ എന്നെ ചുംബിച്ചിട്ട്!'

അയാൾ അവളെ കയ്യിലെടുത്തു് ചുംബിച്ചു. താൻ ഏററവും വെറുത്തിരുന്ന ഒരു പരിരംഭണത്തിൽനിന്ന് ഒഴിഞ്ഞുമാറാൻ അവൾ ശ്രമിച്ചില്ലേ എന്ന് എനിയ്ക്കു തോന്നി. വാസ്തവത്തിൽ സംഭവങ്ങളെല്ലാം എന്നെ വല്ലാതെ കുഴക്കി. അയാൾ എൻെറ സാന്നിദ്ധ്യം തീരെ വിസ്മരിച്ചതായും അവൾ എന്നെ കണ്ടതേയില്ല എന്നും ഉള്ള ഒരു പ്രതീതി എന്നിൽ ഉളവായി. ഒരു പ്രത്യേകമിഥുനം; ഒരു പ്രത്യേകഗൃഹം, സംശയമില്ല. ആ ചിലന്തിവലകൾ; എനിയ്ക്കു് അതു മറക്കാൻ കഴിഞ്ഞില്ല.

'ഞാൻപോയി വിളക്കുകൊളുത്തികൊണ്ടുവരട്ടേ? മെഴുകുതിരിയ്ക്കു് വെളിച്ചം കുറവായിരിയ്ക്കുന്നു.' അവൾ സാവധാനത്തിൽ പറഞ്ഞു.

'ആ വെളിച്ചംമതി. എൻെറ അടുത്തു വന്നിരുന്ന് വല്ലതും സംസാരിക്കു'.

(ശേഷം നാലാംപേജിൽ)

ഹോസിയറി ഷർട്ടുകൾ


ഉഷ്ണകാലത്തു് ധരിക്കുവാൻ പററിയതായ ഹോസിയറി ഷർട്ട്സ് ബനിയൻസ് മുതലായതിനുള്ള നിങ്ങളുടെ മൊത്തമായ ആവശ്യങ്ങൾക്ക് താഴെപ്പറയുന്ന കമ്പനിക്കാരെ സമീപിക്കുക.

വി. ദാസ് & കമ്പനി,
കാംഞ്ഞാർ,
കണ്ണൂർ (മലബാർ)

BEN-HUR
Stationery Products

Envelopes, Writing Pads,
Note Papers & Files
etc. etc.

Sole Distributor &
Stockist:-
M. J. Fernandez,
"Jasmin Home"
Tuticorin.



48-മണിക്കൂർനേരം തുടർച്ചയായി നീണ്ടുനിന്നതും മിനിട്ടിനൊരുമൈൽ വേഗതയുണ്ടായിരുന്നതുമായ ഒരു ഹിമവാതം ഇംഗ്ലണ്ടിൻെറ ഉത്തരഭാഗത്തുള്ള അനേകം റോഡുകളിലെ ഗതാഗതത്തെ സ്തംഭിപ്പിക്കുകയുണ്ടായി. മഞ്ഞു നീക്കുന്നതിനുള്ള യന്ത്രക്കലപ്പകളുപയോഗിച്ചാണ് റോഡുകൾ വീണ്ടും ഗതാഗതയോഗ്യമാക്കിയതു്.

(മൂന്നാംപേജിൽനിന്നും തുടർച്ച)

അയാൾ അവളെ തന്റെ സമീപത്തു പിടിച്ചിരുത്തി. ഇതിനിടയ്ക്കെല്ലാം അയാൾ അവളെ ഏറെകണ്ണിട്ടു നോക്കുകയും അവൾ ഏതോ സംഭവത്തെ കാത്തിരിക്കുന്നതുപോലെയും തോന്നി.

അടുത്ത മുറിയിൽ ഒരു കതക് അടയുന്ന ശബ്ദം കേട്ടു.

'എന്താ അതു്?' അവൾപെട്ടെന്നു് എഴുന്നേററു. അയാൾ അവളെ വീണ്ടും പിടിച്ചിരുത്തി.

'കാററുകൊണ്ടു് കതക് അടഞ്ഞതായിരിക്കാം തങ്കം. നാമല്ലാതെ വേറെയാരും ഇവിടെയില്ലല്ലോ.'

'ഞാൻ പോയി കതകും ജനലുമെല്ലാം നേരെ അടച്ചിട്ടു വരാം. ഈ കൊടുങ്കാററു കണ്ടിട്ടു് എനിയ്ക്കു് ഭയമാകുന്നു'.

'അതുകൊണ്ടാണു് തങ്കം ഞാൻ വേഗം മടങ്ങിവന്നതു്. നന്നെ തനിച്ചു് ഇവിടെ കഴിഞ്ഞുകൂടാൻ അനുവദിക്കുന്നതു് മഹാപാപമായി എനിക്കു തോന്നി.'

'അയാൾ ചിരിച്ചു.' ഞാൻ പറഞ്ഞു, ഞാൻ ഇന്നു മടങ്ങിവരികയില്ലെന്നാണു് അവളുടെ വിചാരം. അതുകൊണ്ടു് എനിയ്ക്കു് "ഇന്നുതന്നെ വീട്ടിലെത്തണം' ഞാൻ ചെയ്തതു തെററായിപ്പോയി തങ്കം?'

'ഇല്ല. ഞാൻപോയി പായും പുതപ്പും എടുത്തുകൊണ്ടുവരാം എനിയ്ക്കു തണുക്കുന്നു.'

അവൾ എഴുന്നേൽക്കാൻ ഭാവിച്ചു. അയാൾ വീണ്ടും തടുത്തു. അവളുടെ മുഖം വിളറി, അവൾ വാതലിലേയ്ക്കു് തുറിച്ചു നോക്കുകയായിരുന്നു.

'എന്റെ തങ്കം! എന്റെ ഓമന! എന്റെ സന്തതസഹധർമ്മിണി! പ്രാണനേക്കാൾ എന്നെ സ്നേഹിക്കുന്ന എന്റെ ഓമന! ഇന്നുതന്നെ തിരിയെ വരാൻ എനിയ്ക്കു തോന്നിയതു് മഹാഭാഗ്യമായി.'

അയാൾ അവളെ എടുത്തു് എന്റെ സമീപത്തുകൂടി മുറിയുടെ കോണിലേയ്ക്കു് കൊണ്ടുപോയി. എനിയ്ക്കു് അവരെ തൊടാൻ കഴിയുമായിരുന്നു; പക്ഷെ ഞാൻ നഷ്ടചേഷ്ടനായിപ്പോയി. എന്താണു് സംഭവിക്കാൻ പോകുന്നതു് എന്നറിയാമായിരുന്നിട്ടും ദയനീയാവസ്ഥയിലായിരുന്ന ആ പെൺകുട്ടിയേയും ക്രൂരനായ അവളുടെ ഭർത്താവിനേയും നിർന്നിമേഷനായി നോക്കാൻ മാത്രമേ എനിയ്ക്കു കഴിവുണ്ടായിരുന്നുള്ളു. അങ്ങിനെ, ഞങ്ങൾ മുററത്തു കേട്ടുതുടങ്ങിയ കാൽ പെരുമാററം ശ്രദ്ധിച്ചുകൊണ്ടു് കാത്തിരുന്നു.

രണ്ടു പ്രാവശ്യം ഞാൻ ശ്രമിച്ചുനോക്കി എന്തെങ്കിലും ശബ്ദം പുറപ്പെടുവിക്കാൻ, ഉച്ചത്തിൽ മുറവിളികൂട്ടാൻ, ആ ശ്രമം നിഷ്ഫലമായി. ദുസ്സ്വപ്നങ്ങൾകാണുമ്പോൾ ഉച്ചത്തിൽ വിളിച്ചുകൂവിയാലും ശബ്ദം പുറത്തുകേൾക്കാത്തതുപോലെയും, അതിശീഘ്രം ഓടിയിട്ടും നിന്നിടത്തുനിന്നു് അനങ്ങാത്തതുപോലെയും ഉള്ള അവസ്ഥയായിരുന്നു എന്റേതു്.

കാലടിയൊച്ച അടുത്തടുത്തു കേട്ടുതുടങ്ങി. അതാ, അതു് മുറിയ്ക്കകത്തായി. ഉത്തരക്ഷണത്തിൽ ഒരു യുവാവു് വാതിലിൽ വന്നുനിന്നു.

'ഭാനു, നീ എവിടെയാണു്?' അയാൾ മുന്നോട്ടുനീങ്ങി ചുററുപാടും നോക്കി. മന്ദഹസിച്ചുകൊണ്ടു് അയാൾ അവിടെ നിൽക്കവേതന്നെ കതകിന്റെ പുറകിലിരുന്ന എന്റെ ആതിഥേയൻ അയാളുടെ കഴുത്തിൽ പിടികൂടി. യുവാവു് പെട്ടെന്നു് തിരിഞ്ഞു.

'എടാ, നിന്റെ ഭാനു ഇതാ നില്ക്കുന്നു. നീ എന്തിനാണു് അവളെ അന്വേഷിക്കുന്നതു്?'

'ഹാ!' ശീഘ്രഗതിയിൽ ശ്വാസോച്ഛ്വാസംചെയ്തുകൊണ്ടു് യുവാവു് പറഞ്ഞു. 'താൻ പെട്ടെന്നു് തിരിയെ വന്നു അല്ലേ? തന്നെപ്പോലെയുള്ള നീചന്മാർ ചെയ്യുന്ന പ്രവൃത്തിതന്നെ അതു്.'

വാദി പ്രതിയാകുന്ന ഈ സമ്പ്രദായം കണ്ടു് ഞാൻ അറിയാതെ ചിരിച്ചുപോയി.

'ഒരു സ്ത്രീ മാത്രമുള്ള വീട്ടിൽ നിനക്കു് വരേണ്ട ആവശ്യം?' ഗംഭീരമായ ആ സ്വരം എന്നിൽ ഒരു വികാരം ഉളവാക്കി—ഭൂമിയോളം പഴക്കമുള്ള ആ കഥ ഇതാ ആവർത്തിക്കപ്പെടുന്നു! പക്ഷെ എന്റെ അനുഭാവമെല്ലാം തെററുകാരുടെ പക്ഷത്തായിരുന്നു.

'ഒരു തന്ത്രംകൊണ്ടു മാത്രമാണു് അവൾ നിന്റെ ഭാര്യയായതു്. അവൾ നിന്നെയല്ല, എന്നെയാണു് സ്നേഹിച്ചിരുന്നതു് എന്നു നിനക്കു് അറിഞ്ഞുകൂടേ?'

'എന്തായാലും എന്റെ ഭാര്യയാണവൾ. നീ എന്തിനു് ഈ രാത്രിയിൽ ഇവിടെവന്നു, അതിനുത്തരം പറ?'

'ഈ കൊടുമഴയത്തു് ഞങ്ങൾ വെളിയിൽ നില്ക്കുമെന്നാണോ നീ വിചാരിച്ചതു്?'.

ഈ ശകാരപാടുകളിൽ ഒരന്യന് യാതൊരു സ്ഥാനവുമില്ല. എന്റെ സ്വന്തം ചിന്താഗതിയെ അനുസരിച്ചായിരുന്നു എങ്കിൽ ഞാൻ അപ്പോൾതന്നെ അവിടെനിന്നും പായ കടക്കുമായിരുന്നു. കാററും മഴയും ഏററെങ്കിലും ഞാൻ ഈ ദുരവസ്ഥയിൽനിന്നു് രക്ഷനേടുമായിരുന്നു. പക്ഷെ അവളുടെ ദയനീയമായ നോട്ടം എന്റെ ഉദ്യമത്തിനു പൂർണ്ണവിരാമമിട്ടു.

അപ്പോഴാണു് എന്റെ ആതിഥേയൻ ഉറക്കെ ചിരിച്ചതു്—അവിടമെങ്ങും മാറൊലികൊണ്ടു അവസാനമില്ലാത്ത ഒരു ചിരി. അയാൾ ഭ്രാന്തനായിപ്പോയി. ഒരു ഭ്രാന്തന്റെ ചിരി കേൾക്കാൻ ഏററവും ഭയാനകമാണുതാനും!

'മിസ്റ്റർ, സംഗതികൾ പരസ്പരം പറഞ്ഞൊതുക്കുന്നതു് ഏററവും നല്ലതാണെന്നു് എനിക്കു തോന്നുന്നു.

എന്റെ അഭിപ്രായം അയാൾ കേട്ടില്ല. തന്റെ അനിയന്ത്രിതമായ രോഷമൊഴികെ മറെറല്ലാററിനും അയാൾ അന്ധനായിരുന്നു. അയാൾ പെട്ടെന്നു് ആ യുവാവിന്റെ നേർക്കു കുതിച്ചു് അയാളുടെ കണ്ഠത്തെ ഞെരിച്ചുതുടങ്ങി.

'നിനക്കു് അവളെ വിവാഹം ചെയ്യാനായി എന്റെ ബന്ധം വേർപ്പെടുത്തണം അല്ലേ? വിവാഹമോചനത്തിനേക്കാൾ ഒരെളുപ്പവഴി ഞാൻ കണ്ടുവച്ചിട്ടുണ്ടു്'

യുവാവിന്റെ മുഷ്ടി ആ ചെകുത്താന്റെ മുഖത്തു് ശക്തിയോടുകൂടി പതിച്ചു. ആ മല്ലയുദ്ധത്തിൽ യുവാവിനു് വിജയം സിദ്ധിക്കാനിടയില്ലെന്നു് എനിയ്ക്കുതോന്നി. ക്രമേണ അയാൾ ക്ഷീണിച്ചു. പെട്ടെന്നു് എനിയ്ക്കു് മനസ്സിലായി എന്റെ കൺമുന്നിൽ ഒരു കൊല നടക്കാൻ പോകുകയാണെന്നു്.

പ്രവർത്തിക്കാനുള്ള ശക്തി എങ്ങിനെയോ ഉണ്ടാകുകയാൽ മുന്നോട്ടു് ആഞ്ഞ ഞാൻ ഒരു ദൃഢനിശ്ചയത്തോടുകൂടി ആ പെൺകുട്ടി ചാടുന്നതുകണ്ടു് വീണ്ടും ചലനരഹിതനായി നിലകൊണ്ടു. അവൾക്കു് ഉണ്ടായിരുന്നതായി വിചാരിക്കാൻ നിവൃത്തിയില്ലാത്ത ശക്തിയോടുകൂടി അവൾ സ്വഭർത്താവിന്റെ കാലുകളെ ബലമായി പിടിച്ചു് നിലത്തുനിന്നും പൊക്കി തന്നിമിത്തം പ്രതിയോഗികൾ രണ്ടും നിലംപതിച്ചു.

ഞൊടിയിടകൊണ്ടു് സകലതും കഴിഞ്ഞു. ഒരു കഠാരി അന്തരീക്ഷത്തിൽ മിന്നി താഴോട്ടുപതിഞ്ഞു. ആ ഭ്രാന്തൻ എഴുന്നേററപ്പോൾ ഹൃദയത്തിന്റെ മുകളിൽ പൊന്തിനിന്ന കഠാരിയുടെ പിടിയുമായി യുവാവു് നിശ്ചേഷ്ടനായി കിടക്കുന്നു.

ആ ഭ്രാന്തൻ വീണ്ടും ചിരിച്ചു. ഭാനു യുവാവിന്റെ മൃതശരീരം മടിയിൽവച്ചു് അയാളുടെ മുഖം സന്താപാശ്രുക്കളാൽ കഴുകി. അതുകണ്ടപ്പോൾ ഭ്രാന്തന്റെ മുഖം പൈശാചികമായി. അവളെ അ

(ശേഷം ഒൻപതാംപേജിൽ)



Ad. No. S. 7.

കാനകജൂബിലി പ്രശസ്തിപരമായ പ്രസിദ്ധീകരണംകൊണ്ടു പ്രഖ്യാതമായ വിദ്യാഭിവർദ്ധിനിയുടെ ആ പാരമ്പര്യത്തിൽനിന്നു പ്രാദുർഭവിച്ചിട്ടുള്ള ഇക്കൊല്ലത്തെ വാർഷികവിശേഷാൽപ്രതി അഭിനവപ്രകാശത്താൽ നമ്മെ അനുഗ്രഹിച്ചുകൊള്ളുന്നു. ഒരു കോദണ്ഡപാണിയുടെ ചിത്രം മുഖത്തണച്ചും, ലഫ്റ്റനന്റ ജനറൽ എന്ന നിലയിൽ സചിവോത്തമ ചിത്രത്തെ അന്തർഭാഗത്തു ചേർത്തും യുദ്ധാനന്തരപരിതഃസ്ഥിതിയിലെ തന്റെ ജന്മകാലത്തെ പ്രത്യക്ഷപ്പെടുത്തുന്നതു് ഈ വിശേഷാൽപ്രതിയെ വിശേഷവിധിയാക്കി മാററുന്നുണ്ടു്. പല പ്രകൃതിമനോഹരമായ ചിത്രങ്ങൾക്കും ഇതിൽ സ്ഥാനമനുവദിച്ചിട്ടുണ്ടു്. പക്ഷേ, അവയെ സംബന്ധിച്ചു ഒരു വിവരവും തരാൻ ഈ പ്രസിദ്ധീകരണത്തിനു കഴിയാതെപോയി. ശ്രീപത്മനാഭസ്വാമിക്ഷേത്രത്തിന്റെ അടിക്കല്ലിൽപോലും ഇംഗ്ലീഷ് ലിപിയാക്കിയതു് മാതൃഭാഷാപ്രണയികൾക്കു് രസിക്കാതെ വന്നേക്കാം.

൪൪ ഗദ്യപദ്യാത്മകങ്ങളായ ലേഖനോപഹാരങ്ങൾ, സുപ്രസിദ്ധസാഹിത്യകാരന്മാരുടെ ആത്മസംഭാവനകളായി ഇതിനെ അലങ്കരിക്കുന്നു. മാതൃഭൂമിയെ സംബന്ധിച്ച വള്ളത്തോൾ മഹാകവിയുടെ വൈദികപ്രാർത്ഥനയോടുകൂടി ഇതാരംഭിക്കുന്നു. ശ്രുതിമനോഹരവും നവരസരുചിരവുമായ വള്ളത്തോൾഗാനങ്ങൾ ധനാശിപാടിത്തുടങ്ങിയതു മുതൽക്കുള്ള സ്വരഭേദം ഇതിൽ കുറെക്കൂടി തെളിഞ്ഞു

(പന്ത്രണ്ടാംപേജിൽനിന്നും തുടർച്ച)

ലെത്തി. അവർക്കു നല്കിയ സ്വീകരണത്തിൽ ഒരുലക്ഷത്തിഅമ്പതിനായിരത്തോളം ജപ്പാൻകാർ സംബന്ധിച്ചിരുന്നു. ജപ്പാൻ അയൽരാജ്യമായ ചൈനയുടെനേരെകൈക്കൊണ്ട മർദ്ദനത്തെ രൂക്ഷമായിവിമർശിക്കുവാൻ സോഷ്യലിസ്റ്റായ കമലാദേവി ഒട്ടുംതന്നെ മടിച്ചില്ല. ഇതല്ലാം അസ്വസ്ഥതകളുണ്ടാക്കിയെങ്കിലും, ജപ്പാന്റെ അനുഭാവം സമ്പാദിക്കുവാൻ അവർക്കു കഴിഞ്ഞു.

അടുത്തതായി അവർ ചൈന സന്ദർശിച്ചു. ഹാങ്കോങ്ങിൽ (Hong Kong) വച്ചു് ബ്രിട്ടീഷ്പോലീസ് അവരെ അറസ്റ്റുചെയ്തു് തടവിലാക്കി. സ്വതന്ത്രചൈനയുടെ നേതാവായ മാർഷൽ ചിയാങ്ങ്കൈഷക്കിന്റെ സ്വാധീനശക്തിയാൽ അവർ ബന്ധനവിമുക്തയായി. ചൈനയിലെ കമ്മ്യൂണിസ്റ്റ്നേതാവായ 'വാങ്ങ്-ചങ്ങ്-വായ്'യേയും കമലാദേവി സന്ദർശിച്ചു.

IV

൧൯൪൪-ൽ അഖിലേന്ത്യാ വനിതാ കാൺഫറൻസിന്റെ അദ്ധ്യക്ഷയായി വീണ്ടും അവർ തിരഞ്ഞെടുക്കപ്പെട്ടു. ൧൯൪൬-ൽ പണ്ഡിതജി പുതിയ പ്രവർത്തകസമിതി രൂപീകരിച്ചപ്പോൾ കമലാദേവിയെക്കൂടി ഉൾപ്പെടുത്തിയതിനാൽ അവർക്കു് പ്രസിഡന്റുസ്ഥാനം രാജിവയ്ക്കേണ്ടിവന്നു.

കാൺഗ്രസ്സ് സോഷ്യലിസ്റ്റുപാർട്ടി പ്രവർത്തകസമിതിയിൽ ചേരുന്നതിനു വിപരീതമായിരുന്നു. എന്നാൽ പണ്ഡിതജിയുടെ പ്രത്യേകനിർദ്ദേശപ്രകാരം, സോഷ്യലിസ്റ്റുപാർട്ടി, പ്രവർത്തകസമിതി അംഗമായിരുന്നുകൊള്ളുവാൻ കമലാദേവിക്കു് അനുവാദംനൽകി.

കമലാദേവി ഒരു അപൂർവ്വസൃഷ്ടിയാണു്. അന്ധമായ യാഥാസ്ഥിതികത്വം, പുരുഷപ്രാബല്യം പൊട്ടിച്ചെറിഞ്ഞു. പുരോഗമനാകാംക്ഷിയായ ബാലിക, സേവനാദർശത്താൽ പ്രചോദിതമായ, പുനർവിവാഹം സ്വീകരിച്ച, കർമ്മനിരതയായ യുവതി, അനുരാഗത്തിനുവേണ്ടി, സമുദായനീതി അതിലംഘിച്ചു്, വിവാഹബന്ധത്തിലേർപ്പെട്ട ആദർശവനിതയായ ഭാര്യ, സ്വാതന്ത്ര്യത്തിനുവേണ്ടി ജീവനെപ്പോലും ബലികഴിക്കുവാൻ തയാറുള്ള ഒരു യഥാർത്ഥസ്വാതന്ത്ര്യപ്രേമി— അതാണു് കമലാദേവിചതോപാദ്ധ്യായ. ശ്രീമതി സത്യവതീദേവി ഒരിക്കൽ പറയുകയുണ്ടായി 'ഭാരതീയസ്ത്രീത്വത്തിന്റെ മൂർത്തീകരണമാണു് കമലാദേവി' എന്നു്. അതൊട്ടും അതിശയോക്തിയല്ലെന്നു് കമലാദേവിതന്നെ തെളിയിച്ചിട്ടുണ്ടു്.

—o—

ഗ്രന്ഥവിഹാരം

# വിദ്യാഭിവർദ്ധിനി

## വാർഷിക വിശേഷാൽപ്രതി ൧൯൪൭

വില ത്രു ഫൽ

വി. വി. പ്രസ്സ് കൊല്ലം.

കോലാക്കാം.

ശ്രീ: പുത്തേഴത്തു രാമമേനോന്റെ വിവാഹസമ്മാനമാണു ഗദ്യലേഖനങ്ങളിൽ ഒന്നാംപന്തി പിടിച്ചുനിൽക്കുന്നതു്. അദ്ദേഹത്തിന്റെ ഫലിതരസികതയിൽ പെട്ടു ഇന്നത്തെ വിവാഹച്ചടങ്ങു് കാണേണ്ട ഒരു കാഴ്ചയായി തീർന്നിട്ടുണ്ടു്. വധൂവരന്മാരെ പിടിച്ചിരുത്തി; മംഗളപത്രം പാടി പൊലിവുനടത്തിക്കുന്ന ഇന്നത്തെ വിവാഹച്ചടങ്ങു്, ഇന്നത്തെ മംഗളപത്രഭ്രമക്കാരും 'വധൂവരന്മാർക്കു് അനേകം വിലപിടിപ്പുള്ള സമ്മാനങ്ങൾ' എന്നു അതിനനിറംകൊടുക്കുന്ന റിപ്പോർട്ടറന്മാരും, നമ്മുടെ സമുദായപരിഷ്കർത്താക്കളും ആ ലേഖനം ഒന്നു വായിക്കണമെന്നു ശുപാർശ ചെയ്യാൻ തോന്നിപ്പോകുന്നു. അത്രമാത്രം അതു ആസ്വാദ്യവും അത്യന്താപേക്ഷിതവുമായിട്ടുണ്ടു്. ശ്രീ ജീ. ശങ്കരക്കുറുപ്പിന്റെ ഒവറം കക്ക എന്ന കവിത ഒരു വലവീശലാണു്. അതു് അദ്ദേഹം "ഗംനധാരയാൽ സ്വയം നെയ്തവലയാണു്." ആ വല കവി വീശുന്നതോടുകൂടി പൊങ്ങിപ്പോകുന്നു. പണ്ടു നളമഹാരാജാവു വലവച്ചപോലെ മേല്പോട്ടു പൊയ്പോയ ജീയുടെ വല ഉയർന്നുയർന്നു സൗരയൂഥത്തിൽ മിന്നിത്തിളങ്ങിയ വെള്ളിത്താരത്തെ (പെരുമീനാണെന്നു പാഠത്തിലുന്നെങ്കിൽ കുറച്ചുകൂടി ഔചിത്യമാകുമായിരുന്നില്ലെ എന്നു സംശയം) യും കൊണ്ടു പോരുന്നു. ആ, വെള്ളിത്താരത്തെ കക്കയാണെന്നു വർണിക്കുന്ന വിദഗ്ദ്ധദൃഷ്ടിയെപ്പറ്റി എന്തു പറയാനാണു്. ശ്രീ. ശങ്കരക്കുറുപ്പവർകളുടെ കവിതകളുള്ള ശബ്ദാർത്ഥാലങ്കാരവൈചിത്ര്യവും നവോല്ലേഖവൈദഗ്ദ്ധ്യവും ഇതിൽ സവിശേഷം പ്രതിഫലിച്ചുകാണുന്നുണ്ടു്.

മലയാളത്തിലും ഇംഗ്ലീഷിലും ഉണ്ടായി

ക്കൊണ്ടിരിക്കുന്ന ഗ്രന്ഥപെരുപ്പത്തെപ്പററി ശ്രീ. ഗുപ്തൻനായർക്കു ചിന്തിക്കേണ്ടിവന്നു. കൈരളിയുടെ സൂകരപ്രസവം കണ്ടു് അസ്വസ്ഥമാകുന്ന മി. നായർ സന്താനനിയന്ത്രണത്തിനു "കാലമായ് കാലമായ്"എന്നു ഇതിൽനിന്നും വിളിച്ചറിയിക്കുന്നു. ശ്രീ:ശൂരനാട്ടു കുഞ്ഞൻപിള്ള അവർകളുടെ കണ്ണകീപ്രതിഷ്ഠ, അഷ്ടബന്ധകലശത്തോടുകൂടി സമർപ്പണംചെയ്തിട്ടില്ലെങ്കിലും ചരിത്രപഠിതാക്കളുടെ ഗവേഷണദൃഷ്ടിയെ ഉന്മേഷവത്താക്കാൻ സഹായിക്കുന്നതാണു്. ശ്രീ. നാലാങ്കൽ മരണം മധുരതരമാണെന്നു വരുത്തുവാനുള്ള അഭിപ്രായംമാത്രമേ ഉദ്ധരിക്കുന്നുള്ളു; അതിലേക്കു ചെന്നുചാടാൻ തുടങ്ങിയ ചില മഹാന്മാരുടെ. ടാഗോർകൃതിയെ വിവർത്തനംചെയ്യുകയാണെന്ന ശ്രീ. ചങ്ങമ്പുഴ കവിത

അവിടത്തെച്ചെന്താർമൊട്ടുകൾപോൽ
അതിലോലമാകമിക്കൈത്തലങ്ങൾ

എന്നും

അവിടത്തെ തൃക്കാൽത്തളിരടികൾഎന്നും പ്രയോഗിക്കുന്നതിൽ ചങ്ങമ്പുഴയുടെ കൃസലില്ലായ്മ ഇതിലും കുതിർന്നിരിക്കുന്നു. ഗൃഹസ്ഥാശ്രമത്തിൽ പ്രവേശിച്ചിരിക്കുന്ന ശ്രീ. എം. പി. അപ്പന്റെ ഭാവനകൾആനന്ദവൃത്തത്തിൽ അനുഭൂതികൊള്ളുന്നു. ഫലിതത്തിന്റെ പശ്ചാത്തലത്തെ പരാമർശിച്ചുകൊണ്ടു മി. പി. കെ. പരമേശ്വരൻനായർ ചെയ്യുന്ന വിചാരം ഉചിതപ്രൗഢമാണെന്നുവേണം പറയുവാൻ. പരിഹാരംപരിശുദ്ധമായ ഒരുമനോഭാവത്തിന്റെഫലമല്ലെന്നുള്ള സംഗതി വിസ്മരിക്കത്തക്കതല്ല'എന്നും അദ്ദേഹം അതിൽ നിർഭയംസമർത്ഥിക്കുന്നുണ്ടു്. ശ്രീ. സീ. ജി. കേശവൻ ബി. ഏ. ബി. എൽന്റെവയോ

(ശേഷം എട്ടാംപേജിൽ)



# എന്തിന് മുറിപറ്റിയ കുട്ടിയെ കരയിക്കുന്നു!

എന്തിനു് മുറിപററിയ കുട്ടിയെ കരയിക്കുന്നു, വേദനയും നീററലുമുണ്ടാക്കുന്ന ടിങ്ങ്ചർഅയോഡീൻ മുതലായ മരുന്നുകൾ പുരട്ടി? വേദനിപ്പിക്കാത്തതും ക്ഷണത്തിൽ മുറിവു് ചതവു് മുതലായവയെ സുഖപ്പെടുത്തുന്നതും, അണുബാധയെ തടയുന്നതുമായ

"സിൻേറാൾഡെർമൽപൌഡർ"

ഉപയോഗിക്കുവിൻ!

ഈ ഉത്തമൌഷധം വേദനിപ്പിക്കാത്തതും കറയില്ലാത്തതുമാകുന്നു.

സിന്റോൾഡെർമൽപൌഡർ ചൊറി, ചിരങ്ങു് കുരു, ഉഷ്ണം കൊണ്ടുണ്ടാകുന്ന ത്വക്‌രോഗങ്ങൾ എന്നിവയ്ക്കു അത്യുത്തമമാകുന്നു.

എല്ലാ മരുന്നുഷാപ്പുകളിൽനിന്നും കിട്ടുന്നതാണു്.

ഉടൻ

## സിന്റോൾ ഡെർമൽ പൌഡർ

വാങ്ങി സൂക്ഷിപ്പിൻ—

സിന്തെറ്റിക്ക് (ഇൻഡ്യാ) ലിമിറ്റഡ്.

ബോംബെ 7 ലണ്ടൻആഫീസ് 128-129,
ചീപ്പ്സൈഡ് ലണ്ടൻ E. C. 2.



മദ്രാസ് പ്രസിഡൻസിയിലെ വിതരണക്കാർ:—

മെസേഴ്സ്. ഓറിയന്റൽമർക്കന്റയിൽ ഏജൻസി
99-ഏ. അർമീനിയൻസ്ട്രീറ്റ്, മദ്രാസ്.

# ഉത്സവം

തെക്കുംഭാഗം ശ്രീ: പനയ്ക്കത്തോടി ഭഗവതിക്ഷേത്രത്തിൽ 122 മേടം 15-ാംനു- മാലിബ്ഭാഗം കരക്കാർ നടത്തുന്ന

## 7-ാം ഉത്സവപരിപാടി

രാവിലെ 5½ മണിക്കു് കളകാഭിഷേകം, 6 മണിക്കു് ഉഷഃപൂജ, 7 മു. 8 വ. വിളക്കു്, 9 മു. 10. വ. ഓട്ടൻതുള്ളൽ, വൈകിട്ടു് 4 മു. 6 വ. കാഴ്ചശ്ശീവേലി, രാത്രി 6 മു. 7 വ. ഓട്ടംതുള്ളൽ, 7½ മു. 12½ വ. സേവ. (നാദസ്വരം മെ. മാന്നാർ ബ്രദേഴ്സ് & പാർട്ടി, മാവേലിക്കര ബ്രദേഴ്സ് & പാർട്ടി), 1 മു. 2 വ. വിളക്കെടുപ്പു്, 2½ മു. 4½ വ. കഥകളി (വെയ്ക്കം ഗോപാലപിള്ള & പാർട്ടി), വിശിഷ്യം ചമയവിളക്കു് ആഘോഷവും ആറാട്ടുദിനമായ 18-ാംതീയതി ടി കരക്കാരുടെ വകയായി കുതിരകെട്ടു തുടങ്ങിയുള്ള ചടങ്ങുകളും ഉണ്ടായിരിക്കുന്നതാണു്.

എന്നു്.
കൺവീനർ ഉത്സവക്കമ്മററി
മാലിബ്ഭാഗം.

## ടാക്കീസ്

കൊല്ലം S. M. P. പാലസ്സിൽ

ഇന്നുമുതൽ (24-4-47) രാഗിണി, മജ്നു് മുതലായവർ അഭിനയിച്ചതും കർണ്ണാനന്ദകരമായ സംഗീതങ്ങൾ കൊണ്ടു നിറഞ്ഞതും മലയാളവ്യാഖ്യാനത്തോടുകൂടിയതുമായ

**നിഷാനി**

എന്നഉത്തമസാമുദായികഹിന്ദിചിത്രം

കൊല്ലം ബേബിടാക്കീസിൽ

ജെൻലിയോൺ, ആനിക്രാഫോർഡ് അഭിനയിച്ച

**ഇരുളടഞ്ഞ മേട**

ഭയങ്കര സക്സസ്ചിത്രം

കൊല്ലം ലക്ഷ്മിടാക്കിസിൽ

ററി. ആർ. മഹാലിംഗം, ബി. ആർ. പന്തലു, കെ. ശാരംഗപാണി മുതലായവർ അഭിനയിച്ച

**നാം ഇരുവർ**

WE TWO

ചവറ കെ. സി. ടാക്കിസിൽ

വി. എ. ചെല്ലപ്പാ, എം. ആർ. സന്താനലക്ഷ്മി, ഒൊരരാജ്, കാളി എൻ രത്നം അഭിനയിച്ച

**തമിഴറിയും പെരുമാൾ**

എന്ന തമിഴ് ചിത്രം

കരുനാഗപ്പള്ളി
ശ്രീ വിദ്യാധിരാജ് ടാക്കീസ്സിൽ

മിസ്സ് സുലോചന, ഡി. ബില്ലിമോറിയ, മസ്സും ഇറാനി, ഗോഹർ-ഫാദി, ഗോഹരി ഇവരഭിനയിച്ച

**മായമുരളി**

മായാതന്ത്രചിത്രം

ആലപ്പുഴ ശ്രീകൃഷ്ണാടാക്കിസിൽ

ററി. ആർ. രാജകുമാരി, ഹൊന്നപ്പാഭാഗവതർ, എൻ. എസ്സ്. കൃഷ്ണൻ, ററി. എ. മധുരം നടിച്ച

**-- പ്രഭാവതി —**

അമ്പലപ്പുഴ ഗോപിടാക്കീസിൽ

ത്യാഗരാജഭാഗവതർ, രാജകുമാരി, വസന്തകോകിലം, കൃഷ്ണൻ, മധുരം അഭിനയിച്ച

**— ഹരിദാസ് —**

എന്ന ചിത്രം.

# ഐക്യകേരള മഹാസമ്മേളനം

## രാജ്യനന്മയെക്കരുതി രാജാക്കന്മാർ വ്യവസ്ഥാപിത ഭരണാധികാരികളായിരിക്കണം

"ഒരു ഭാരതീയനെന്നു വിളിക്കപ്പെടുന്നതിനുള്ള അവകാശം തനിയ്ക്കു നഷ്ടമായിരിക്കുന്നുവെന്നു് ഒരു കൊച്ചിക്കാരനു് വിഷാദംചേക്കുന്ന ഒരു സന്ദർഭം എന്റെ ഒരു വാക്കുകൊണ്ടോ ഒരു പ്രവൃത്തികൊണ്ടോ ഞാൻ സൃഷ്ടിക്കുകയില്ല"

### കൊച്ചിമഹാരാജാവു തിരുമനസ്സിലെ ഉൽഘാടനപ്രസംഗം—പൂർണ്ണരൂപം

(സ്വന്തം പ്രതിനിധി)

കേരളത്തിലെ മഹതീമഹാന്മാരെ,

നമ്മുടെ ഭാവിയെ സ്പർശിക്കുന്ന അതിമഹത്തായ പ്രമേയങ്ങൾ പര്യാലോചിച്ചു തീരുമാനിക്കുവാനാണല്ലോ നിങ്ങൾ ഇന്നിവിടെ സമ്മേളിച്ചിരിക്കുന്നതു്. ഗൗരവമേറിയ ഇന്നത്തെ ചില പ്രശ്നങ്ങളെക്കുറിച്ചു് എന്റെ അഭിപ്രായങ്ങൾ സ്വാഭാവികമായി നിങ്ങൾ പ്രതീക്ഷിക്കുന്നുണ്ടാകാം.



കേരളം ഒരു പ്രത്യേകപ്രോവിൻസായി രൂപവല്ക്കരിക്കപ്പെടണം എന്നു വാദിച്ചുകൊണ്ടും എന്റെ രാജ്യത്തിൽ വ്യവസ്ഥാപിതരാജാധിപത്യവും ഉത്തരവാദഭരണവും സംസ്ഥാപിക്കുന്നതിനുള്ള എന്റെ നിശ്ചയം പ്രഖ്യാപനംചെയ്തുകൊണ്ടും ൧൯൪൬ ജൂലായ് ൨൯-ാംനു ഞാൻ പുറപ്പെടുവിച്ചതായ സന്ദേശത്തിനു ലഭിച്ച സ്വീകരണത്തെ വിവിധവികാരങ്ങളോടുകൂടിയാണു് ഞാൻ നിരീക്ഷിച്ചുകൊണ്ടിരുന്നതു്. ആ സന്ദേശത്തിന്റെ നേക്കു് പ്രശംസയും വിമർശനങ്ങളുമുണ്ടായി; തെളിഞ്ഞതും മറഞ്ഞതുമുള്ള വിമർശനങ്ങൾ. ഞാൻ ഇതുവരെ മൗനമാചരിക്കുകയാണു ചെയ്തതു്; കാരണം, പ്രസംഗത്തിലല്ലാ പ്രവൃത്തിയിലാണു് ഞാൻ വിശ്വസിക്കുന്നതു്. എന്നാൽ, കേരളത്തിലെ ബഹുജനങ്ങളുടെ ഈ സമ്മേളനമഹാമഹം ഉൽഘാടനംചെയ്യണമെന്നു് എന്റെ നേക്കുണ്ടായ നിർബ്ബന്ധപൂർവ്വമായ അപേക്ഷമൂലം, എന്റെ മൗനം ലംഘിക്കുവാൻ ഞാൻ നിർബ്ബന്ധിതനായിത്തീർന്നിരിക്കുന്നു. പല രാജാക്കന്മാരും അവരുടെ അഭിപ്രായങ്ങൾ ഇതിനകം പരസ്യമായി പ്രകാശിപ്പിച്ചുകഴിഞ്ഞിട്ടുണ്ടു്. ഇന്നത്തെ നിരവധി പ്രധാന കാര്യങ്ങളുടെ നേക്കു് നാട്ടുരാജ്യങ്ങൾക്കുള്ള മനോഭാവത്തിൽ ഒരു വ്യതിചലനമാണു് ഈ അഭിപ്രായങ്ങൾ പ്രത്യക്ഷപ്പെടുത്തുന്നതു്. ഈ സാഹചര്യങ്ങളിൽ, ഞാൻ ഇനിയും മൗനംഭജിക്കുകയാണെങ്കിൽ അതു്, തെറ്റിദ്ധാരണകൾക്കും ഒരുപക്ഷേ എന്റെ അഭിപ്രായാഭിമതങ്ങളെക്കുറിച്ചു് അബദ്ധവ്യാഖ്യാനങ്ങൾക്കും വഴിനൽകിയേക്കാം. അതിനാൽ എന്റെ അഭിപ്രായങ്ങൾ വ്യക്തമായി പ്രകാശിപ്പിക്കേണ്ടതു് എന്റെ ഒരു കത്തവ്യമായിത്തീർന്നിരിക്കുന്നു.

ഞാൻ ഉൾപ്പെടുന്ന നരേന്ദ്രസമൂഹത്തിന്റെ നേക്കു് ഞാനൊരു വിശ്വാസലംഘനമാണു് അനുഷ്ഠിച്ചിരിക്കുന്നതു് എന്നു് എന്നെപ്പറ്റി ആക്ഷേപമുണ്ടു്. ഭാരതത്തിന്റെ രാഷ്ട്രീയവും ഭരണഘടനാപരവുമായ പരിണാമത്തിനു് ഇന്ത്യൻനാട്ടുരാജ്യങ്ങൾക്കു് പ്രത്യേകവും മഹനീയവുമായ ഒരു സംഭാവന നൽകുവാനുണ്ടെന്നാണു പറയപ്പെടുന്നതു്. വ്യവസ്ഥാപിതരാജാധിപത്യത്തിനും ഉത്തരവാദഭരണത്തിനും വേണ്ടിയുള്ള എന്റെ നിലപാടുമൂലം ഞാൻ എന്റെ സഹോദരരാജാക്കന്മാരെ വിഷമത്തിലാക്കുകയും ഭാരതത്തിനും എന്റെ രാജ്യത്തിനും മേല്പറഞ്ഞ സംഭാവനകൊണ്ടുള്ള മേന്മകൾ ഞാൻ നിഷേധിക്കുകയും ചെയ്തിരിക്കുന്നുവെന്നാണു് പറയപ്പെടുന്നു്. ഞാൻ എന്റെ സഹോദരരാജാക്കന്മാരോടു് തുറന്നു സംസാരിച്ചുകൊള്ളട്ടെ: "ഇന്ത്യയുടെ ഭരണരീതിയ്ക്കു് വിശേഷവിധിയായ എന്തോ ചിലതു് സംഭാവനചെയ്യുവാനുണ്ടെന്നുള്ള പ്രസ്താവനയിൽ വല്ല പരമാർത്ഥവുമുണ്ടോ? നമ്മുടെ രാജ്യങ്ങളിൽ നിലവിലിരിക്കുന്ന പരമ്പരാഗതമായ ഭരണസമ്പ്രദായം എന്താണു്? നമ്മുടെ രാജ്യങ്ങളിൽ അധികാരം ചെലുത്തുകയും പൊളിറ്റിക്കൽ ഡിപ്പാർട്ടുമെന്റു മുഖേന അതിന്റെ ഹിതങ്ങൾ നടപ്പിൽവരുത്തുകയും ചെയ്യുന്ന ഒരു അധീശശക്തിയുണ്ടു്. മേൽക്കോയ്മ എന്നെന്നും പരമമായിരുന്നുവെന്നുള്ള പരമാർത്ഥം രാജാക്കന്മാരായ നമുക്കൊക്കെ ബോധ്യമായിട്ടുള്ളതാണു്. പരമാർത്ഥത്തിൽ, ഇന്ത്യയിലെ ഭരണാധികാരികളായ രാജാക്കന്മാരെല്ലാംതന്നെ അമർഷത്തോടുകൂടി ആദരിച്ചിട്ടുള്ള ക്ഷോഭഹേതുകമായ ഒരു അധികാരപ്രയോഗമാണിതു്. അധീശഗവൺമെന്റും പൊളിറ്റിക്കൽ വകുപ്പും അനാസ്ഥഭാവിക്കുന്ന കാര്യങ്ങളെ കുറിച്ചുമാത്രമെ നാട്ടുരാജ്യങ്ങൾക്കു് സ്വാതന്ത്ര്യമുള്ളു. മറുവിധത്തിൽപ്പറഞ്ഞാൽ ഒരുവൻകിടശക്തിക്കു കീഴ്പെട്ടു് അമർഷത്തിലും നിസ്സഹായതയിലും കഴിയുന്ന ഏകാധിപത്യങ്ങളായ അടിമ ഭരണകൂടങ്ങളാണു് നാട്ടുരാജ്യങ്ങൾ. ഈ അടിമത്വവും ഏകാധിപത്യവും ഇടകലർന്നുള്ള ഒരു പാരമ്പര്യത്തിൽനിന്നും ഭാവി തലമുറയ്ക്കു നൽകപ്പെടാവുന്ന പ്രത്യേക മേന്മകൾ എന്താണെന്നു് എനിക്കു് മനസ്സിലാകുന്നില്ല."

എന്റെ വിമർശകന്മാർ ഉദാരമായ ഏകാധിപത്യത്തിനുവേണ്ടിയാണോ വാദിക്കുന്നതു്? ഉദാരനായ ഒരു സ്വേച്ഛാധികാരി ഏതൊരു രാജ്യത്തിനും ഒരനുഗ്രഹമാണു്, സംശയമില്ല. അശോകനും അക്ബറും ലോകത്തിലെ മറ്റനേകം സ്വേച്ഛാധിപതികളും, ഇന്നു് അഭികാമ്യമായിട്ടുള്ള മാഹാത്മ്യത്തിന്റെ കൊടുമുടിയിലേക്കു് അവരവരുടെ രാജ്യങ്ങളെ ഉയർത്തിയിട്ടുണ്ടു്. പക്ഷേ അവരെപ്പോലെ മഹാത്മാക്കളും സത്തുക്കളുമായിരുന്നില്ല അവരുടെ പിൻഗാമികൾ. അതിന്റെ ഫലമോ, അവർ നിർമ്മിച്ചുയർത്തിയ മഹാസൗധം ഇടിഞ്ഞുവീണു നശിച്ചുപോയി. ഇക്കാരണത്താലാണു്, അത്രവളരെ പകിട്ടേറിയതല്ലെന്നിരുന്നാലും കൂടുതൽ ബലിഷ്ഠമായ ഒരു ഭരണസമ്പ്രദായമെന്ന നിലയിൽ ജനാധിപത്യത്തിന്റെ അനിവാര്യലക്ഷ്യത്തിലേക്കു് സകല യുഗങ്ങളിലേയും സമസ്ത ജനങ്ങളുടേയും ബുദ്ധിശക്തി ഇന്നു നമ്മെ ആനയിച്ചുകൊണ്ടിരിക്കുന്നതു്. അതിനാൽ നമ്മുടെ രാജ്യത്തിന്റെ ഭാവിഭാഗധേയത്തിൽ ഉപകാരപ്രദമായ ഒരു പങ്കു് നമുക്കു വഹിക്കണമെന്നുണ്ടെങ്കിൽ, നാം വ്യവസ്ഥാപിത ഭരണാധികാരികളാണെന്നുള്ള ഒരു നില സന്തോഷപൂർവ്വം അവലംബിക്കേണ്ടിയിരിക്കുന്നുവെന്നു് ഞാനെന്റെ സഹോദരരാജാക്കന്മാരോടു പറഞ്ഞുകൊള്ളട്ടെ. കക്ഷിവ്യത്യാസങ്ങൾക്കും മതഭിന്നതകൾക്കും അതീതരായി നിഷ്പക്ഷഭരണാധിപന്മാരെന്നനിലയിൽ നമ്മുടെ രാജ്യത്തിന്റെ ഭാവിനന്മയ്ക്കുവേണ്ടി പ്രയോജനകരമായ ഒരു കത്തവ്യം നമുക്കു നിവ്വഹിക്കുവാനുണ്ടു്. കാലത്തിന്റെ ഗതിവിഗതികൾ വേണ്ടവണ്ണം ഗ്രഹിച്ചു് അതിനനുസരണമായവിധത്തിൽ നമുക്കു് വർത്തിക്കേണ്ടിയിരിക്കുന്നു. അതാണു് ബുദ്ധിപൂർവ്വമായ മാർഗ്ഗം.

ജനകീയ മന്ത്രിസഭകളെ അവജ്ഞയോടെ വീക്ഷിക്കുക ഇന്നു് ഇന്ത്യയിലെവിടെയും ഒരു പരിഷ്കാരമായിത്തീർന്നിരിക്കുന്നു. എന്റെ രാജ്യത്തിലെ മന്ത്രിസഭയും പല സങ്കേതങ്ങളിൽനിന്നുള്ള ആക്ഷേപത്തിനു് ലക്ഷ്യമായിത്തീർന്നിട്ടുണ്ടു്. ഈ മന്ത്രിമാർ ചെയ്യുന്ന തെറ്റുകൾ—അവ പലപ്പോഴും കൂടാതെ കഴിക്കുവാൻ സാധിക്കുന്നവയുമാണു്—എന്നെന്നും ജനാധിപത്യത്തിന്റേയും ഉത്തരവാദഭരണത്തിന്റേയും അനിവാര്യമോ, അനപേക്ഷണീയമോ ആയ ഭവിഷ്യത്തുകൾ എന്ന നിലയിലാണു് പരിഗണിക്കപ്പെട്ടുകാണുന്നതു്. കാര്യക്ഷമതയുടേയും നിഷ്പക്ഷതയുടേയും അത്യുൽകൃഷ്ടപദവിയിലെത്തുവാൻ ചിലപ്പോൾ ഇവർക്കു് കഴിയുന്നില്ലെങ്കിൽ, കക്ഷിസംബന്ധമായ പ്രേരണകൾക്കു് ഒട്ടൊക്കെ ഇവർ വഴിപ്പെട്ടുപോകുന്നുണ്ടെങ്കിൽ, അതിനുള്ള കുറ്റംമുഴുവനും അവരിലല്ലാ ആരോപിക്കേണ്ടതു്. കഴിഞ്ഞ ഇരുപത്തഞ്ചോ അതിലധികമോ വർഷമായിട്ടു്, നിരന്തരസമരത്തിന്റെ ഒരു ജീവിതസരണിയിലൂടെയാണു് ഇന്ത്യയിൽ മിക്കവാറും നാം കടന്നുപോന്നിട്ടുള്ളതെന്നു് സ്മരിക്കേണ്ടിയിരിക്കുന്നു. സ്വാതന്ത്ര്യത്തിനുവേണ്ടിയുള്ള സമരത്തിൽ വലിയ ത്യാഗങ്ങൾ അനുഷ്ഠിച്ചിട്ടുള്ളവരിൽ പലരും, ഇന്നു് അധികാരത്തിൽ വന്നിരിക്കുന്ന അവരുടെ നേതാക്കന്മാരിൽനിന്നും പല കാര്യങ്ങളിലും ആനുകൂല്യങ്ങൾ പ്രതീക്ഷിക്കുക അസ്വാഭാവികമല്ല. പലപ്പോഴും അവയെ നിഷേധിക്കുവാൻ വിഷമവുമാണു്. മന്ത്രിമാർ, മനുഷ്യസഹജമായ ഈ ദൗർബ്ബല്യത്തിനു് അതീതരായി വർത്തിക്കുമ്പോൾ ഞാനവരെ അഭിനന്ദിക്കുകയും ആദരിക്കുകയുംചെയ്യും; പക്ഷെ, അവരതിനു് വഴിപ്പെട്ടുപോകുന്നുവെന്നുവച്ചു് എന്നും ഞാനവരെ കുറ്റപ്പെടുത്തുവാൻ തയ്യാറില്ല. അവരുടെ സ്ഥാനത്തു് ഞാനായിരുന്നെങ്കിൽ ഞാനെന്താണു ചെയ്യുമായിരുന്നതു് എന്നു് എനിക്കുതന്നെ അറിഞ്ഞുകൂടാ.

ഈ സ്ഥിതിഗതികൾ ഏതായാലും അധികകാലം നിലനിൽക്കുവാൻ പാടില്ല. സമരംചെയ്തു ജനാധിപത്യാവകാശങ്ങൾ നേടിയിട്ടുള്ള ഏതൊരു രാജ്യവും ഈ ദശയൊരു ഘട്ടത്തിലൂടെ കടന്നുപോയിട്ടുണ്ടു്; എന്നാൽ ഭാവിതലമുറയ്ക്കോ, ഇപ്പോൾ ഉടലെടുത്തുയരുന്ന തലമുറയ്ക്കോ, ഈവിധമുള്ള ആനുകൂല്യങ്ങൾക്കുവേണ്ടി അവകാശം പറയുവാൻ അർഹതയുണ്ടാവുകയില്ല, അന്നു് മന്ത്രിമാർക്കു ഇതുപോലെയുള്ള നിർബ്ബന്ധപൂർവ്വമായ അവകാശവാദങ്ങളെ നേരിടേണ്ടതായും വരികയില്ല. ആ നിലയ്ക്കു്, അശുഭാശങ്കയ്ക്കു വിധേയനാകുവാൻ ഞാൻ ഒരുക്കമില്ല. ധർമ്മബോധവും ആത്മാഭിമാനവും തലയുയർത്തുമെന്നും, ഭാരതം കാലാന്തരത്തിൽ പൗരസ്ത്യദേശത്തു, യഥാർത്ഥജനാധിപത്യത്തിന്റെ ഉജ്ജ്വലമാതൃകയായി ഭവിക്കുമെന്നും ഞാൻ ദൃഢമായി വിശ്വസിക്കുന്നു.

ഞാൻ എന്റെ മന്ത്രിമാർക്കുവേണ്ടി സമാന്യം ദീർഘമായി വാദിക്കുവാൻ മുതിർന്നതു് അവർ അത്യന്തം അനുഭാവരഹിതവും പ്രതികൂലമായ വിമർശനങ്ങൾക്കു ലക്ഷ്യമായി ഭവിച്ചതിനാലാണു്. സ്വയം വാദിച്ചും മറുപടി പറഞ്ഞും നിൽക്കുന്നതിനു് ചിലപ്പോഴെക്കെ അവരുടെ ഔദ്യോഗികനില അവർക്കു പ്രതിബന്ധമായി നിന്നിട്ടുമുണ്ടു്. അവരും ഞാനുമായുള്ള ബന്ധത്തേയും അവരുടെനേക്കു എനിക്കുള്ള മനോഭാവത്തേയും കുറിച്ചു പല കഥകളും പ്രചരിപ്പിക്കപ്പെട്ടിട്ടുണ്ടു്. അവരിൽ എനിക്കുള്ള വിശ്വാസം, ഞാൻ ഇവിടെ പരസ്യമായി പ്രഖ്യാപനം ചെയ്തുകൊള്ളുന്നു. ഞാൻ അവരുമായി ഭിന്നിച്ചു പിരിയുവാൻപോകുന്നുവെന്നോ, പൂർണ്ണമായ ഉത്തരവാദഭരണം ഏർപ്പെടുത്തുന്നതിനു് ഞാൻ മുന്നോട്ടുവച്ചിട്ടുള്ള കാലടികൾ പിന്നോട്ടുവലിക്കുവാൻപോകുന്നുവെന്നോ ആരെങ്കിലും വിചാരിക്കുന്നുണ്ടെങ്കിൽ, വ്യവസ്ഥാപിതഭരണത്തിലും ജനാധിപത്യത്തിലും ഞാൻ ഹൃദയപൂർവ്വം വിശ്വസിക്കുന്നുവെന്നും എന്റെ കാലത്തുതന്നെ അതു് സുദൃഢം സംസ്ഥാപിക്കപ്പെട്ടുകാണുവാൻ ഞാൻ ദൃഢനിശ്ചയം ചെയ്തിരിക്കയാണെന്നും വ്യക്തമാക്കിക്കൊള്ളട്ടെ. എന്റെ രാജ്യത്തു സൽഭരണമെന്നപോലെതന്നെ സ്വയംഭരണവും സ്ഥാപിക്കുവാൻ, മന്ത്രിമാരുടെ സഹായത്തോടുകൂടി സാധിക്കുമെന്നുള്ളതിനെക്കുറിച്ചു എനിക്കേതും സന്ദേഹമില്ല. കക്ഷി, മതം മുതലായ നിസ്സാരപരിഗണനകൾക്കതീതരായി എന്റെ കാലത്തുതന്നെ, മന്ത്രിമാർ ഉയരുമെന്നും, രാജ്യത്തിന്റെ ക്ഷേമൈശ്വര്യങ്ങളെക്കുറിച്ചുള്ള യഥാർത്ഥനിഷ്ഠയോടുകൂടി രാജ്യഭരണം നിവ്വഹിക്കുവാൻ അവർ പഠിക്കുമെന്നും പ്രതീക്ഷിക്കുവാൻ വേണ്ടത്ര വിശ്വാസം എനിക്കു അവരിലുണ്ടു്.

ഇനി, ഭാരതത്തിന്റെ ഇതരഭാഗങ്ങളുമായി കൊച്ചിയുടെ ബന്ധത്തെക്കുറിച്ചു് ഞാൻ പരാമർശിക്കാം. ഐക്യകേരളം സംസ്ഥാപിക്കുവാനുള്ള മാർഗ്ഗങ്ങളെക്കുറിച്ചു് ആലോചിക്കുവാനാണല്ലോ ഈ കൺവെൻഷൻ ഇവിടെ കൂടിയിരിക്കുന്നതു് ഈ ആശയത്തെ അനുകൂലിക്കുന്നില്ലെന്നു് തിരുവിതാംകൂർ ഗവമ്മെന്റു് പ്രസ്താവിച്ചിട്ടുണ്ടു്. ൧൯൪൮ ജൂൺമാസത്തിനുശേഷം ഒരു സ്വതന്ത്രരാജ്യമായിത്തീരുവാനുള്ള ആഗ്രഹം ആ ഗവമ്മെണ്ടു്

## സചിവോത്തമൻ ഡൽഹിയിലേക്ക്

—o—

ഉട്ടക്കമണ്ഡ്, ഏപ്രിൽ ൨൭—മേയ് ൧-ാംതീയതി സചിവോത്തമൻ സർ സി. പി. രാമസ്വാമിഅയ്യർ ഊട്ടിയിൽനിന്ന് പുറപ്പെട്ട് മദ്രാസിലെത്തി അന്നത്തെ രാത്രി അവിടെ കഴിച്ചശേഷം ൨-ാംനു-രാവിലെ ഡൽഹിയിലേക്ക പുറപ്പെടുന്നതും അന്നു വൈകുന്നേരം വൈസ്രായിയെ കാണുന്നതുമാണ്. ൩-ാംതീയതി വൈകുന്നേരം അദ്ദേഹം ഊട്ടിയിൽ തിരിച്ചെത്തുമെന്നറിയുന്നു. (എ-പി)

—o—

പ്രഖ്യാപനംചെയ്തിട്ടുണ്ട്. ഉടമ്പടികളെ ആധാരമാക്കിയാണ് കേന്ദ്രഗവൺമെന്റുമായി തിരുവിതാംകൂറിന്റെ ബന്ധം നിർണ്ണയിക്കപ്പെടുവാൻ പോകുന്നത്. ഈ കാര്യങ്ങളെ സംബന്ധിച്ചിടത്തോളം കൊച്ചിയുടെ മനോഭാവമെന്തെന്നറിയുവാൻ, ഈ സന്ദർഭത്തിൽ, നിങ്ങൾ ആഗ്രഹിക്കുന്നുണ്ടായിരിക്കുമല്ലോ. മാതൃഭൂമിയുടെ ഭാഗമായി, കൊച്ചി മേലിലും നിലകൊള്ളുമെന്ന് പ്രഖ്യാപനംചെയ്യുവാൻ എനിക്ക യാതൊരു മടിയുമില്ല. ഭരണഘടനാനിർമ്മാണസമിതിയിൽ (കോൺസ്റ്റിറ്റ്യുവൻറ് അസംബ്ലിയിൽ) കൊച്ചി, ഉടനടി ചേരുകയാണ്. ഒരു ഭാരതീയനെന്നു വിളിക്കപ്പെടുന്നതിനുള്ള അവകാശം തനിക്ക് നഷ്ടമായിരിക്കുന്നുവെന്ന് ഒരു കൊച്ചിക്കാരന് വിഷാദം ചേരുന്ന ഒരു സന്ദർഭം എന്റെ ഒരു വാക്കുകൊണ്ടോ ഒരു പ്രവൃത്തികൊണ്ടോ ഞാൻ സൃഷ്ടിക്കുകയില്ല. ഇതിൽനിന്നും ബ്രിട്ടീഷ് മലബാറോ മറ്റേതെങ്കിലും ബ്രിട്ടീഷിന്ത്യൻപ്രദേശങ്ങളോ ആയി മാത്രമെ കൊച്ചിക്ക യോജിക്കാൻ കഴിയൂ എന്നുള്ളത് അനന്തസാധ്യമാണെന്നല്ലോ. എന്റെ പ്രഖ്യാപനത്തിന്റെ വെളിച്ചത്തിൽ ഈ കാര്യങ്ങളെല്ലാം പര്യാലോചിക്കേണ്ടതും അതതുഗവൺമെൻറുകളുടെയുമാകെ നിർദ്ദേശങ്ങൾ സമർപ്പിക്കേണ്ടതും ഈ കൺവെൻഷന്റെ ചുമതലയാണ്. നമ്മൾ, ഒരുമയില്ലാതെ ചിന്നിച്ചിതറി കിടന്നിരുന്നതുമൂലം, ശകലം ശകലമായി, നമ്മുടെ രാജ്യത്തിന്റെ സകലഭാഗങ്ങൾക്കും, എങ്ങിനെയാണ് അവയുടെ സ്വാതന്ത്ര്യം നഷ്ടപ്പെട്ടകയും ഒരു ശതാബ്ദത്തിലധികം കാലം അടിമത്വത്തിൽ കഴിയേണ്ടിവരികയും ചെയ്തതെന്ന്, നിങ്ങളെല്ലാം ഓർത്തു നോക്കേണ്ടതാണ്. കൊച്ചിയും മലബാറും തിരുവിതാംകൂറും, മുഗൾസാമ്രാജ്യത്തിന്റെ ഭാഗമായിരുന്നുവെന്നുവരികിൽ ഒരുപക്ഷെ ഭാരതത്തിന്റെ ഭാഗധേയം വ്യത്യസ്തമായിരുന്നേനേ. വിദേശികൾ ആദ്യം നമ്മുടെ തീരത്താണ് കാൽകുത്തിയത്. നാമറിയാതെ ഈ ബാധ ക്രമേണ വ്യാപിക്കുകയും, ഒടുവിൽ വിദേശശത്രുക്കളുടെ മുമ്പിൽ നമ്മുടെ രാജ്യം മുഴുവനും നിസ്സഹായമായി നിപതിക്കുകയും ചെയ്തു. ആ അബദ്ധം ഇനിയും നാം ആവർത്തിക്കരുത്. ഇന്ത്യയുടെ ശക്തിയിൽനിന്നും ശക്തി നേടിക്കൊണ്ടും, സാധർമ്മ്യസമ്പൂർണ്ണവും സുശക്തവുമായ ഒരു ഘടകത്തിനു നൽകാൻ കഴിയുന്ന സർവ്വശക്തിയും ഇന്ത്യയ്ക്ക് പ്രദാനംചെയ്തുകൊണ്ടും നമുക്ക് ഇന്ത്യയുടെ ഒരു അവിഭാജ്യഭാഗമായിരിക്കാം.

കൺവെൻഷനും, കലോത്സവവും, പ്രദർശനവും ഉൽഘാടനം ചെയ്യപ്പെട്ടിരിക്കുന്നതായി ഞാനിതാ പ്രഖ്യാപനം ചെയ്തുകൊള്ളുന്നു. ഇനി നിങ്ങളുടെ പര്യാലോചനകൾ ആരംഭിക്കാം. നിങ്ങൾക്ക് പര്യാലോചിക്കുകയും തീരുമാനമെടുക്കുകയും ചെയ്യേണ്ടതായ കാര്യങ്ങൾ ഗൗരവമേറിയവയാണ്. എല്ലാവരുടെനേക്കും നീതി പ്രവർത്തിക്കപ്പെട്ടിരിക്കുന്നുവെന്ന് ഇവിടെ സന്നിഹിതരായിട്ടില്ലാത്തവർക്കു തോന്നുമാറ്, വികാരാവേശങ്ങൾ, യുക്തിക്കും ഔചിത്യത്തിനും വഴങ്ങിക്കൊടുക്കത്തക്കവണ്ണം, ഇവിടത്തെ പര്യാലോചനകൾക്ക് മി. പ്രസിഡണ്ട്, താങ്കൾ മാർഗ്ഗദർശനം നൽകുമെന്ന് ഞാൻ പ്രതീക്ഷിക്കുന്നു. നിങ്ങൾക്കെല്ലാവർക്കും എന്റെ ആശംസകൾ.

## മുഖ്യപ്രമേയം പാസായി

തൃശ്ശൂർ, ഏപ്രിൽ ൨൭—ഇന്നുകാല

ത്ത് ശ്രീ. കെ. കേളപ്പന്റെ അദ്ധ്യക്ഷതയിൽ ഡെലിഗേററുകളുടെ കോൺഫറൻസ് നടന്നു. സമ്മേളനത്തിനു ലഭിച്ച എല്ലാ പ്രമേയങ്ങളും വായിക്കുവാൻ പ്രസിഡൻറ് വിസമ്മതിച്ചതുമൂലം സോഷ്യലിസ്റ്റ്നേതാവായ ഡാക്ടർ കെ. ബി. മേനോന്റെ നേതൃത്വത്തിൽ ഒരുവിഭാഗം ഡെലിഗേററുകൾ പ്രതിഷേധസൂചകമായി വാക്കൗട്ട നടത്തി. മി. വി. കെ. കൃ



ഷ്ണമേനോൻ സമ്മേളനത്തിൽ പ്രസംഗിച്ചു. തന്റെ പ്രസംഗത്തിൽ അദ്ദേഹം രാഷ്ട്രീയസ്ഥിതിഗതികളെപ്പററി പ്രതിപാദിച്ചു. കേരളത്തിൽ ഏകീകരണം ഉണ്ടായിക്കാണുന്നതിൽ അദ്ദേഹം സന്തോഷിച്ചു. മി: ടി. എം. വർഗ്ഗീസ് മുഖ്യപ്രമേയം അവതരിപ്പിച്ചു. മെ: മൊയ്തീൻമൗലവിയും ഇക്കണ്ടവാര്യരും പ്രമേയത്തെ പിൻതാങ്ങി. എല്ലാ ഭേദഗതികളും പരാജയപ്പെടുകയും പ്രമേയം പാസ്സാവുകയുംചെയ്തു.

—o—

# കാൺഗ്രസ്സ് നീട്ടുന്ന സൗഹാർദ്ദഹസ്തം

## നാട്ടുരാജാക്കന്മാർ സ്വീകരിക്കണമെന്ന് സർദാർ പട്ടേൽ

ന്യൂഡൽഹി ഏപ്രിൽ ൨൭—"ഇന്ത്യയിലെ സംഭവഗതികളുടെ വേഗംകണ്ട് അമ്പരന്നുപോകുന്ന രാജാക്കന്മാർ രാജ്യത്തിനുള്ളിൽവെച്ചും വെളിയിൽവെച്ചുമുള്ള അവരുടെ ജനപ്രതിനിധികളുടെ ചില പ്രസംഗങ്ങൾകൊണ്ട് പരിഭ്രമിച്ചുവാനിടയുണ്ട്" എന്നു രാജാക്കന്മാരെ പരാമർശിച്ചുള്ള ഒരു സ്റ്റേറ്റുമെൻറിൽ സർദാർ പട്ടേൽ പറയുന്നു. ക്ഷണികമായ രോഷമോ അസ്വാസ്ഥ്യമോ അവരുടെ നിശ്ചയങ്ങൾക്ക് ബാധകമാകരുതെന്നും ഏദയത്തിന്റെ സുസ്ഥിതിയെ ഇളക്കുവാനിടയാക്കരുതെന്നും ഞാൻ അവരോട് അപേക്ഷിക്കുന്നു. സ്വരാജ്യസ്നേഹത്താലും ദേശീയപ്രചോദനങ്ങളാലും നയിക്കപ്പെട്ട് അവർ രാജ്യത്തെ അഭിമുഖീകരിക്കുന്നതും തീർച്ചയായും അവരുടെ തീരുമാനത്തിന്റെ ആവശ്യകത ഉള്ളതുമായ വിപുലതരങ്ങളായ പ്രശ്നങ്ങളെപ്പററി പരിചിന്തിക്കട്ടെ. കാൺഗ്രസ്സ് നീട്ടുന്ന സൗഹാർദ്ദഹസ്തങ്ങളെ സ്വീകരിക്കുന്നതിലാണ് അവയുടെ യഥാർത്ഥ താല്പര്യങ്ങൾ സ്ഥിതിചെയ്യുന്നതെന്ന് അവർക്ക് ബോദ്ധ്യമാകും. സൗഹാർദ്ദമനോഭാവം മാത്രമേ രാജാക്കന്മാരുടെനേരെ ഇതേവരെ കാൺഗ്രസ്സിനുണ്ടായിരുന്നിട്ടുള്ളൂ. ഒരു ഐക്യഭാരതത്തിൽ ബ്രിട്ടീഷ് ഇന്ത്യയും നാട്ടുരാജ്യങ്ങളും തമ്മിലുണ്ടായിരിക്കേണ്ട പരസ്പരബന്ധത്തെപ്പററി തീരുമാനിക്കുന്നതിനുള്ള അനുഭാവം കാൺഗ്രസ്സ് പ്രകടമാക്കിയിട്ടുണ്ട്.

ഈ അവസരത്തിൽ കൊച്ചീമഹാരാജാവ് അദ്ദേഹത്തിന്റെ സഹോദരരാജാക്കന്മാർക്ക് ബുദ്ധിപൂർവ്വകവും രാജ്യതന്ത്രജ്ഞോചിതവുമായ നേതൃത്വം നൽകിയിരിക്കുന്നതിൽ ഞാൻ പ്രത്യേകിച്ചും സന്തോഷിക്കുന്നു. അദ്ദേഹത്തിന്റെ നീതിപൂർവ്വകമായ പ്രസ്താവനകളെപ്പററി ചിന്തിക്കുവാനും ആ നേതൃത്വത്തെ അനുകരിക്കുവാനും ഞാൻ അവരോട് അഭ്യർത്ഥിക്കുന്നു. കാൺസംബ്ലിയിൽ ചേരുന്നതുകൊണ്ട് വിദേശയജമാനന്മാരിൽനിന്ന് ഐക്യഭാരതത്തിലേക്ക് , അധികാരം കൈമാററുവാനുള്ള സുശക്താപകരണത്തെ ബലപ്പെടുത്തുകയായിരിക്കും ചെയ്യുന്നത്. കൂടാതെ, ഭാവിഭാരതം ഏതെങ്കിലുമൊരു കക്ഷിയുടെയോ സംഘടനയുടെയോ ഭാഗധേയരൂപീകരണത്തിനുള്ള കുത്തകയാകുവാനും പോകുന്നില്ല. എല്ലാ രാജാക്കന്മാരും ജനങ്ങളും ഇന്ത്യാക്കാരായ സകലരും അവർക്ക് അവകാശമുള്ളതും അഭിമാനകരവുമായ പങ്കു വഹിക്കേണ്ടിയിരിക്കുന്നു. ഇതി

ന്യൂഡൽഹി ഏപ്രിൽ ൨൭—നാളെ ആരംഭിക്കുന്ന കാൺസംബ്ലിയുടെ മൂന്നാം പ്രാഥമികസമ്മേളനം ഒരാഴ്ച നീണ്ടുനിൽക്കുവാനും അതിനുശേഷം ജൂൺ അവസാനംവരെ മാററിവെയ്ക്കുവാനുമിടയുണ്ട്. ഈ ഹ്രസ്വസമ്മേളനത്തിലെ പ്രധാന പരിപാടികൾ സ്റ്റേറ്റ്സ്കമ്മിററി റിപ്പോർട്ടിനെപ്പററിയുള്ള ചർച്ച, സർദാർ പട്ടേൽ അവതരിപ്പിക്കുന്ന മൗലികാവകാശറിപ്പോർട്ട് അംഗീകരണം ആർഡർ ആഫ് ബിസിനസ്സ് കമ്മിററിയുടെ റിപ്പോർട്ടിനെപ്പററിയുള്ള ചർച്ചകൾ എന്നിവയായിരിക്കും. സ്റ്റേറ്റ്സ്കമ്മിററി റിപ്പോർട്ടിനെപ്പററിയുള്ള ചർച്ച പണ്ഡിറ്റ്ജി ആരംഭിക്കുന്നതായിരിക്കും. ആദ്യമായി, നാളെ സമ്മേളനത്തിൽ സംബന്ധിക്കുന്ന നാട്ടുരാജ്യപ്രതിനിധികളെ പ്രസിഡൻറ് ഡാ: രാജേന്ദ്രപ്രസാദ് സ്വാഗതംചെയ്യുന്നതാണ്.

ഹാസത്തിന് ഒഴിഞ്ഞുമാറിനിന്ന് നമ്മുടെയെല്ലാം ഹൃദയത്തെ ഉണർത്തുന്ന സ്വദേശസ്നേഹപരമായ കടമയെ നമ്മളിലാരെങ്കിലും അവഗണിക്കുന്നപക്ഷം ഭാവിതലമുറ അതു ക്ഷമിക്കുകയില്ല. ഇന്നു ലോകംമുഴുവൻ നമ്മെ വീക്ഷിച്ചുകൊണ്ടിരിക്കുകയാണ്. നാം അതിന്റെ പ്രതീക്ഷയ്ക്കനുസരണമായി പ്രവർത്തിച്ചില്ലെന്ന് പറയുവാൻ ഇടയാകാതിരിക്കട്ടെ.

# ജിന്നായുടെ മാററമില്ലാത്ത പകിസ്ഥാൻവാദം

## കാൺഗ്രസ്സിന്റെ വാദം മേ ൧൬-ാംനു-യിലെ പ്രസ്താവനയിലെ മാതൃകയിലുള്ള ഐക്യഭാരതമായി പ്രബലപ്പെടുന്നു

വൈസ്രായി ഇസ്മെപ്രഭുവിനെ അടുത്തവാരം ലണ്ടനിലേക്ക നിയോഗിക്കും—ബ്രി: തീരുമാനവുംകൊണ്ട് ഇസ്മേ തിരിച്ചെത്തും

## അടുത്ത രണ്ടുമാസങ്ങൾക്കുള്ളിൽ അതിപ്രധാനമായ തീരുമാനങ്ങൾ ഉണ്ടാകും

ന്യൂഡെൽഹി, ഏപ്രിൽ ൨൭—ജൂണിലേക്ക കൂടുവാൻ പിരിഞ്ഞക്കവിധം കാൺസ്റ്റിറ്റ്യുവൻറ് അസംബ്ലിയുടെ ഒരു ചുരുങ്ങിയവാരത്തെ സമ്മേളനം നടത്തുവാനുള്ള കാൺഗ്രസ്സ് ഹൈക്കമാൻറിന്റെ തീരുമാനത്തിൽ നമ്മുടെ ദൃഷ്ടിക്ക ഗോചരമാകുന്നതിനേക്കാൾ കൂടുതൽ കാര്യങ്ങൾ അടങ്ങിയിട്ടുണ്ടെന്ന് രാഷ്ട്രീയ കാര്യജ്ഞാനകേന്ദ്രങ്ങളിൽനിന്നറിയുന്നു. രണ്ടു കാര്യങ്ങളാണുള്ളത്. അവ പ്രായോഗികവൈഷമ്യങ്ങളും സാങ്കേതിക പരിഗണനകളുമാണ്. അടുത്ത രണ്ടുമാസങ്ങൾ നൂതനയുഗം സൃഷ്ടിക്കുന്ന ഒരു ഘട്ടമായിരിക്കുമെന്ന് ഇവിടെ പ്രബലമായ ധാരണ നിലവിലിരിക്കുന്നു. ഫെബ്രുവരി ൨൦-ാംനു-യിലെ ബ്രിട്ടീഷ് പ്രസ്താവന നടപ്പിൽവരുത്താൻ ദൂരവ്യാപകഫലമുളവാക്കുന്ന സുപ്രധാനമായ പല ഇടക്കാലതീരുമാനങ്ങളും കൈക്കൊള്ളുന്നതാണ്. വൈസ്രായി മൗണ്ട്ബാററൻ പ്രഭു ഇപ്പോൾ സുപ്രധാന രാഷ്ട്രീയകക്ഷികളുടെ വീക്ഷണഗതികളെപ്പററി സുപരിചിതനാണ്. മി: ജിന്നാ ഇക്കഴിഞ്ഞ സന്ദർശനത്തിൽ പകിസ്ഥാൻ മുറുകെ പിടിക്കുവാനും കാൺസംബ്ലിയിൽനിന്നകന്നു നില്ക്കുന്നതിനുമുള്ള മുസ്ലീംലീഗിന്റെ മാററമില്ലാത്ത തീരുമാനം വൈസ്രായിയെ അറിയിച്ചതോടെ വൈസ്രായി അവസാനവാദവും കേൾക്കുകയുണ്ടായി. കാൺഗ്രസ്സിന്റെ വാദം അങ്ങിനെ ആദ്യമായി മേ ൧൬-ാംനു-യിലെ ബ്രി: പ്രസ്താവനയിൽ വിഭാവനചെയ്തിരിക്കുന്ന മാതൃകയിലുള്ള ഒരു ഐക്യഭാരതമായും രണ്ടാമതായി പഞ്ചാബിന്റെയും ബംഗാളിന്റെയും വിഭജനമായും രൂപമെടുത്തിരിക്കുന്നു. ഓരോകക്ഷിയുടെയും അവകാശവാദങ്ങളെ പിൻതാങ്ങിക്കൊണ്ടുള്ള ഓരോരുത്തരുടെയും ന്യായവാദങ്ങൾകൊണ്ട് വൈസ്രായിയ്ക്കും അദ്ദേഹത്തിന്റെ ഉപദേശകന്മാരായ ഇസ്മേപ്രഭുവിനും സർ ഇറിക്ക മോവതിലിനും അവയെപ്പററി വേണ്ടത്ര അറിവുകൾ ലഭിച്ചിട്ടുണ്ട്. ബ്രി: ഗവൺമെൻറുമായി കുറെക്കാലമായി കൂടിയാലോചനകൾ നടന്നുവരികയാണ്. എന്നാൽ ഇപ്പോൾ ബ്രി:മന്ത്രിസഭയുമായിനേരിട്ടുള്ള സമ്പർക്കം ആവശ്യമായിരിക്കുന്നു. വൈസ്രായിതന്നെ രണ്ടാഴ്ചക്കാലത്തേക്ക് ബ്രിട്ടനിൽപോയേക്കുമെന്നു ചിലകേന്ദ്രങ്ങളിൽ ചൂണ്ടിക്കാണിക്കപ്പെടുന്നു. എന്നാൽ രാജ്യത്തെ സ്ഥിതിഗതികൾകൊണ്ടും പ്രമുഖനേതാക്കന്മാർ സ്ഥിതിഗതികളെ മുഴുവൻ വീക്ഷിക്കുന്ന അടിയന്തിരസ്വഭാവംകൊണ്ടും വൈസ്രായിയ്ക്കു ഇന്ത്യവിടുവാൻ സാധിക്കുന്നതല്ല. അതിനുപകരം അദ്ദേഹത്തിന്റെ ഉപദേശകനായ ഇസ്മേപ്രഭുവിനെ യുണൈററഡ്കിങ്ഡമിലേയ്ക്കു നിയോഗിക്കുന്നതായിരിക്കും. ഈ വാരാവസാനത്തോടെ ഇസ്മേപ്രഭു തിരിച്ചെത്തുമെന്നറിയുന്നു. ഇസ്മേപ്രഭുവിന്റെ ചർച്ചകളുടെ പരിധി ഇപ്പോഴത്തെ സ്ഥിതിഗതികൾ നേരിടുന്ന കാര്യത്തിൽമാത്രം പരിമിതപ്പെട്ടിരിക്കയില്ലെന്നും ഭാവിരാജ്യരക്ഷ (ഡിഫൻസ്) യെന്ന ജീവൽപ്രധാനമായ പ്രശ്നവും ഉൾപ്പെടുമെന്നും രാഷ്ട്രീയകേന്ദ്രങ്ങളിൽനിന്നറിയുന്നു. ഒരു പരമാധികാരയുക്തമായ പകിസ്ഥാന്റെ സംസ്ഥാപനം ഇന്ത്യയുടെ ഡിഫൻസിനു മാത്രമല്ല കാമൺവെൽത്തിന്റെ മുഴുവൻ ഡിഫൻസിനുകൂടി കൂടുതൽ വൈഷമ്യങ്ങളും പ്രതിബന്ധങ്ങളും ഉളവാക്കുന്നതാണെന്നു പ്രസ്താവിക്കപ്പെടുന്നു. ഈ രാജ്യത്തെ ഡിഫൻസിനെ സംബന്ധിച്ചിടത്തോളം പകിസ്ഥാന്റെ താല്പര്യങ്ങൾ ബാക്കി ഇന്ത്യയുടേതുമായി സാത്മ്യപ്പെട്ടിരിക്കുമെന്നു സുനിശ്ചിതമായ ഉറപ്പുനൽകാൻ ലീഗുപ്രസിഡൻറിനു പ്രയാസമില്ലെന്നുമറിയുന്നു.

ബ്രി: ഗവൺമെൻറിന്റെ അഭിപ്രായങ്ങളുംകൊണ്ട് ഇസ്മേപ്രഭു തിരിച്ചെത്തുമെന്നറിയുന്നു. (എ-പി)

—o—

# ശ്രീവിദ്യാധിരാജൻ ചട്ടമ്പിസ്വാമികൾ

കരിമ്പ്ലേരി ഗോപാലപിള്ള



കേരളചരിത്രം, ഭാഷാശാസ്ത്രം, സാമുദായികാചാരം, മുതലായി വിവിധ നിലകളിൽ വിപ്ലവാത്മകമായ ഒരു പരിവർത്തനഘട്ടത്തെത്തന്നെയാണ് അവിടത്തെ ജീവിതംകൊണ്ട്- ചട്ടമ്പിസ്വാമികൾ ഉൽഘാടനം ചെയ്തതു്. കേരളചരിത്രപരമായി ഇത്രയും കൂടുതൽ പുരാതനരേഖകൾ ശേഖരിച്ചു് പ്രസിദ്ധപ്പെടുത്തീട്ടുള്ള ഒരു ചരിത്രകാരൻ മലയാളരാജ്യത്തെ സംബന്ധിച്ചിടത്തോളം ഉണ്ടായിട്ടില്ലെന്നു തന്നെപറയാം. അതു്, അദ്ദേഹം തന്റെ "പ്രാചീനമലയാളം" എന്നുൽകൃഷ്ടഗ്രന്ഥംവഴി പ്രകടമാക്കീട്ടുമുണ്ട്. നായന്മാർ ഈഴവർ തുടങ്ങിയ കേരളീയജനതയ്ക്കു് പുരോഗമനപരമായ ഒരു മാർഗ്ഗം തുറന്നുകൊടുക്കുകയും, ആത്മാഭിമാനവിജൃംഭിതമായ ഒരുണർവ്വ് ഉണ്ടാക്കുകയുംചെയ്യുന്നതിനു് സ്വാമികളുടെ "വേദാധികാരനിരൂപണം" മുതലായ ഗ്രന്ഥങ്ങളും അവിടത്തെ നിർദ്ദേശാനുസരണം, ശിഷ്യന്മാർരചിച്ച ഗ്രന്ഥങ്ങളും നടത്തിയ പ്രവർത്തനങ്ങളുംഅത്യന്തം ഉപകരിച്ചിട്ടുണ്ട്.

ശ്രീ ശങ്കരനുശേഷം ഭാരതത്തിലുണ്ടായ ജീവന്മുക്തന്മാരിൽ സർവ്വവേദവേദാംഗപാരംഗതനും സകലകലാവല്ലഭനുമായി അവതരിച്ച ഒരേ ഒരു പുണ്യപുരുഷൻ ശ്രീ: വിദ്യാധിരാജൻ മാത്രമാണ്. അഹിംസയുടെ പ്രവാചകന്മാരിൽ ആ തത്വത്തെ സാക്ഷാൽകരിച്ചിട്ടുള്ള ദിവ്യവ്യക്തികൾ ശ്രീബുദ്ധനുശേഷം ഒന്നോ രണ്ടോപേർ മാത്രമാണുള്ളതു്. ഒന്നു് ശ്രീചട്ടമ്പിസ്വാമികൾ-മറ്റൊന്നു് മഹാത്മാഗാന്ധി. സ്വാമികൾ അഹിംസയുടെ തത്വത്തെ തന്റെ "ജന്തുകാരുണ്യനിരൂപണ"വും ജീവിതവും വഴി പ്രകടമാക്കീട്ടുണ്ട്. "കാൾഡ്വെലിനുശേഷം ദ്രാവിഡഭാഷാ ശാസ്ത്രസംബന്ധമായി പരിവർത്തനാത്മകമായ ഒരഭിപ്രായം രേഖപ്പെടുത്തിയതു് സ്വാമികളാണ്. "ആദിഭാഷ" എന്നഗ്രന്ഥം ഈ ആശയത്തെ പ്രകടമാക്കുന്നു.

ശ്രീവിവേകാനന്ദനുപോലും സംശയച്ഛേദം വരുത്തി അഭിവന്ദ്യനായി തീർന്ന ഈ ദിവ്യപുരുഷൻ ൧൦൨൯-ചിങ്ങത്തിൽ തിരുവനന്തപുരത്തു നിന്നുള്ള കൊല്ലൂർ ഗ്രാമത്തിൽ ജനിച്ചു. അമ്മയുടെപേർ ശ്രീനങ്ങാദേവി-യെന്നും അച്ഛന്റേതുവാസുദേവശർമ്മാവെന്നും ആയിരുന്നു. മാതാപിതാക്കൾ അവരുടെ സീമന്തപുത്രനെ "കുഞ്ഞൻ" എന്നോമനപ്പേരിട്ടു വിളിച്ചുവന്നു. നിർദ്ധനരായ അവർക്ക് പുത്രനെ യഥാവസരം വിദ്യാരംഭംപോലും ചെയ്യിക്കുന്നതിനുകഴിഞ്ഞില്ല. അല്പപ്രായം വന്നപ്പോൾ സമവയസ്കരായ കുട്ടികളുടെ സഹകരണത്തിൽ കുട്ടിവായിക്കാൻ പഠിച്ചു. കൊല്ലൂർമഠത്തിലെ പോറ്റിയുടെ മക്കളെ സംസ്കൃതം അഭ്യസിപ്പിക്കുവാൻ വന്നശാസ്ത്രികളുടെ പ്രീതിപാത്രമായി തീർന്ന കുഞ്ഞൻപിള്ള അദ്ദേഹത്തിൽനിന്നുംസംസ്കൃതത്തിലെ ആദ്യപാഠങ്ങൾ ഗ്രഹിച്ചു.

അനന്തരം കൊല്ലൂർ ക്ഷേത്രസന്നിധിയിൽവച്ചു് അജ്ഞാതനാമാവായ ഒരു ദിവ്യനിൽനിന്നും 'ബാലസുബ്രഹ്മണ്യമന്ത്രം' യഥേഷ്ടം ലഭിക്കുകയും സിദ്ധിവരുത്തുകയുംചെയ്തു. ഇതിന്റെ ഫലമായി ബാല്യത്തിലെ സ്വാമികൾക്കു ചില സിദ്ധികൾ ഒക്കെ ഉണ്ടായിരുന്നു.

ഏകദേശം പതിനാറുവയസ്സുള്ളപ്പോൾ പേട്ടയിൽരാമൻപിള്ളആശാന്റെ പാഠശാലയിൽചേർന്നു സംഗീതം അഭ്യസിക്കുകയും, ആശാന്റെ കീഴിൽ ഒരു ചട്ടയി (മാനിട്ടർ) ആയി നിയമിക്കപ്പെടുകയും ഉണ്ടായി. ചട്ടമ്പിസ്വാമി എന്നപേർ അങ്ങനെ സിദ്ധിച്ചതാണ്. അക്കാലത്തു് തൈക്കാട്ടയ്യാവ് എന്ന യോഗിയിൽ നിന്നും ഹഠയോഗപരങ്ങളായ സിദ്ധികൾ സമ്പാദിച്ചു. മറ്റുചില പണ്ഡിതന്മാരിൽനിന്നും ഇംഗ്ലീഷിലുള്ള തത്വശാസ്ത്രസാരങ്ങൾ ഗ്രഹിക്കുകയും തമിഴിലും മലയാളത്തിലുമുള്ള പല വേദാന്തഗ്രന്ഥങ്ങൾ പരിശീലിക്കയും ചെയ്തു. ഇക്കാലത്തുതന്നെ ചിത്രമെഴുത്തുതുടങ്ങി പല കലകളിലും അറിവുനേടുന്നതിനു് പരിശ്രമിച്ചിട്ടുണ്ട്.

സ്വാമികൾ അന്നു് നവരാത്രിസംബന്ധിച്ച വിദ്വൽസദസ്സിൽ പങ്കുകൊള്ളാൻവന്ന "സുബ്ബാജടാപാഠി"യുടെ പരിചയം സമ്പാദിച്ചു. അദ്ദേഹത്തിന്റെ സ്വദേശമായ കല്ലടക്കുറിശിയിൽ താമസിച്ചു് മൂന്നുനാലുകൊല്ലംകൊണ്ടു് വേദങ്ങൾ, ഉപനിഷത്തുകൾ, തർക്കവ്യാകരണാദിശാസ്ത്രങ്ങൾഎന്നല്ല സർവ്വ കലകളിലും സകലശാസ്ത്രങ്ങളിലും അഗാധമായ പാണ്ഡിത്യംനേടി.

ചട്ടമ്പിസ്വാമികളുടെ അനന്യസാധാരണമായ ധാരണാശക്തിയും ശ്രീ. ജടാപാഠികളുടെ ഉള്ളഴിഞ്ഞ അനുഗ്രഹവും മൂലമാണ് പിൽക്കാലം സ്വാമികൾക്കു് തന്റെ പാണ്ഡിത്യപ്രഭയുടെ പ്രകാശത്തിൽ ഏതൊരു പണ്ഡിതന്റേയും ശലഭസദൃശരാക്കുവാൻ സാധിച്ചിട്ടുള്ളതു്.

സ്വാമികൾ പിന്നീടു് തന്റെ ജീവിതത്തിന്റെയും പാണ്ഡിത്യത്തിന്റേയും പരിപുഷ്ടിക്കു വേണ്ടി ദക്ഷിണേന്ത്യയിൽ പലേടത്തും സഞ്ചരിച്ചു. അനന്തരം "ആത്മാനന്ദസ്വാമികൾ" (കുമാരവേലു എന്ന യോഗി---ഇദ്ദേഹം പൂർവ്വാശ്രമത്തിൽ ചാന്നാൻവർഗ്ഗത്തിൽപ്പെട്ടയാളാണ്) എന്ന യോഗിയുടെ ശിഷ്യത്വംസമ്പാദിച്ചു് അഗസ്ത്യസമ്പ്രദായത്തിലുള്ള യോഗമുറകൾ അഭ്യസിച്ചു.

ഏതാണ്ട് ഇക്കാലത്താണ് സ്വാമികൾ കുവറപോറ്റിമാരുടെ പുരാതനമായ ഗ്രന്ഥപ്പുരയിൽ കടന്നു് മൂന്നുനാലുദിവസം ആഹാരംപോലുമില്ലാതിരുന്നു് കേരളചരിത്രത്തിലും മന്ത്രതന്ത്രാദികളിലുമുള്ള അനവധി പുരാതനരേഖകളും ഗ്രന്ഥങ്ങളും സമ്പാദിക്കയും വായിക്കയുംചെയ്തതു്. യാത്രകളിലും വിദേശവാസത്തിലും വൈദ്യം ജ്യോതിഷം മുതലായവയിലും ദ്രാവിഡഭാഷാശാസ്ത്രത്തിലും വളരെ അറിവു് ഉണ്ടാക്കുന്നതിനു കഴിഞ്ഞിട്ടുണ്ടു് 'അമരീകല്പം' മുതലായി പലസിദ്ധികളും അദ്ദേഹം നേടിയിരുന്നു. ജീവിതത്തിന്റെ ആദ്യഘട്ടത്തിൽതന്നെ പിതാവുമരിച്ചു. മാതാവു് ഇക്കാലത്താണ് ദിവംഗതയായതു്. സ്വാമികൾ അന്ത്യകാലത്തിൽ മാതൃസന്നിധിയിൽ എത്തി വേണ്ട സംസ്കാരാദികൾനടത്തി ഗൃഹത്യാഗംചെയ്തു. പിന്നീടു വീട്ടിൽ കയറിയിട്ടില്ല.

അത്ഭുതകരങ്ങളായ സിദ്ധികൾ നേടിയതുകൊണ്ടോ അസാധാരണമായ പാണ്ഡിത്യം ഉണ്ടായതുകൊണ്ടോ സർവ്വകലാവല്ലഭത്വം സമ്പാദിച്ചതുകൊണ്ടോ ഒന്നും സ്വാമികൾ തൃപ്തനായിട്ടില്ല. എന്തോ തന്റെ ഹൃദയത്തിന്റെ ഒരുഭാഗം അങ്ങിനെശൂന്യമായി കിടക്കുന്നതായിത്തന്നെ അദ്ദേഹത്തിനുതോന്നി.

ഇങ്ങനെ അസ്വസ്ഥനായി അവിടവിടെ സ്വാമികൾ സഞ്ചരിക്കുന്നകാലത്തു് ആകസ്മികമായി ഒരു അവധൂതഗുരുവിൽനിന്നും മഹാവാക്യാന്തഗതമായികരതലാമലകംപോലെ ആത്മജ്ഞാനം സമ്പാദിച്ചു ജീവന്മുക്തനായി പരിണമിച്ചു.

അവധൂതകല്പനായ സ്വാമികൾലോകസംഗ്രഹാർത്ഥം വളരെയൊക്കെ പ്രവൃത്തിക്കേണ്ടി വന്നിട്ടുണ്ട്. അക്കൂട്ടത്തിലുള്ളതാണ് അവിടത്തെ ഗ്രന്ഥങ്ങളുംപ്രബന്ധങ്ങളും.

ചട്ടമ്പിസ്വാമികളുടെ ശിഷ്യന്മാരിൽ ഒന്നാമൻ ശ്രീനാരായണഗുരുസ്വാമികളാണ്. രണ്ടാമത്തെ ശിഷ്യൻ നീലകണ്ഠതീർത്ഥപാദസ്വാമികളും മൂന്നാമൻ തീർത്ഥപാദസ്വാമികളുമാണ്.

ശ്രീവിദ്യാധിരാജഗുരുവിന്റെ ഭാവനകളും ആദർശങ്ങളും രൂപം പ്രാപിക്കുന്നതിനു് ആവഴിയുടെ പ്രവർത്തിക്കുന്നതിൽ തന്നെ ശിഷ്യന്മാർ ഓരോരുത്തരും ശ്രദ്ധിച്ചിരുന്നു.

പ്രസംഗങ്ങളും സംഭാഷണങ്ങളും മറ്റുപ്രവർത്തനങ്ങളും കൊണ്ടു് കേരളീയജനതയുടെ ഉദ്ധാരണത്തിനു ശ്രീ നാരായണഗുരുസ്വാമികളും തീർത്ഥപാദസ്വാമികളും പ്രവർത്തിച്ചപ്പോൾ നീലകണ്ഠതീർത്ഥ പാദസ്വാമികൾ "ദേവാർച്ചാപദ്ധതി" "ആചാരപദ്ധതി" മുതലായ ഗ്രന്ഥങ്ങൾ മൂലംസമുദായസ്വാതന്ത്ര്യത്തിനു വഴി തെളിച്ചുകൊടുത്തു

സ്വാമികളുടെ ഷഷ്ടിപൂർത്തിസ്മാരകമായി ശിഷ്യൻ തീർത്ഥപാദസ്വാമികളുടെആശ്രമത്തിൽ സ്ഥാപിച്ചിട്ടുള്ളതാണ് എഴുമറ്റൂരിലുള്ള ആശ്രമം. സ്വാമികളുടെഅനുഗ്രഹം സിദ്ധിച്ചിട്ടുള്ളവരായി അനവധി ഗൃഹസ്ഥശിഷ്യന്മാർ കേരളത്തിലുണ്ട്. എങ്കിലും സ്വാമികളുടെ ജീവിതത്തോടു അത്യന്തംബന്ധപ്പെട്ട ഒരു വ്യക്തിയാണ് ശ്രീ. ശമ്പളത്തു ശാകുപ്പിള്ള. സ്വാമികളുടെ ഭാവനയിലും ആദർശത്തിലുംകൂടി ജീവിച്ചു ജനസേവനം ചെയ്യുന്ന ഈ ശിഷ്യന്റെ ശുശ്രൂഷയിൽ കരുനാഗപ്പള്ളി പന്മന സി. പി. പി. സ്മാരക വായനശാലയിൽ സ്വാമികൾ വിശ്രമിച്ചുവരവെ ൭൦-ാംവയസ്സിൽ ൧൦൯൯ മേടത്തിൽ മഹാസമാധി അടഞ്ഞു.

സ്വാമികളാൽ നേരത്തെ സമാധിപീഠമായി നിർദ്ദേശിക്കപ്പെട്ടിരുന്ന അടുത്തുള്ള ഒരുകാവിൽ ആ ദിവ്യദേഹത്തെ സമാധി ഇരുത്തി. ശ്രീ. കമ്പളത്തിന്റെ ശ്രമത്തിൽ ശ്രീഭട്ടാരകേശ്വരംഎന്നൊരുക്ഷേത്രം അവിടെ സ്ഥാപിച്ചു. ഉത്തരോത്തരം അഭിവൃദ്ധിയിൽ വരുന്ന ഈ ക്ഷേത്രത്തിൽ മഹാത്മാഗാന്ധി, മീരാബെൻ, ഏ. വി. ഠക്കർ, അരുണാആസഫാലി തുടങ്ങിയ ഭാരതത്തിലെ മഹത്തുക്കളിൽ പലരും ആരാധന നടത്തിയിട്ടുണ്ട്.

ഈ ദിവ്യപുരുഷന്റെ ഗ്രന്ഥങ്ങളും പ്രബന്ധങ്ങളും അനവധി പ്രസിദ്ധപ്പെടുത്തുവാൻഇടയായിട്ടില്ല എന്നുപറയേണ്ടിവരുമ്പോൾ ഉദാസീനനും മഹർഷികല്പനും അവധൂതപ്രായനുമായ സ്വാമികളുടെ അന്നത്തെ സഹചാരികളായശിഷ്യന്മാരുടേയും ഭക്തന്മാരുടേയും അപരാധം അക്ഷന്തവ്യമാണ്. സ്വാമികളുടെ കയ്യെഴുത്തുപുസ്തകങ്ങളും ലേഖനങ്ങളും ഇനിയെങ്കിലും പ്രസിദ്ധപ്പെടുത്തുകയും അവിടത്തെ ആദർശങ്ങൾ രൂപംപ്രാപിപ്പിക്കുകയുംചെയ്യേണ്ടതു കേരളീയജനതയുടെ ഒഴിച്ചുകൂടാത്ത കടമയാണ്.

സ്വാമികളുടെ സമാധിസ്മാരകമായ "പന്മന ആശ്രമം" അവിടത്തെ സർവ്വഭാവനകളും പ്രസരിക്കുന്ന ഒരു ഉൽകൃഷ്ടകേന്ദ്രമായി ഇനിയെങ്കിലും ഉയരുമെന്നു നമുക്കാശിക്കാം.

—०—

(അഞ്ചാംപേജിൽനിന്നും തുടർച്ച)

ജനവിദ്യാഭ്യാസവും, ഏ. അഹമ്മദുകുഞ്ഞു ബി. ഏ., എൽ. റ്റിയുടെ മനശ്ശാസ്ത്രവും പ്രതിപാദനംസമഗ്രമായിട്ടില്ലെങ്കിലും ശ്രദ്ധേയമായ ലേഖനങ്ങളാണ്. ഏകാങ്കനാടകങ്ങളെപ്പറ്റി ആർ. നാരായണപ്പണിക്കരവർകൾ ചെയ്തിരിക്കുന്ന ശാസ്ത്രീയചിന്തനം ആ പ്രസ്ഥാനം ഭാഷയിൽ ജന്മമെടുക്കാൻ തുടങ്ങിയിരിക്കുന്ന ഈ സന്ദർഭത്തിൽ തികച്ചും ആദരണീയമാണ്. "വികാസ"ദശയെ പ്രാപിച്ചിരിക്കുന്നഓംചേരിയുടെ കവിത, വിശേഷാൽപ്രതിയിലെ കവിതാവിഭാഗത്തിൽ അസൂയാർഹമായ ഒരുനില അവലംബിച്ചുനിലകൊള്ളുന്നു.

മാദകാനന്ദങ്ങളാലാസന്ധ്യയിപ്പുകലിനെ-
സ്സാരമധുരത്തിൽ ചേർത്തുകണ്ണടയ്ക്കു-
മ്പോൾ

എന്ന ഭാവാത്മകചിത്രത്തിനു നിറം പിടിപ്പിച്ചു കവിതാരസം പകർന്നതരുന്ന ഓംചേരി പാരസികകവികളുടെ മന്ത്രിച്ചാറിന്റെ മധുരിമ നമ്മെക്കൊണ്ടു നുണപ്പിക്കുന്നു. പാടലീപുത്രത്തിൽനിന്നു ന്യൂറംബെർഗ്ഗിലേയ്ക്കു്, എന്നലേഖനത്തിൽ ജി. രാമനാഥയ്യർ പൌരസ്ത്യപാശ്ചാത്യങ്ങളായ രാഷ്ട്രീയസംഭവങ്ങളുടെ ആദർശഭിന്നതയെ സൂക്ഷ്മമായി വെളിവാക്കിവയ്ക്കുന്നു. പ്രസിദ്ധകഥാകൃത്തായ എൻ. പി. യുടെ അഭിസാരിക എന്ന ചെറുകഥ ശ്രവണമാത്രയിൽ ഒരു പുരോഗമനബുദ്ധി വളത്തിയെക്കാമെങ്കിലും ആദർശസുരഭിലമായമനോന്തരത്തിനു അനുവാചകനിടവരുത്തുന്ന ഒരുസാങ്കല്പികവൈഭവമായി അനുഭവപ്പെട്ടു. ഇതിലെ ചെറുകഥകളെല്ലാംതന്നെ ആദർശപരമാണ്. നാല്ലു ഇംഗ്ലീഷുലേഖനങ്ങളും ഈ സമ്പുടത്തിൽ പെടുന്നുണ്ട്. വനിതാജനങ്ങളും തങ്ങളുടെ സാഹിത്യസേവനത്തെ ഇതിനു വേണ്ടി സമർപ്പിച്ചിട്ടുണ്ട്. നല്ലവെള്ളക്കടലാസിൽ ഭംഗിയായി മുദ്രണം ചെയ്തിരിക്കുന്ന ഈ വിശേഷാൽപ്രതി ആ വിധത്തിലും ഒരു അഭിനവ ദർശനം സംധിപ്പിച്ചുതരുന്നു. പ്രസിദ്ധരായ പ്രസിദ്ധകരുടെ പ്രശസ്തിയെപ്രകീർത്തിക്കുന്നതായിത്തന്നെ ഇരിക്കുന്നു വിശേഷാൽപ്രതി.

സി. എം. പി.

—०—

## പണ്ഡിററ് നെഹ്റുവിന്റെ പ്രമേയം

—*—

### നാട്ടുരാജ്യപ്രതിനിധികൾക്കു സ്വാഗതം

ന്യൂഡൽഹി ഏപ്രിൽ ൨൭—ഇതിനകം കാൺസംബ്ളിയിലേക്കു തിരഞ്ഞെടുക്കപ്പെട്ടിട്ടുള്ള നാട്ടുരാജ്യപ്രതിനിധികളെ സ്വാഗതംചെയ്തുകൊണ്ടും ബാക്കിയുള്ള നാട്ടുരാജ്യങ്ങൾകൂടി ഉടനെ ചേരുമെന്നുള്ള പ്രത്യാശയെ പ്രകടമാക്കിക്കൊണ്ടുമുള്ള ഒരു പ്രമേയം തിങ്കളാഴ്ച കൂടുന്ന കാണസംബ്ളിസമ്മേളനത്തിൽ പണ്ഡിത ജവഹരിലാൽനെഹ്റു അവതരിപ്പിക്കുന്നതാണ്. (ഏ. പി.)

—०—

## കാൺസംബ്ളിയിലേക്ക്

മദ്രാസ് ഏപ്രിൽ ൨൬—മദ്രാസ് പ്രധാനമന്ത്രി മി. ഒ. പി. രാമസ്വാമിറെഡ്യാരും, വേറെ അഞ്ചു മന്ത്രിമാരും കാൺസംബ്ളിയിൽ സംബന്ധിക്കുന്നതിനായി വിമാനമാർഗ്ഗം ഡൽഹിയിലേക്കു പുറപ്പെട്ടിരിക്കുന്നു. (ഏ. പി.)

—०—

ദുർവ്യയം ചെയ്യേണ്ട

തുണി ഇന്നു് ഒരു അമൂല്യവസ്തുവാണ്. അതുകൊണ്ടു നിങ്ങളുടെ വസ്ത്രങ്ങളെ 501 സോപ്പുകളെക്കൊണ്ടു ജാഗ്രതയോടെ വെളുപ്പിച്ചു് കഴിയുന്നത്രയും കാലം നിൽക്കുമാറാക്കുക. പക്ഷേ, സോപ്പു് ദുർവ്യയം ചെയ്യേണ്ട. മിതമായെ, അഴുക്കുകളവാൻ ആവശ്യമുള്ളത്ര മാത്രമേ, ഉപയോഗിക്കാവൂ. അതു് സോപ്പു ലാഭിക്കുന്നതിനു പുറമേ നിങ്ങളുടെ വസ്ത്രങ്ങളെയും സൂക്ഷിക്കും.



501 സോപ്പുകൾ

ദി ടാററാ ഓയിൽമിൽസ് കമ്പനി ലിമിററഡ്

(നാലാംപേജിൽനിന്നും തുടർച്ച)

നായസേന വാരിവെട്ടുത്തുകൊണ്ട് അയാൾ മിന്നൽവേഗത്തിൽ വെളിയിലേക്കു പാഞ്ഞു.

ഞാൻ അയാളുടെ പുറകേ ഓടി മറ്റൊരു ദാരുണസംഭവമെങ്കിലും ഒഴിവാക്കാൻ കഴിഞ്ഞെങ്കിലോ എന്നായിരുന്നു എൻെറ ആശകളെല്ലാം. പക്ഷേ ഘോരസ്സായ സ്ഥലത്തു് എത്തിയപ്പോൾ എനിക്കു മനസ്സിലായി എൻെറ ശ്രമം വിഫലമാണെന്നു്. ഭ്രാന്തൻ എന്നിൽനിന്നും വളരെദൂരം മുമ്പിലായിരുന്നു. എന്താണു് സംഭവിക്കാൻ പോകുന്നതെന്നു വീണ്ടും ഞാൻ അറിഞ്ഞു.

അയാൾ കുന്നിൻമുകളിലെത്തി കുറച്ചുനേരം താഴെ സമുദ്രത്തിലേക്കു് തുറിച്ചുനോക്കി അസ്തമയചന്ദ്രൻെറ നേരിയ കിരണങ്ങൾ ആ അഭൌമികരൂപത്തിൻെറ ഭയാനകതയെ വർദ്ധിപ്പിച്ചു. അടുത്തനിമിഷത്തിൽ പെൺകിട്ടിയെ മുറുകെ പിടിച്ചുകൊണ്ടു് അയാൾ അനന്തതയിലേയ്ക്കു് ചാടി.

ഞാൻ സ്ഥലത്തെത്തി താഴോട്ടുനോക്കിയപ്പോൾ അറബിക്കടലിൻെറ ഗംഭീരമായ ഇരമ്പം എന്നെ സ്വാഗതംചെയ്തു അത്രയും ഒരുക്രൂട്ടം കടൽക്കാക്കളുടെ കരച്ചിലും.

II

ഒടുവിൽ യാന്ത്രികശക്തിയാലെന്നപോലെ ഞാൻ അവിടംവിട്ടു. ഈ സംഭവങ്ങൾക്കെല്ലാംകുറ്റക്കാരൻ ഞാൻ തന്നെയാണെന്നു എനിക്കു തോന്നി. ഇതൊഴിവാക്കാൻ എന്തെങ്കിലും എനിയ്ക്കു് പ്രവർത്തിക്കാൻ കഴിയുമായിരുന്നു, അല്ലേ? ഇതോടൊപ്പംതന്നെ എനിക്കു പരിപൂർണ്ണാവിശ്വാസമുണ്ടായിരുന്നു. സംഭവങ്ങൾ ആവർത്തിക്കപ്പെടുകയാണെങ്കിൽ ഞാൻ പഴയപടിതന്നെ പെരുമാറും എന്നു്! എല്ലാം ഒരു സ്വപ്നംപോലെയാണു് എനിയ്ക്കു തോന്നിയതു്.

ഒരു പൊന്തനിരത്തിൽക്കൂടിയാണു് ഞാൻ നടക്കുന്നതു് എന്നു് എനിക്കു മനസ്സിലായി. ഏറ്റവും വേഗത്തിൽ മനുഷ്യവാസമുള്ള ഒരു സ്ഥലത്തു് ചെന്നെത്തണമെന്ന ആശയോടുകൂടി ഞാൻ ദ്രുതഗതിയിൽ നടന്നു. ഭാഗ്യലക്ഷ്മി എന്നെ കടാക്ഷിച്ചു. ഒരു കാർ എൻെറ നേർക്കു വരുന്നുണ്ടായിരുന്നു. റോഡിൻെറ മദ്ധ്യഭാഗത്തുനിന്നു ഞാൻ അതു് നിറുത്തി.

'നിങ്ങൾ മഴമുഴുവനും നനഞ്ഞതായി തോന്നുന്നല്ലോ. വേണമെങ്കിൽ കാറിൽ കയറിക്കൊള്ളൂ' കാറിനകത്തിരുന്ന ആൾ പറഞ്ഞു.

'അങ്ങയുടെ ക്ഷണം സ്വീകരിക്കാൻ തൽക്കാലം എനിക്കു് നിവൃത്തിയില്ല.' ഞാൻ പറഞ്ഞു. 'എനിയ്ക്കു് പോലീസ്സ് സ്റ്റേഷനിലേയ്ക്കാണു് ആദ്യം പോകേണ്ടതു്.'

'പോലീസ്സ്റ്റേഷനിലേയ്ക്കോ? എന്തിനു്?'

'ഒരു കൊല ഇവിടെ അടുത്തു നടന്നു. ഘാതകൻ ഭാര്യയേയുംകൊണ്ടു് ആ കുന്നിൻപുറത്തുനിന്നു് കടലലേയ്ക്കു് ചാടിയിരിക്കുന്നു.'

എൻെറ പ്രസ്താവന അയാളെ അത്ഭുതപ്പെടുത്തുമെന്നു് എനിയ്ക്കു് അറിയാമായിരുന്നു. പക്ഷേ, അതുണ്ടാക്കിയ വിസ്മയാതിരേകം ഞാൻ പ്രതീക്ഷിച്ചിരുന്നതല്ല.

'നമുക്കു് പോകാം' കാറിനകത്തുനിന്നു് ഒരു സ്ത്രീയുടെ ഭയന്ന അപേക്ഷ കേട്ടു.

'ഇതേമാതിരിയിലുള്ള ഒരു രാത്രിയിലായിരുന്നു ആ സംഭവം നടന്നതു്.' ആലോചനാമഗ്നനായി ആഗതൻ പറഞ്ഞു:

'ഏതുസംഭവം?' ഞാൻ ചോദിച്ചു. അയാൾ എന്നെ ആകപ്പാടെ ഒന്നുനോക്കി.

'നിങ്ങൾക്കു് ഇവിടമൊക്കെ പരിചിതമാണോ?'

'ഇന്നു് ആദ്യമായിട്ടാണു് ഞാൻ ഇവിടെ വരുന്നതു്. സ്ഥലങ്ങളെല്ലാം കാണാനായിട്ടു് ഞാൻ ഇറങ്ങിതിരിച്ചതാണു്.'

'കാൽനടയായിട്ടോ?' അയാൾ ചോദിച്ചു. 'ഞാൻ ഒരു ഡാക്ടരാണു്. നിങ്ങൾ ആ നനഞ്ഞവസ്ത്രങ്ങൾ മാറ്റിയില്ലെങ്കിൽ താൽക്കാലികമായിട്ടെങ്കിലും നിങ്ങളുടെ സഞ്ചാരങ്ങൾക്കു് ഒരു പൂർണ്ണവിരാമം ഇടേണ്ടതായിട്ടു് വരും. വരൂ നമുക്കു് പോകാം.'

'അങ്ങു പറയുന്നതു് ശരിതന്നെ. അങ്ങു് ഒരു ഡാക്ടറായതു് പരമഭാഗ്യമായി. നമുക്കു് അവിടംവരെപോയി ആ ചെറുപ്പക്കാരൻ മരിച്ചുപോയോ എന്നു് തീർച്ചയാക്കിയതിനുശേഷം എവിടെ വേണമെങ്കിലും പോകാം.'

കാറിനകത്തിരുന്ന സ്ത്രീ ഡാക്ടറെവിളിച്ചു് എന്തോ മന്ത്രിച്ചു. അയാൾ തലകുലുക്കിക്കൊണ്ടു് എന്നെ വീണ്ടുംനോക്കി.

'ഈ കൊല തടയുന്നതിനായി നിങ്ങൾ ഒന്നും ചെയ്തില്ലേ.' എപ്പോഴെങ്കിലും വരുമെന്നു് ഞാൻ ഉദ്ദേശിച്ചിരുന്ന ചോദ്യം! അതിനു് മറുപടി ഞാൻ കരുതിയിട്ടില്ലായിരുന്നു.

'ഞാൻ ഒന്നും ചെയ്തില്ല—എനിയ്ക്കു് അതിനുള്ള കഴിവുണ്ടായിരുന്നില്ല. ഞാൻ അവരെ അകറ്റാനുള്ള ശ്രമത്തിൽ മുന്നോട്ടുനീങ്ങിയതിനിടയ്ക്കു് അവൾ—'

'അവൾ എന്തുചെയ്തു?' കാറിനകത്തിരുന്ന സ്ത്രീ ചോദിച്ചു.

'അവൾ ഭർത്താവിൻെറ കാൽരണ്ടും കൂട്ടിപ്പിടിച്ചു് തറയിൽനിന്നും പൊക്കി. എല്ലാവരും താഴെവീണു. പിന്നീടു് സംഭവങ്ങളെല്ലാം എളുപ്പം കഴിഞ്ഞു, നമുക്കു് അവിടംവരെ പോയിട്ടുവരാം. വളരെ അടുത്താണു് ആ വീടു്.'

'എനിയ്ക്കു് ആ വീടു് നല്ലവണ്ണം അറിയാം.' ഡാക്ടർ പറഞ്ഞു. കുറച്ചുനേരം അയാൾ ആലോചനയിലാണ്ടു. പിന്നീടു്—'നിങ്ങൾ ഇതിനുമുമ്പു് ഇവിടെ വന്നിട്ടില്ലെന്നുള്ളതു് പരമാർത്ഥമാണോ?'

'ഞാൻ പറഞ്ഞതു് സത്യമാണു്.'

'ശരി നമുക്കു് അങ്ങോട്ടുപോകാം'

വീട്ടിനടുക്കാറായപ്പോൾ അയാൾ എന്നോടുചോദിച്ചു.

'ഘാതകൻ അയാളുടെ ഭാര്യയെ ആ കുന്നിൻപുറത്തേക്കു് എടുത്തുകൊണ്ടുപോയി. അല്ലേ?'

'അതേ'

അയാൾ ആ ഗൃഹത്തിലേക്കു നോക്കി പെട്ടെന്നു നിന്നു. 'അതാ. അവിടെ ഒരു വിളക്കുകാണുന്നല്ലോ. അതു് എങ്ങിനെ വന്നു?'

'അതു ഞാൻ കൊളുത്തിവെച്ച മെഴുകുതിരിയുടെ വെളിച്ചമാണു്.'

ഞാൻ വേഗം നടന്നു. ഈ ആവശ്യമില്ലാത്ത വിളംബമെല്ലാം എന്നെ അസ്വസ്ഥനാക്കി.

വീട്ടിൻെറ കതകു് തുറന്നുതന്നെ കിടന്നിരുന്നു. ഞാൻ പ്രേതം കിടന്നിരുന്ന ഹാളിൽ കടന്നു്, അമ്പരന്നു് നിന്നുപോയി......

മെഴുകുതിരി കത്തുന്നു; കസേരകളും മറ്റും അതതു സ്ഥാനങ്ങളിൽതന്നെ; പക്ഷെ യുവാവിൻെറ മൃതശരീരം അവിടെ കാണ്മാനില്ലായിരുന്നു!

'അയ്യോ, ആ പ്രേതം എവിടെ?' ബുദ്ധിശൂന്യനായി ഡാക്ടറോടു് ഞാൻ ചോദിച്ചു. 'ഞാൻ ഇവിടെനിന്നു ഓടിയപ്പോൾ അതു് ഇവിടെ കിടക്കുന്നുണ്ടായിരുന്നല്ലോ!'

ഡാക്ടർ എന്നെ കണ്ണിമയ്ക്കാതെ നോക്കി', അതു് എനിക്കു് അറിയാം, തല കിഴക്കോട്ടായിട്ടു്'

'നിങ്ങൾ അതെങ്ങിനെയറിഞ്ഞു? നിങ്ങളാണോ അതിനെ മാറ്റുചെയ്തിരിയ്ക്കുന്നതു്?'

എൻെറ ചോദ്യത്തിനു കിട്ടിയ മറുപടി മറ്റൊരു ചോദ്യമായിരുന്നു.

'ഈ മുറിയ്ക്കു് എന്തെങ്കിലും പ്രത്യേകത നിങ്ങൾ കാണുന്നുണ്ടോ?—വിശേഷിച്ചും നിലത്തു്'

'തറ, പൊടികൊണ്ടു് മൂടിയിരിക്കുന്നു'

'ശരി. പൊടിയുള്ള തറയിൽ കാലടികളുടെ പാടുകൾ തെളിഞ്ഞുകാണുമെന്നുള്ളതു് തീർച്ചയല്ലേ. ഞാൻ, ഒരാളിൻെറ കാൽപ്പാടുകൾ മാത്രമേ ഇവിടെ കാണുന്നുള്ളല്ലോ; അതു് നിങ്ങളുടേതാണെന്നും തോന്നുന്നു.'

ഞാൻ അയാളുടെ കയ്യിൽ കടന്നുപിടിച്ചു, അയാൾ പറഞ്ഞതിൻെറ അർത്ഥം എനിയ്ക്കു് മനസ്സിലായി. എങ്കിലും ഞാൻ ചോദിച്ചു. 'നിങ്ങൾ എന്താണു് പറയുന്നതു്?'

'സുമാർ അഞ്ചുവർഷത്തിനുമുമ്പു് ഇതുപോലെയുള്ള ഒരു രാത്രിയിലായിരുന്നു ഈ ഗൃഹനാഥൻ ആ യുവജാരനെ കൊന്നതിനുശേഷം തൻെറ ഭാര്യയേയുംകൊണ്ടു് കടലിൽ ചാടിയതു്.'

—o—

## ഈശ്വരനും വിധിയും

—o—

മിക്കവാറും സമയങ്ങളിൽ മൌനിയായി കഴിച്ചുകൂട്ടിയിരുന്ന ഒരു ഫക്കീറുണ്ടായിരുന്നു. സംസാരിക്കുന്നതിനുപകരം പലപ്പോഴും അദ്ദേഹം തലയാട്ടിയോ കൈമുദ്ര കാണിച്ചോ കഴിയും. ഒരിക്കൽ ഒരു സന്ദർശകൻ അദ്ദേഹത്തെ സമീപിച്ചു വിനയഭാവത്തിൽ ചോദിച്ചു—"എൻെറ മൂന്നു ചോദ്യങ്ങൾക്കു മറുപടി നൾകുന്നതിനു അങ്ങേയ്ക്കു കനിവുണ്ടാകുമോ?"

ഫക്കീർ തലകുനിച്ചു സമ്മതിച്ചു.

"ആദ്യത്തെ ചോദ്യം ഈശ്വരനെപ്പറ്റിയാണു്. ഈശ്വരൻ ഉണ്ടെന്നു എല്ലാവരും പറയുന്നു. എന്നാൽ ഞാൻ ഈശ്വരനെ കാണുന്നില്ല. ആരും അദ്ദേഹത്തെ കാണിച്ചുതരുന്നുമില്ല. അതുകൊണ്ടു് ഈശ്വരനുണ്ടെന്നു എനിക്കു വിശ്വസിക്കാൻ നിവൃത്തിയില്ല. അങ്ങു് ഇതിനെപ്പറ്റി എന്താണു പറയുന്നതു്?"

മറുപടി ഒരു ശിരഃകമ്പം മാത്രമായിരുന്നു.

"രണ്ടാമത്തെ ചോദ്യം പിശാചിനെപ്പറ്റിയാണു്. പിശാചിനെ അഗ്നിയിൽനിന്നാണു സൃഷ്ടിക്കപ്പെട്ടിട്ടുള്ളതെന്നു വിശുദ്ധ ഖുർആൻ പറയുന്നു. അങ്ങനെയാണെങ്കിൽ നരകാഗ്നി പിശാചിനെ വേദനിപ്പിക്കുന്നതെങ്ങനെ?

മറുപടിയായി ഫക്കീർ ഒന്നുകൂടി തലയാട്ടി.

"മൂന്നാമത്തെ ചോദ്യം എന്നെത്തന്നെ സംബന്ധിക്കുന്നതാണു്. മനുഷ്യൻെറ പ്രവൃത്തികൾ വിധിയനുസരിച്ചാണെന്നു ഖുർആൻ പ്രസ്താവിക്കുന്നു. അങ്ങനെയാണെങ്കിൽ ഞാൻചെയ്യുന്ന കൃത്യങ്ങൾക്കുള്ള ഉത്തരവാദിത്വം എന്നിൽ ചുമത്തി ഈശ്വരൻ അതിന്മേൽ വിധികല്പിക്കുന്നതെങ്ങനെ? ദയവായി ഇതിനു മറുപടി നൾകിയാലും."

ഫക്കീർ ഒന്നുകൂടി തലകുലുക്കിയശേഷം ഒരു കട്ട ചളിവാരി ശക്തിയായി സന്ദർശകൻെറ മുഖത്തേയ്ക്കെറിഞ്ഞുകൊടുത്തു.

സന്ദർശകൻ കോപിച്ചു ന്യായാധിപസന്നിധിയിൽ അന്യായം ബോധിപ്പിക്കുകയും ഫക്കീറിനെ ബന്ധിച്ചു കോടതിമുമ്പാകെ ഹാജരാക്കുന്നതിനു അദ്ദേഹം ആജ്ഞാപിക്കുകയും ചെയ്തു. ഫക്കീർ കോടതിമുമ്പാകെ ഹാജരാക്കപ്പെട്ടു. തൻെറ മുഖത്തെ വേദന ദുസ്സഹമാണെന്നു അന്യായക്കാരൻ ബോധിപ്പിച്ചു. അന്യായത്തിലെ സംഗതികൾ വാസ്തവമാണോ എന്ന ചോദ്യത്തിനുത്തരമായി ഫക്കീർ ഇ

(ശേഷം പത്താംപേജിൽ)

## അറിയിപ്പു്

—o—

അഭിപ്രായത്തിനുള്ള പുസ്തകങ്ങളുടെ രണ്ടു പ്രതികൾവീതം പത്രാധിപർ, മലയാളരാജ്യം, കൊല്ലം എന്ന മേൽവിലാസത്തിൽ അയയ്ക്കേണ്ടതാണു്. പ്രസിദ്ധീകരണത്തിനുള്ള ലേഖനങ്ങൾ മുതലായവ മഷികൊണ്ടു കടലാസിൻെറ ഒരു വശത്തുമാത്രം വ്യക്തമായി എഴുതിയിരിക്കേണ്ടതും മേൽകാണിച്ചിട്ടുള്ള മേൽവിലാസത്തിൽ അയച്ചുതരേണ്ടതുമാണു്. ആഫീസുദ്യോഗസ്ഥന്മാരുടെ സ്വകാര്യമേൽവിലാസത്തിൽ അയയ്ക്കപ്പെടുന്ന ലേഖനങ്ങൾ, ഗ്രന്ഥങ്ങൾ മുതലായവ ഗൌനിക്കുന്നതല്ല.

പത്രാധിപർ.

—o—

## അഭിപ്രായത്തിനു അയച്ചുതന്നിട്ടുള്ള പുസ്തകങ്ങൾ

വിദ്യാഭിവർദ്ധിനി വാർഷികവിശേഷാൽ പ്രതി-൧൯൪൭ വിദ്യാഭിവർദ്ധിനിപ്രസ് കൊല്ലം. പേജ് ൧൧൨.

കോൺഗ്രസ്സിൻെറ സന്ദേശം—ആചാര്യ കൃപലാനി കൊച്ചി സന്ദർശിച്ചപ്പോൾ ചെയ്ത പ്രസംഗങ്ങൾ—ദീനബന്ധു പ്രിൻറിംഗ് ആൻറ പബ്ളിഷിംഗ് കമ്പനി ലിമിറ്റഡ്, എറണാകുളം. പേജ് ൨൩—വില ൮ ണ.

ജവഹർലാൽ (പദ്യം) പെട്ടരഴികം ചെറിയ രാമൻ എഴുതിയതു്. അരുണോദയം പ്രസ്സ്, മട്ടാഞ്ചേരി, കൊച്ചിൻ സ്റ്റേറ്റ്. പേജ് ൩൨—വില രൂ: ൧.

—o—



ബ്രിട്ടീഷ് രാജകുടുംബാംഗങ്ങളുടെ [illegible] ബ്ലോംഫൊണ്ടീൻ സിറ്റിഹാളിൽവെച്ചു നടത്തപ്പെട്ട "സിവിക്ബാൾ"—ൽ സംബന്ധിക്കുന്നതിനു് രാജാവും രാജ്ഞിയും രാജകുമാരിമാരും ആഗതരാകുന്നതു്.

# ഗീതാധർമ്മം കർമ്മയോഗം തന്നെ

എൻ. ഗോവിന്ദപ്പണിക്കർ റിട്ടഃഅസിസ്റ്റൻറ് പേഷ്ക്കാർ

ഭഗവൽഗീത സാധാരണമായി സന്യാസപരമായിട്ടാണ് ഗ്രഹിക്കപ്പെടാറുള്ളതു്. എന്നാൽ ഗീതയെ ആദ്യന്തം വിശകലനം ചെയ്യുന്ന ഗീതാരഹസ്യത്തേയും മററു ഗ്രന്ഥങ്ങളേയും അടിസ്ഥാനമാക്കി നോക്കുന്നതായാൽ ഗീത ഉപദേശിക്കുന്ന ഭാഗം കർമ്മയോഗമാണെന്നു കാണാവുന്നതാണ്.

ഗീതയിലെ വിഷയവിശകലനം ചെയ്യുന്നതിന് ആദ്യമായി അതിലെ ഒരു പ്രധാനപദമായ 'യോഗ'മെന്നതിൻെറ അർത്ഥം നിർണ്ണയിക്കേണ്ടിയിരിക്കുന്നു. 'യോഗ'മെന്ന പദത്തിന് ഇന്നു സാധാരണമായി കൊടുക്കുന്ന അർത്ഥം പ്രാണായാമാദ്യുപായങ്ങളെക്കൊണ്ട് ഇന്ദ്രിയങ്ങളെ അഥവാ ചിത്തവൃത്തിയെ നിരോധിക്കുക അഥവാ പാതഞ്ജലസൂത്രോക്തമായ സമാധി അല്ലെങ്കിൽ ധ്യാനമെന്നാണ്. ഇതേ അർത്ഥത്തിൽ ഉപനിഷത്തുകളിലും ഉപയോഗിക്കപ്പെട്ടിട്ടുണ്ട്. (കഠ. ൬. ൧൧) എന്നാൽ ഭഗവൽഗീതയിൽ ഈ പദം ഉപയോഗിച്ചിരിക്കുന്നതു് ഈ സങ്കുചിതാർത്ഥത്തിലല്ലാ. 'യോഗ'മെന്ന പദം ചേർക്കുക എന്നർത്ഥമുള്ള 'യുജ്' എന്ന ധാതുവിൽനിന്ന് ഉണ്ടായതാണ്. അതിൻെറ ധാത്വർത്ഥം യോജിപ്പിക്കുന്നതു്, കൂട്ടിചേർക്കുന്നതു്, പ്രാപിപ്പിക്കുന്നതു്, സംയോജനം എന്നൊക്കെയാണ്. പിന്നീട് ആ സ്ഥിതിയെ സമ്പാദിക്കുന്നതിനാവശ്യമായ ഉപായം, സാധനം യുക്തി അഥവാ രീതി അല്ലെങ്കിൽ ചെയ്യേണ്ട സംഗതി അതായതു് കർമ്മം എന്നുമർത്ഥമുണ്ടായി. 'യോഗഃസന്നഹനോപായ ധ്യാനസംഗതി യുക്തിഷു' എന്ന് അമരകോശത്തിൽ ഈ എല്ലാഅർത്ഥങ്ങളും കൊടുത്തിട്ടുമുണ്ട്. ഫലജ്യോതിഷപ്രകാരം ഗ്രഹങ്ങൾ അനുകൂലമോ പ്രതികൂലമോ ആണെങ്കിൽ അവ ശുഭമോ അശുഭമോ ആയ യോഗത്തെ ചെയ്യുന്നു എന്നു നാം പറയാറുണ്ട്. 'യോഗക്ഷേമം' എന്നതിലെ യോഗത്തിൻെറ അർത്ഥം തനിക്കില്ലാത്തതിനെ സമ്പാദിക്കുകയെന്നർത്ഥമാകുന്നു. (ഗീ. ൯. ൨൨) ഭാരതയുദ്ധത്തിൽ ദ്രോണാചാര്യരെ തോല്പിക്കുവാൻ കഴിയുന്നില്ലെന്നു കണ്ടിട്ടു ശ്രീകൃഷ്ണഭഗവാൻ ഇപ്രകാരം പറയുന്നു:—'ഏകോഹിയോഗോസ്യ ഭവേദ്വധായ', അതായതു അവൻെറ വധത്തിന് ഒരു യോഗമേ അതായതു ഒരു മാർഗ്ഗമേ അഥവാ ഉപായമേയുള്ളൂ. (മ. ഭാ. ദ്രോ. ൧൮൧. ൩൧) അംബ മുതലായ രാജകുമാരികളെ ഭീഷ്മർ അപഹരിച്ച് കൊണ്ടുപോയപ്പോൾ മററു രാജാക്കന്മാർ 'യോഗ, യോഗ' എന്നു പറഞ്ഞുകൊണ്ട് അവനെ പിന്തുടർന്നു എന്നു ഉദ്യോഗപർവ്വത്തിൽ പറഞ്ഞിട്ടുണ്ട് (ഉ. ൧൭൨) ഗീതയിൽ 'യോഗ, 'യോഗി' എന്നും 'യോഗ' ശബ്ദത്തിൻെറ സമാസപദങ്ങളും കൂടി ഏകദേശം ൮൦ പ്രാവശ്യം വന്നിട്ടുണ്ട്. എന്നാൽ അതു് 'പാതഞ്ജലയോഗ'മെന്ന അർത്ഥത്തിൽ കൂടുതലായാൽ നാലോ അഞ്ചോ പ്രാവശ്യത്തിൽ കൂടുതലായി ഒരിടത്തും ഉപയോഗിക്കപ്പെട്ടിട്ടില്ല. (ന്യു. ൧൨, ൨൩.) മിക്കവാറും എല്ലായിടത്തും തന്നെ ആ പദം ഏറെക്കുറെ ഉപായം, യുക്തി, കൌശലം, ചെയ്യേണ്ടസംഗതി (കാര്യം) അഥവാ സംയോജനം എന്ന അർത്ഥത്തിൽ ഉപയോഗിക്കപ്പെട്ടിരിക്കുന്നതായിട്ടാണ് കാണപ്പെടുന്നതു്. ഇതു ഗീതാശാസ്ത്രത്തിലെ വ്യാപക ശബ്ദങ്ങളിൽ ഒന്നാണ്. എന്നാലും 'യോഗ' ശബ്ദത്തിനു 'കൗശലം' അഥവാ 'രീതി' എന്നു് പൊതുവിൽ പറഞ്ഞതുകൊണ്ടും മതിയാകുന്നതല്ല. എന്തെന്നാൽ ഉച്ചരിക്കുന്നവൻെറ ഉദ്ദേശം പോലെ ഈ രീതി അഥവായുക്തി സന്യാസമോ കർമ്മമോ ചിത്തനിരോധമോ മോക്ഷമോ മററുവല്ലതുമോ ആയേക്കാം. ഉദാഹരണമായി 'യോഗം' എന്നപദം ഗീതയിൽ മൂന്നോ നാലോ സ്ഥലങ്ങളിൽ ശ്രീഭഗവാൻെറ അനേകവിധമായവ്യക്തിസൃഷ്ടിയെ നിർമ്മിക്കുന്നതായ 'ഈശ്വരകൗശല്യം' അഥവാ 'അത്ഭുതശക്തി' എന്ന അർത്ഥത്തിൽ ഉപയോഗിക്കപ്പെട്ടിട്ടുണ്ട്. (൭. ൨൫; ൯. ൫; ൧൦, ൭; ൧൧. ൮;) ആ കാരണത്താൽ ശ്രീ ഭഗവാൻ 'യോഗേശ്വരൻ' (൧൮. ൭൮) എന്നു വിളിക്കപ്പെട്ടിട്ടുമുണ്ട്. എന്നാൽ ഗീതയിൽ ആ പദത്തിൻെറ പ്രധാന അർത്ഥം ഇതല്ല. അതിനാൽ യോഗം എന്ന പദംകൊണ്ട് ഏതൊരു വിശിഷ്ടമായ സാമർത്ഥ്യം ഉപായം, യുക്തി അഥവാ രീതിയാണ് പ്രാധാന്യേന ഗീതയിൽ ഉദ്ദേശിക്കപ്പെട്ടിരിക്കുന്നതെന്നു് നിർദ്ദേശിക്കുവാൻ വേണ്ടി ഗീതയിൽതന്നെ 'യോഗ'മെന്നതു് 'കർമ്മസുകൗശലം' (൨. ൫൦) എന്നു സ്പഷ്ടമായി മനഃപൂർവ്വം വിവരിക്കപ്പെട്ടിട്ടുണ്ട്. ശങ്കരഭാഷ്യത്തിൽ 'കർമ്മസുകൗശലം' എന്ന വചനം ബന്ധനത്തെ ഉണ്ടാക്കുന്നതായ കർമ്മത്തിൻെറ സ്വാഭാവിക പ്രാവണ്യത്തെ നശിപ്പിക്കുന്നതിനുള്ള ഉപായം (യുക്തി) എന്ന അർത്ഥത്തിൽ തന്നെ വ്യാഖ്യാനിക്കപ്പെട്ടിട്ടുമുണ്ട്. സാധാരണയായി പറയുന്നതായാൽ ഒരേ ഒരു കർമ്മം തന്നെ ചെയ്യുന്നതിനു അനേകയോഗങ്ങൾ അഥവാ ഉപായങ്ങൾ ഉണ്ട്. എന്നാൽ ഈ വിവിധ മാർഗ്ഗങ്ങളിൽ ഏററവും ഉത്തമമായതു് 'യോഗ'മെന്നു വിശിഷ്യ പറയപ്പെടുന്നു. ഉദാഹരണമായി മോഷണം കൊണ്ടോ ചതിവുകൊണ്ടോ യാചകവൃത്തികൊണ്ടോ കടംവാങ്ങലുകൊണ്ടോ സേവകവൃത്തികൊണ്ടോ തൻെറ സ്വാതന്ത്ര്യത്തെ ബലി കഴിക്കാതെ തൻെറ സ്വന്തപ്രയത്നംകൊണ്ടു ദ്രവ്യം സമ്പാദിക്കാനുള്ള മാർഗ്ഗങ്ങളുണ്ട്. യോഗമെന്ന പദത്തിൻെറ ധാത്വർത്ഥം അനുസരിച്ച് ഇവയിൽ ഓരോന്നിനും യോഗമെന്ന പദം ചേരുമെങ്കിലും തൻെറ സ്വാതന്ത്ര്യത്തെ ബലികഴിക്കാതെതൻെറ സ്വന്ത പ്രയത്നം കൊണ്ടുദ്രവ്യം സമ്പാദിക്കുന്നതു് 'ദ്രവ്യസമ്പാദനയോഗ'മെന്നു പ്രാധാന്യേനപറയപ്പെടുന്നു.

൨. ശ്രീഭഗവാൻതന്നെ 'യോഗഃ കർമ്മസുകൗശലം' എന്നു പ്രത്യേകം വിവരിച്ചിരിക്കെ, ഇതിനെ വിഗണിച്ച് വ്യാഖ്യാതാക്കന്മാർ ഈ പദത്തിൻെറ അർത്ഥത്തെ പിടിച്ചു വളച്ച് അനേക ഗൂഢാർത്ഥങ്ങളെ വലിച്ചിട്ടിരിക്കുകൊണ്ട് ഈ തെററിദ്ധാരണയെ മാററുന്നതിനുവേണ്ടി ഈ പദത്തിൻെറ അർത്ഥത്തെ കുറെക്കൂടെ ഗഹനമായി വിമർശിക്കേണ്ടതാവശ്യമായിട്ടിരിക്കുന്നു. യോഗമെന്നപദം ആദ്യമായി രണ്ടാംഅദ്ധ്യായത്തിൽ വരികയും അവിടെതന്നെ അതിൻെറ അർത്ഥം നിർദ്ദേശി

(ശേഷം പതിനൊന്നാംപേജിൽ)

(ഒൻപതാംപേജിൽനിന്നും തുടർച്ച)

പ്രകാരം പ്രതിവചിച്ചു—

"ഈ മനുഷ്യൻ എന്നെ സന്ദർശിച്ചു. അദ്ദേഹം ചോദിച്ച മൂന്നു ചോദ്യങ്ങൾക്കും ഞാൻ വ്യക്തമായ ഉത്തരം നൽകി. ഈശ്വരൻ ഉണ്ടെന്നു ആളുകൾ പറയുന്നതായും, ഈശ്വരനെ കാണുന്നതിനു അദ്ദേഹത്തിനു സാധിക്കാത്തതിനാലും ആക്കും കാണിച്ചുകൊടുക്കാൻ കഴിയാത്തതിനാലും അദ്ദേഹത്തിനു ഈശ്വരനിൽ വിശ്വസിക്കാൻ നിവൃത്തിയില്ലാത്തതായും അദ്ദേഹം പറഞ്ഞു. അദ്ദേഹം ഇപ്പോൾ പറയുന്നതു ഞാനെറിഞ്ഞ മൺകട്ട ഇപ്പോഴും അദ്ദേഹത്തെ വേദനിപ്പിക്കുന്നു എന്നാണ്. എന്നാൽ ആ വേദന ഞാൻ കാണുന്നില്ല. അതു കാണാതെ അദ്ദേഹം വേദന അനുഭവിക്കുന്നെന്നു ഞാൻ വിശ്വസിക്കുന്നതെങ്ങനെ? അദ്ദേഹത്തിൻെറ വേദന എന്നെ കാണിച്ചുതരുന്നതിനു ബഹുമാനപ്പെട്ട കോടതി ആജ്ഞാപിക്കണമെന്നു അപേക്ഷിക്കുന്നു."

ന്യായാധിപൻ അന്യായക്കാരനെ നോക്കി പുഞ്ചിരി തൂകി.

ഫക്കീർ തുടർന്നു:—

"ചെകുത്താൻ അഗ്നിയിൽനിന്നാണു ഉത്ഭവിച്ചതെങ്കിൽ നരകാഗ്നി ചെകുത്താനെ ഉപദ്രവിക്കുന്നതെങ്ങനെയെന്നായിരുന്നു ഈ മനുഷ്യൻെറ അടുത്ത ചോദ്യം. ആദാമിനെ സൃഷ്ടിച്ചതു മണ്ണുകൊണ്ടാണെന്നു അദ്ദേഹം സമ്മതിക്കും. അദ്ദേഹവും മണ്ണിൽനിന്നുതന്നെയാണു ഉത്ഭവിച്ചിട്ടുള്ളതു്. അങ്ങനെയാണെങ്കിൽ ഞാൻ എറിഞ്ഞ മൺകട്ട അദ്ദേഹത്തിനു ഉപദ്രവകരമാകുന്നതെങ്ങനെയെന്നു എനിക്കു മനസ്സിലാകുന്നില്ല.

തൻെറ സമാധാനം ഫക്കീർ ഇപ്രകാരം ഉപസംഹരിച്ചു.

"ഇനി മൂന്നാമത്തെ ചോദ്യത്തെപ്പററിയാണു ബോധിപ്പിക്കുന്നതു്. ഒരു മൺകട്ട ഞാൻ അദ്ദേഹത്തിൻെറ മുഖത്തു എറിയണമെന്നാണു ഈശ്വരനിശ്ചയമെങ്കിൽ. അതിനു അദ്ദേഹം ഇവിടെ പരാതിപ്പെടുന്നതെന്തിനു്?"

ഫക്കീർ എറിഞ്ഞ മൺകട്ട മൂന്നു ചോദ്യങ്ങൾക്കും ശരിയായ സമാധാനം നൽകിയതായി ന്യായാധിപൻ അഭിപ്രായപ്പെട്ടു. മേലാൽ ഇപ്രകാരമുള്ള ചോദ്യങ്ങൾക്കു അക്രമരഹിതമായ മറുപടി കേൾക്കുന്നതാണ് അഭിലഷണീയമെന്ന ഉപദേശത്തോടുകൂടി അദ്ദേഹം പ്രതിയെ വിട്ടയച്ചു.

—•—

മാധവ
സരസപരില
നറുനീണ്ടി സത്ത്
രക്തവർദ്ധക ഔഷധങ്ങൾ
ചേർത്ത് തയ്യാർ ചെയ്തത്
രക്ത ശുദ്ധിക്കും
രക്തം ദുഷിച്ചുണ്ടാകുന്ന
രോഗങ്ങൾക്കും
അത്യുത്തമം
മാധവ ഫാർമസി ലിമിററഡ്
ബാനർജി റോഡ്, എറണാകുളം
SOLD EVERYWHERE
Distributors for
Travancore & Cochin
A. KUMARAN. ALWAYE.

ഹിന്ദീ സ്വയം ശിക്ഷക്
വില രൂ. ൧. ണ. ൮.
ശ്രീരാമവിലാസം പ്രസ്സ് കൊല്ലം

വില്പനയ്ക്കു തയ്യാറായി!
ശ്രീ: കെ. എം. എൻ. ചെട്ടിയാരുടെ
# കോമളനന്ദിനി
(ഒരുത്കൃഷ്ടമായ ഡിററക്ടീവുനോവൽ)
൩൩൦-ൽപരം പേജുകൾ
വില രൂപാ 2 മാത്രം.
Apply to:
വിദ്യാരംഭം പ്രസ്സ് & ബുക്കുഡിപ്പോ,
മുല്ലയ്ക്കൽ, ആലപ്പുഴ.



ബ്രിട്ടീഷ് രാജാവും രാജ്ഞിയും രാജകുടുംബവും ദക്ഷിണാഫ്രിക്കയിലെ ഡർബാൻ സന്ദർശിച്ചവേളയിൽ എടുത്ത ചിത്രം. വലതുവശത്തു് എലിസബെത്തു് രാജകുമാരിയും ഇടതുവശത്തു് മർഗററ് രാജകുമാരിയും നില്ക്കുന്നു. എലിസബെത്തു് രാജകുമാരിയ്ക്കു് ഏപ്രിൽ ൨൧-ാംനു തിങ്കളാഴ്ച ൨൧ വയസ്സു് തികയുകയുണ്ടായി. എലിസബെത്തു് രാജകുമാരി അടുത്ത ബ്രിട്ടീഷ് കിരീടാവകാശിയാണ്.

(പത്താംപേജിൽ നിന്നും തുടർച്ച)

ക്കയും ചെയ്യുന്നു. ശ്രീ ഭഗവാൻ യുദ്ധത്തെ ആദ്യം സാംഖ്യജ്ഞാനമനുസരിച്ചു ന്യായീകരിക്കുന്നു. (൨. ൧൧, ൩൩, ൩൭, ൩൮) അതിനുശേഷം യോഗപ്രമാണത്തെ അടിസ്ഥാനമാക്കി ന്യായീകരിക്കുവാൻ തുടങ്ങിയിട്ടുണ്ട് (൨. ൩൯) ഈ മാർഗ്ഗത്തിൽ ഏകാഗ്രതയോടും സ്ഥിരതയോടും കൂടിയ ബുദ്ധിയാവശ്യമാണെന്നും പറയുന്നു. (൨.൪൧) ഉടനെ യാഗാദികളായ കാമ്യകർമ്മങ്ങളിൽ നിരന്തരം പ്രേരിതരായവരുടെ മനസ്സുകൾ ഫലാശാഹേതുവായിട്ട് എങ്ങിനെ ചഞ്ചലമായിത്തീരുന്നു എന്നു വർണ്ണിക്കയും (൨. ൪൧, ൪൩) അർജ്ജുനൻ തന്റെ മനസ്സിനെ അപ്രകാരം ബഹുമുഖമാക്കരുതെന്നും ആസക്തിയെല്ലാം ഉപേക്ഷിക്കണമെന്നും എന്നാൽ കർമ്മത്തെ ഉപേക്ഷിക്കരുതെന്നും, യോഗസ്ഥനായി കർമ്മം ചെയ്യണമെന്നും (൨. ൪൮) അവിടെത്തന്നെയോഗമെന്നാൽ സിദ്ധ്യസിദ്ധികളിലുള്ള മനസ്സിന്റെ സമത്വമാണെന്നു വിവരിക്കയും ഈ സമത്വബുദ്ധി ഫലാശയിലുള്ള ബുദ്ധിയോടുകൂടി കർമ്മം ചെയ്യുന്നതിനേക്കാൾ അത്യുൽകൃഷ്ടമാണെന്നും (൨. ൪൯) മനസ്സു സമമായിട്ടുചെയ്യുന്ന കർമ്മത്തിന്റെ ശുഭാശുഭഫലങ്ങൾ കർമ്മകർത്താവിനെ ബാധിക്കുന്നില്ലെന്നും ഇങ്ങനെ കർമ്മങ്ങളുടെ ബന്ധഫലത്തെ ഒഴിച്ചു കർമ്മംചെയ്യുന്ന യുക്തി അഥവാ ഉപായമാണ് യോഗം. അതായതു ഉടനെതന്നെ 'യോഗം കർമ്മസുകൗശല'മെന്ന് വീണ്ടും നിർദ്ദേശിക്കയും ചെയ്യുന്നു (൨. ൫൦) ഇതിൽനിന്നും വ്യക്തമാകുന്നതെന്തെന്നാൽ കർമ്മങ്ങളുടെ ബന്ധനംകൂടാതെ കർമ്മംചെയ്യുന്നതിനുള്ള പ്രത്യേകഉപായം അഥവാ യുക്തി അതായതു സമത്വബുദ്ധി അഥവാ ബുദ്ധിസമത്വമെന്നതാണ് 'കൗശല' (സമർത്ഥമായ ഉപായി) മെന്നും ഈ കൗശലത്തോടു അഥവാ ഉപായത്തോടുകൂടികർമ്മംചെയ്യുന്നതാണ യോഗമെന്ന് ഗീതയിൽ പറയപ്പെടുന്നതെന്നുമാണ്. ഇതേ അർത്ഥംതന്നെ'യോ/യം യോഗഃ ത്വയാ പ്രോക്തഃ സാമ്യേന മധുസൂദന' അതായതു അങ്ങയാൽപറയപ്പെട്ട ഈ സമത്വയോഗം അതായതു മനസ്സിന്റെ സമസ്ഥിതി, (൬.൩൩) എന്നു അർജ്ജുനന്റെ വചനത്താൽ സ്പഷ്ടമാക്കപ്പെട്ടിട്ടുമുണ്ട്. ശ്രീ ശങ്കരാചാര്യസ്വാമികളുടെ കാലത്തിനും വളരെ മുമ്പുതന്നെ ജ്ഞാനിയായവൻ അഥവാ ആത്മസാക്ഷാൽക്കാരം സിദ്ധിച്ചവൻ ഇഹലോകത്തിൽ ജീവിക്കേണ്ടതായി വൈദികധർമ്മവിഹിതമായ രണ്ടു മാർഗ്ഗങ്ങൾ പ്രചാരത്തിലിരുന്നു. അവയിലൊന്നു ആത്മസാക്ഷാൽക്കാരത്തിനുശേഷം സർവ്വകർമ്മ സന്യാസംചെയ്ക അതായതു കർമ്മങ്ങളെ ത്യജിക്കുകയെന്നതും മറേറതു, ആത്മാനുഭൂതിക്കുശേഷവും കർമ്മങ്ങളെ ത്യജിക്കാതെ കർമ്മങ്ങളെ അവയുടെ ശുഭാശുഭഫലബന്ധനംകൂടാതെ അഥവാ പുണ്യപാപലേപനംകൂടാതെ ജീവിതകാലം മുഴുവനും ചെയ്തുകൊണ്ടിരിക്കുകയെന്നതുമാകുന്നു. ഈ രണ്ടു മാർഗ്ഗങ്ങളെ സംബന്ധിച്ചാണ് പിന്നീടു ഗീതയിൽ സന്യാസമെന്നും കർമ്മയോഗമെന്നുമുള്ള രണ്ടു വാക്കുകൾ ഉപയോഗിക്കപ്പെട്ടിരിക്കുന്നതു. (൫. ൨) സന്യാസമെന്നതിന്റെ അർത്ഥം ഉപേക്ഷിക്കയെന്നും യോഗമെന്നതിന്റെ അർത്ഥം ഒട്ടിപ്പിടിക്കുക അഥവാ ചേരുകയെന്നുമാണ്. അതിനാൽ ഇവ രണ്ടും കർമ്മത്തെ ഉപേക്ഷിക്കുന്നതും കർമ്മത്തോടു ചേരുകയെന്നതുമായ രണ്ടു സ്വതന്ത്രമാർഗ്ഗങ്ങളാണ്. സാംഖ്യമെന്നും യോഗമെന്നുമുള്ള രണ്ടു പദങ്ങളും (സാംഖ്യയോഗതാ ഈ രണ്ടു മാർഗ്ഗങ്ങളെ സംബന്ധിച്ച് പിന്നീടു പയോഗിക്കപ്പെട്ടിട്ടുള്ള ചുരുക്കപദങ്ങളാണ്. (൫.൪) ഗീതയിലെ ആറാമദ്ധ്യായത്തിൽ മനസ്സിനെ സ്ഥിരമാക്കി നിർത്തുന്നതിനാവശ്യമായ പാതഞ്ജലയോഗത്തിലെ ആസനാദികൾ വർണ്ണിച്ചിട്ടുണ്ടെന്നുള്ളതു ശരിതന്നെ. എന്നാൽ ഇതു ആർക്കുവേണ്ടി വർണ്ണിച്ചതാണ്? തപസ്വികൾക്കല്ല, കർമ്മയോഗികൾക്കാണ്. അതായതു കൗശലത്തോടുകൂടി കർമ്മംചെയ്തുകൊണ്ടിരിക്കുന്നവനു വേണ്ടിയും ആയതു നിമിത്തം അവൻ സമത്വമനഃസ്ഥിതിയെ സമ്പാദിക്കുന്നതിനുവേണ്ടിയുമാണ്. അങ്ങിനെയല്ലാത്തപക്ഷം 'തപസ്വിഭ്യോ/ധികോ യോഗീ' അതായതു തപസ്വിയേക്കാൾ അധികം ഉൽകൃഷ്ടനാണ് യോഗി (൬.൪൬) എന്ന വാചകം നിരർത്ഥകമായിത്തീരുന്നു. എന്നു തന്നെയുമല്ല അദ്ധ്യായ അവസാനത്തോടടുത്ത ആശ്ലോകാവസാനത്തിൽ തന്നെ 'തസ്മാദ് യോഗീഭവാർജ്ജുന' (അതുകൊണ്ടു യോഗിയായിത്തീരുക) എന്ന ഉപദേശം അയുക്തവും അയോഗ്യവുമായിത്തീരുകയും ചെയ്യുന്നു. ഇവിടത്തെ 'യോഗി'യായിത്തീരുകയെന്നു പറഞ്ഞതിനു പാതഞ്ജലയോഗമഭ്യസിക്കുകയെന്നർത്ഥമല്ല, കർമ്മങ്ങളെ കൗശലപൂർവ്വം ചെയ്യുന്ന യോഗി അഥവാ കർമ്മയോഗിയായിത്തീരുകയെന്ന അർത്ഥത്തിലാണ് ഗ്രഹിക്കപ്പെടേണ്ടതു്, എന്തെന്നാൽ 'യോഗസ്ഥഃ കുരുകർമ്മാണി' (൨. ൪൮), 'തസ്മാദ് യോഗായ യുജ്യസ്വ യോഗഃ കർമ്മസുകൗശലം' (൨. ൫൦) 'യോഗമാതിഷ്ഠോത്തിഷ്ഠഭാരത' (൪: ൪൨.) 'യോഗയുക്തഃ' (൫. ൬) 'അനാശ്രിതഃ കർമ്മഫലം കാര്യം കർമ്മകരോതിയഃ, സ സന്യാസീച യോഗീച' (൬. ൧) 'യം സന്യാസമിതി പ്രാഹുര്യോഗം തം വിദ്ധി പാണ്ഡവഃ, നഹ്യസന്യസ്ത സങ്കല്പോ യോഗീ ഭവതി കശ്ചന' (൬. ൨) എന്ന വചനങ്ങളിൽ 'യോഗം, യോഗി' എന്ന പദങ്ങൾ കർമ്മയോഗം കർമ്മയോഗി എന്ന അർത്ഥത്തിൽ തന്നെയാണ് ഉപയോഗിക്കപ്പെട്ടിരിക്കുന്നതു്. എന്നുതന്നെയുമല്ല 'പാതഞ്ജലയോഗത്തെ ആശ്രയിച്ചുകൊണ്ട് യുദ്ധം ചെയ്ക'യെന്നു പറയുന്നതു് അശക്യവും അസംഭാവ്യവുമാണ്. 'കർമ്മയോഗേന യോഗിനാം' (൩. ൩) അതായതു് കർമ്മംചെയ്യുന്നവരാണ് യോഗികൾ എന്നു മുമ്പേതന്നെ സ്പഷ്ടമായി പറഞ്ഞിട്ടുണ്ട്. കൂടാതെ മഹാഭാരതത്തിലെ നാരായണീയ അഥവാ ഭാഗവതധർമ്മവിവരണത്തിൽ ഈ ധർമ്മത്തെ അനുസരിക്കുന്നവർ ലോകവ്യവഹാരകർമ്മങ്ങളെ ത്യജിക്കാതെ 'സുപ്രയുക്തേനകർമ്മണാ' അതായതു് അവയെ യുക്തിയോടുകൂടി ചെയ്തു പരമേശ്വരനെ പ്രാപിച്ചുവെന്നു പറയപ്പെട്ടിരിക്കുന്നു. (മ. ഭാ. ശാ. ൩൪൮. ൫൬) ഇതിൽനിന്നും സിദ്ധിക്കുന്നതു് 'യോഗി' എന്നും 'കർമ്മയോഗി' എന്നുമുള്ള പദങ്ങൾ ഗീതയിൽ പര്യായങ്ങളായിട്ടാണ് ഉപയോഗിച്ചിരിക്കുന്നതെന്നും അവയുടെ അർത്ഥം 'ഒരു പ്രത്യേക ഉപായമനുസരിച്ചു കർമ്മംചെയ്യുന്നവനെ'ന്നുമാണ്. എങ്കിലും കർമ്മയോഗമെന്ന നീണ്ടപദം ഉപയോഗിക്കുന്നതിനുപകരം അതിന്റെ ചുരുക്കരൂപമായ യോഗമെന്ന പദം ഗീതയിലും മഹാഭാരതത്തിലും രണ്ടിലും അധികം സാധാരണമായി ഉപയോഗിക്കപ്പെട്ടിരിക്കുന്നു. 'നിനക്കു ഉപദേശിച്ച ഈ യോഗം ഞാൻ മുമ്പ് വിവസ്വാനുപദേശിച്ചു, വിവസ്വാൻ മനുവിനും മനു ഇക്ഷ്വാകുവിനും ഉപദേശിച്ചു; എന്നാൽ ഈ 'യോഗം' പില്ക്കാലത്തു നഷ്ടമായിപ്പോയി. ആ 'യോഗം'തന്നെ നിനക്കിപ്പോൾ ഞാൻ ഉപദേശിച്ചു' (൪. ൧. ൩) എന്ന വാക്യത്തിൽ ശ്രീഭഗവാൻ മൂന്നുപ്രാവശ്യം ഉപയോഗിച്ചിരിക്കുന്ന 'യോഗം' എന്ന പദം പാതഞ്ജലയോഗത്തെ ഉദ്ദേശിച്ചല്ലെന്നും കർമ്മം ചെയ്യുന്നതിനുള്ള ഒരു പ്രത്യേകതരം ഉപായം, രീതി അഥവാ യുക്തിയാണെന്നു സുവ്യക്തമാണ്. അതുപോലെതന്നെ ശ്രീകൃഷ്ണാർജ്ജുനസംവാദത്തെ സഞ്ജയൻ 'യോഗം' എന്നുപറഞ്ഞതിന്റെ (൧൮.൭൫) അർത്ഥവും ഇതുതന്നെയാണ്. ശ്രീശങ്കരൻ സന്യാസമാർഗ്ഗത്തെത്തന്നെ് അനുകരിച്ചിരുന്നിട്ടും അദ്ദേഹം തന്റെ ഗീതാഭാഷ്യത്തിന്റെ ഉപോൽഘാതത്തിൽ വൈദികധർമ്മത്തിന്റെ 'പ്രവൃത്തി'യെന്നും 'നിവൃത്ത'യെന്നുമുള്ള രണ്ടുവിധമാർഗ്ഗങ്ങളെ ചൂണ്ടിക്കാണിക്കയും 'യോഗം' എന്ന പദം ശ്രീഭഗവാൻ വിവരിച്ചപ്രകാരം 'സമ്യഗ്ദർശനോപായകർമ്മാനുഷ്ഠാനം' (ഗീ. ഭാ. ൪. ൪൨) എന്നു ഒരിടത്തും മറെറാരിടത്തു് 'യോഗഃ യുക്തിഃ (ഗീ. ഭാ. ൧൦. ൭) എന്നുവ്യാഖ്യാനിക്കുകയും ചെയ്തിട്ടുണ്ട്. ഇതുപോലെതന്നെ മഹാഭാരതത്തിലും ഈ രണ്ടുപദങ്ങളും 'പ്രവൃത്തിലക്ഷണോ യോഗഃ ജ്ഞാനം സന്യാസലക്ഷണം' അതായതു് യോഗമെന്നാൽ പ്രവൃത്തിമാർഗ്ഗവും ജ്ഞാനമെന്നാൽ സന്യാസം അഥവാ നിവൃത്തിമാർഗ്ഗവും എന്ന്, അനുഗീതയിൽ സുവ്യക്തമായി വിവരിച്ചിട്ടുമുണ്ട്. (മ. ഭാ. അശ്വ. ൪൩,൨൫) കൂടാതെ ശാന്തിപർവ്വത്തിൽ നാരായണീയോപാഖ്യാനത്തിൽ 'സാംഖ്യ'മെന്നും 'യോഗ'മെന്നുമുള്ള പദങ്ങൾ ഈ രണ്ട് അർത്ഥങ്ങളിൽ തന്നെ അനേകം പ്രാവശ്യം വന്നിട്ടുണ്ട്. സൃഷ്ട്യാദിയിൽതന്നെ ഈ രണ്ടുമാർഗ്ഗങ്ങളെ ശ്രീഭഗവാൻ എങ്ങിനെ എന്തിനായിട്ടു സ്ഥാപിച്ചുഎന്നും വിവരിച്ചിട്ടുമുണ്ട്. (മ. ഭാ. ശാ. ൨൪൦,൨൪൮) ഈ നാരായണീയ അഥവാ ഭാഗവതധർമ്മംതന്നെ ഭഗവൽഗീതയിൽ പ്രതിപാദിക്കപ്പെട്ടിരിക്കുന്നെന്നു് മഹാഭാരതത്തിലെ 'നാരായണം നമസ്കൃത്യനരം ചൈവനരോത്തമം, ദേവീം സരസ്വതീം വ്യാസം തതോജയമുദീരയേത്' എന്നമംഗളാചരണശ്ലോകത്തിൽ നിന്നു വ്യക്തമാകുന്നതാണ്. എന്തെന്നാൽ നരനാരായണന്മാരായ രണ്ടു ഋഷികളും പരമാത്മാവിന്റെ അവതാരങ്ങളും അർജ്ജുനനും ശ്രീകൃഷ്ണനും അവരുടെ പിന്നീടുള്ള അവതാരങ്ങളുമാണെന്നും മഹാഭാരതത്തിൽതന്നെ പറഞ്ഞിട്ടുണ്ട്. (മ. ഭാ. ഉ. ൪൮. ൭, ൮, ൨൦, ൨൨; വന. ൧൨. ൪൬-൪൭ ശാ. ൩൪൨. ൩൭, ൩൮. ഈ രണ്ടു ഋഷികളും നിഷ്കാമകർമ്മപരമായ നാരായണീയ അല്ലെങ്കിൽ ഭാഗവതധർമ്മത്തെ - പ്രകാശിപ്പിച്ചവരാകയാൽ ഭാഗവതധർമ്മപരമായ ഗ്രന്ഥങ്ങളിൽ അവരെ ആദ്യമായി വന്ദിക്കുന്നതു പതിവാണ്. അതിനാൽ നാരായണീയധർമ്മമനുസരിച്ചു 'സാംഖ്യം' എന്നാൽ നിവൃത്തി എന്നും 'യോഗം' എന്നാൽ പ്രവൃത്തിയെന്നും പുരാതന സാങ്കേതികാർത്ഥങ്ങളിൽതന്നെ ഗീതയിലും ഉപയോഗിക്കപ്പെട്ടിരിക്കുന്നു എന്നു വ്യക്തമാണ്. ഭാഗവതധർമ്മത്തിലെ പ്രവൃത്തിപരമായ നിഷ്കാമകർമ്മമാണ് ഗീതയിൽ പ്രതിപാദിക്കപ്പെട്ടിരിക്കുന്നതെന്നു് വേറെയും അനേകം ഗ്രന്ഥങ്ങളിലുള്ള ആധാരങ്ങളാലും ചുവടെ പ്രസ്താവിക്കുന്നതാണ്. ഇതിനെപ്പററി അനേകം ചരിത്രങ്ങൾ അതായതു, 'സമത്വം യോഗ ഉച്യതെ', 'യോഗഃ കർമ്മസു കൗശലം' എന്ന ഗീതയുടെ വിവരണത്താലും 'കർമ്മയോഗേന യോഗിനാം' എന്നു മുതലായവചനങ്ങളാലും പൂർണ്ണമായി നിവാരണം ചെയ്യപ്പെടേണ്ടതാണ്. അതിനാൽ'യോഗം' എന്ന പദം ഗീതയിൽ 'പ്രവൃത്തിമാർഗ്ഗം' അതായതു 'കർമ്മയോഗം' എന്ന അർത്ഥത്തിൽ മാത്രമാണു പ്രയോഗിക്കപ്പെട്ടിരിക്കുന്നതെന്നു നിർവ്വിവാദമാണ്. വൈദികധർമ്മഗ്രന്ഥങ്ങളിൽ മാത്രമല്ല പാലിഭാഷയിലും സംസ്കൃതത്തിലുമുള്ള ബുദ്ധമതഗ്രന്ഥങ്ങളിലും 'യോഗ'മെന്ന പദം ഈ അർത്ഥത്തിൽതന്നെ ഉപയോഗിച്ചുകാണുന്നുമുണ്ട്. കൂടാതെ ഗീതയിലെ ഓരോ അദ്ധ്യായാവസാനത്തിലുമുള്ള 'ശ്രീമൽ ഭഗവൽഗീതാസു ഉപനിഷത്സു ബ്രഹ്മവിദ്യായാം യോഗശാസ്ത്രേ' എന്നിത്യാദിയുള്ള സങ്കല്പത്തിൽനിന്നും ഭഗവാനാൽ ഗീതമായ ഈ ഉപനിഷത്തിൽ ബ്രഹ്മവിദ്യകളിൽ യോഗശാസ്ത്രം അതായതു കർമ്മയോഗശാസ്ത്രമാണ് ഗീതയുടെ പ്രതിപാദ്യവിഷയമെന്നും സുവ്യക്തമാണ്. 'ബ്രഹ്മവിദ്യ' എന്നാൽ ബ്രഹ്മജ്ഞാനമാണല്ലോ. ആ ജ്ഞാനം ലഭിച്ച ആളിനു രണ്ടു മാർഗ്ഗങ്ങൾ അഥവാ നിഷ്ഠകൾ അനുസരിക്കത്തക്കതായിട്ടുണ്ട്. (ഗീ. ൩. ൩.). ഒന്നു് 'സാംഖ്യനിഷ്ഠ' അഥവാ സന്യാസമാർഗ്ഗം, അതായതു ആത്മാനുഭൂതിക്കുശേഷം ലോകവ്യവഹാരകർമ്മങ്ങളെല്ലാമുപേക്ഷിച്ചു് വിരക്തനായി ജീവിക്കുക എന്നതും മറേറതു 'യോഗനിഷ്ഠ' അല്ലെങ്കിൽ കർമ്മയോഗമാർഗ്ഗം അതായതു ആത്മാനുഭൂതിക്കുശേഷവും ലോകവ്യവഹാരത്തെ ഉപേക്ഷിക്കാതെ ആവശ്യകർമ്മങ്ങളെ മോക്ഷപ്രാപ്തിക്കു തടസ്സമാകാതിരിക്കത്തക്കവണ്ണമുള്ള വിധത്തിൽ ചെയ്തുകൊണ്ടിരിക്കയെന്നതുമാണ്. ഇവയിൽ ജ്ഞാനനിഷ്ഠ ഉപനിഷത്തുകളിലും മററും പ്രതിപാദിക്കപ്പെട്ടിട്ടുണ്ട്. എന്നാൽ ബ്രഹ്മവിദ്യയിലുൾപ്പെട്ട കർമ്മയോഗം ഗീതയിലല്ലാതെ മറെറാരിടത്തും ശാസ്ത്രീയമായി പ്രതിപാദിക്കപ്പെട്ടിട്ടില്ല. അതിനാലായിരിക്കണം ഗീതാശാസ്ത്രവിഷയത്തിന്റെ വൈശിഷ്ട്യത്തെ കാണിക്കുവാനായിട്ട് തക്കതായ പ്രമാണത്തെ അടിസ്ഥാനമാക്കി മനഃപൂർവ്വം ഈവിധമൊരു സങ്കല്പം ആദ്യമായി ചേർക്കപ്പെട്ടതു്. ആയതു ഗീതയ്ക്കു വ്യാഖ്യാനങ്ങളുണ്ടാകുന്നതിനു മുമ്പുമായിരിക്കണം. എന്തെന്നാൽ ഗീതയുടെ എല്ലാ പ്രതികളിലും വ്യാഖ്യാനഗ്രന്ഥങ്ങളിലും ഇതു കാണപ്പെടുന്നുണ്ട്. അതിനാൽ ഗീതയ്ക്കു വ്യാഖ്യാനങ്ങളുണ്ടാകുന്നതിനു മുമ്പുതന്നെ ഗീതയുടെ താല്പര്യാർത്ഥം എന്തായി ഗ്രഹിക്കപ്പെട്ടിരിക്കുന്നു എന്നും സുവ്യക്തമാണ്.

(തുടരും)

—o—

# ഭാവനയിൽ

—o—

(എം. എസ്സ്. നിർമ്മലാദേവി)

(കേക)

അന്തിമാരുണകാന്തി-
ചിന്തവേ, നീലാംബര-
പ്പന്തലിൽമുകിൽമാല
തോരണംതൂക്കീടവേ,
പൂവലാംഗിയാം സന്ധ്യ,
പശ്ചിമസമീര,സം-
സേവിതയായി, പ്രേമ-
ലോലയാ,യണയുമ്പോൾ,
മാനസസാദം തീക്കാ-
മെന്നു ഞാനാശിച്ചാരാൽ
കാണുന്നസൂനാവനി-
യിങ്കലേയ്ക്കോടിവെയ്ക്കും
പൂത്തുനിന്നീടും ലതാ-
മണ്ഡപത്തിലാ, വണ്ടിൻ-
ചാർത്തുകൾ സങ്കീർത്തനാ-
ലാപലോലരായ് വാഴ്കെ,
സപ്തവർണ്ണാലങ്കൃത-
മായിട്ടും പൂമ്പാലകൾ
ചുററി, നീരദവധൂ-
രത്നങ്ങളുലാത്തുമ്പോൾ,
ഏതാടമുലയ്ക്കുന്നാ-
രാനന്ദവായ്പാൽ, തോഷ
നർത്തനമാടി, പാടി,
യങ്ങിനെവിഹരിക്കെ,
ഗാനമൊ, നാട്യത്തെന്ന-
ത്തെന്റെ മാനസക്ഷേത്ര-
സീമകൾ നനയ്ക്കുന്ന
മോഹങ്ങൾകിളുർത്തുന്ന,
ഭൗതികതാപത്തിൻ ചക്ര-
വാളവും വിട്ടെന്നാത്മാ-
വാനന്ദമണിത്തേര്-
ലങ്ങിനെ ചരിക്കുന്നു;
പൂമനം വിതച്ചെത്തും
മാരുതകിശോരൻപോൽ
ഭാവനാപാരന്നു,
പരക്കെ സ്വപ്നംതൂകി!
കേവലമൊരുചെറു-
നിഷ്കുടമെന്നാകിലും,
പൂവനമിതുപരി-
പാവനം വൃന്ദാവനം,
എന്നതാണെനിക്കതോ
ന്നിട്ടു; മീചെറുകുല്യ-
കല്ലോലം കളിക്കുന്ന-
കാളിന്ദിയെനിക്കിപ്പോൾ
പൂത്തുപൂത്താടീടുന്ന-
ചെമ്പകത്തണലിങ്കൽ
കാത്തുനിന്നീടും രാധാ-
ദേവിയായ്മാറീടുംഞാൻ!
അല്ലലില്ലാതേ, തുള്ളി-
ച്ചാടിടുന്നോരോ,മുല്ല-
വല്ലികൾ, മന്ദാപുഞ്ജ-
ഗോപികമാരായ്തോന്നും!
ഉള്ളിൽനിന്നുയരുമാ-
പ്രേമസംഗീതം, തന്ന-
സൂനുവിൻവാരവേണു-
ഗാനംപോൽനുകരുംഞാൻ.
പരമാനന്ദംചേർക്കും
നീലവർണ്ണൻതൻ, ചേതോ
ഹരമാംരൂപം, കാണ്മാ-
നെന്മനം കുതികൊള്ളും!!

—o—

—o—

# കാമബാണരസായനം

—•—

ശരീരസംബന്ധമായ ഏതുതരം രോഗങ്ങൾക്കും ഞങ്ങളുടെ ഒരുഡപ്പിമരുന്നുകൊണ്ടു് പൂർണ്ണസുഖംപ്രാപിക്കും. ഒരിക്കൽ പരീക്ഷിച്ചു നോക്കി തൃപ്തിയടയുവിൻ. അരപ്പൌണ്ടു് ഡപ്പി1-ക്കു് 2-രൂ. 8-ണ.

മാനേജർ,

ബാംബേമെഡിക്കൽഹാൾ, കൊല്ലം



ചൈനയിൽനിന്നും ബ്രിട്ടൻസന്ദർശിക്കുന്നതിന് എത്തിയിരിക്കുന്ന വിദ്യാഭ്യാസ വകുപ്പധികൃതർ ആറുമാസക്കാലമവരുടെ താടസിച്ചു് അവിടത്തെ വിവിധശാഖകളിലെ വിദ്യാഭ്യാസനരീതികൾ നേരിട്ടു കണ്ടുപഠിക്കുന്നതാണ്. വിദ്യാഭ്യാസമന്ത്രി, പ്രാദേശികവിദ്യാഭ്യാസാധികൃതർ, സർവകലാശാലകൾ. ഇതര വിദ്യാഭ്യാസസ്ഥാപനങ്ങൾ ഇവയുടെ സഹകരണം ചൈനീസ്‌മന്ത്രിസംഘത്തിന് ലഭിക്കുന്നതാണ്. ഇടത്തുനിന്നു വലത്തോട്ട്: ബ്രി: വിദ്യാഭ്യാസമന്ത്രി മി: ടോംലിൻസൺ, കുമിങ്ങ് (ചൈനയിലെ) കുമിയാംഗ് ടീച്ചേഴ്സ് കാളേജ് പ്രസിഡന്റ് മി. ടുങ്ങ്ചി, കൻമിംഗ് നാഷണൽ ടീച്ചേഴ്സ് കാളേജിലെ വിദ്യാഭ്യാസവകുപ്പിലെ ഡീൻ പ്രഫസർ ഹ്സചിറസു്. നൈഷവാനിലെ ബ്യൂറോ അഫ് എഡ്യൂക്കേഷൻ സെക്രട്ടറി ജനറൽ മി. ടാംഗ്ഷിഫാംഗ്, ടിസ്ഥാപനത്തിന്റെ സെക്രട്ടറി മി. സുംഗ് ടാലു.



ഏഷ്യൻസമ്മേളനപ്രതിനിധികൾക്കു വൈസ്രോയി മൗണ്ട്ബാറ്റൻപ്രഭു നൽകിയ സ്വീകരണത്തിൽ സംബന്ധിച്ചു പണ്ഡിറ്റ് നെഹ്റുവും, ബ്രി: ഹൈക്കമ്മീഷണർ സർ ടെറൻസ് ഷോണും, അദ്ദേഹത്തിന്റെ പത്നിയും.



ബാലികാബാലന്മാർ വരയ്ക്കുന്ന ചിത്രങ്ങൾ പ്രദർശിപ്പിക്കുന്നതിന് ഗിൽഡ് ഹാളിൽ (ലണ്ടൻ) സ്ഥാപിക്കപ്പെട്ടിട്ടുള്ള "ചിൽഡ്രൻസ് അക്കാഡമി"യിലെ വാർഷികപ്രദർശനം കാണുന്നതിനായി എത്തിയിരിക്കുന്ന വിദ്യാർത്ഥികൾ.



ബ്രിട്ടീഷ് വിദേശകാര്യമന്ത്രി മി. ബെവിൻ വിദേശകാര്യമന്ത്രിമാരുടെ സമ്മേളനത്തിനായി മോസ്കോയിൽ എത്തിയപ്പോൾ വിമാനത്താവളത്തിൽവച്ചു മി. വിഷിൻസ്കി അദ്ദേഹത്തെ സ്വീകരിക്കുന്നു.

(രണ്ടാംപേജിൽനിന്നും തുടർച്ച)

ട്ടില്ല. കാൺഗ്രസ്സ് നേതാക്കന്മാർ സന്ധി സംഭാഷണങ്ങളുമായി ഗവർമ്മെന്റിനെ സമീപിക്കുന്നതിൽ ഞാനതിശയിക്കുന്നു. വ്യക്തിപരമായി പറയുകയാണെങ്കിൽ, സന്ധിയിൽ ഞാൻ വിശ്വസിക്കുന്നില്ല.

'പ്രവർത്തിക്കുക' അതാണ് കാൺഗ്രസ്സ് സോഷ്യലിസ്റ്റുപാർട്ടിയുടെ പരിപാടി. 'സ്വാതന്ത്ര്യം' അതാണെന്റെ ആത്മാവ്, അതു സമ്പാദിക്കുക—അതിനാണെന്റെ ജീവിതം' ഇതായിരിക്കണം ഓരോ സോഷ്യലിസ്റ്റുപ്രവർത്തകന്റേയും ആദർശം.

സോഷ്യലിസത്തിനുമാത്രമേ ഭാരതത്തിന് ഒരു പുതിയ സൃഷ്ടിപരിപാടി നൽകാൻ സാധിക്കയുള്ളൂ.

രണ്ടാംലോകമഹായുദ്ധം ആരംഭിച്ചപ്പോൾ കമലാദേവി ലണ്ടനിലായിരുന്നു. കാൺഗ്രസ്സ് നിർദ്ദേശാനുസരണം ഇന്ത്യയ്ക്കുവേണ്ടി പ്രചരണം നടത്താൻ 1939-ൽ ഐക്യനാടുകളിലേക്ക് യാത്രയായി. 1941-വരെ അമേരിക്കയിൽ അവർ പര്യടനം നടത്തുകയായിരുന്നു. ഇൻഡ്യൻസ്വാതന്ത്ര്യസമരത്തിൽ അമേരിക്കയുടെ സഹാനുഭൂതി ഉളവാക്കുവാൻ അവർക്ക് നിഷ്പ്രയാസം കഴിഞ്ഞു. ഒരു ഉജ്ജ്വലമായ സ്വീകരണം അവർക്ക് എവിടെയും ലഭിച്ചു. മെക്സിക്കോ, ബോസ്റ്റൺ, സാൻഫ്രാൻസിസ്കോ, എന്നിവിടങ്ങളിലെ സഞ്ചാരം കഴിഞ്ഞു് അവർ ന്യൂയാർക്കിലെത്തി. അവരുടെ ബഹുമാനാർത്ഥം ന്യൂയാർക്കിലെ ഇന്ത്യാക്കാർ ഒരു ഗംഭീര സ്വീകരണം അവർക്കു നൽകി. കൃഷ്ണലാൽ ശ്രീധരണിയുടെ അദ്ധ്യക്ഷതയിൽ പ്രസംഗിച്ചുകൊണ്ട് 'കമലാദേവി ഇപ്രകാരം പ്രസ്താവിച്ചു. 'ഡെമോക്രസിക്കു വേണ്ടി വാദം നടത്തുന്ന ബ്രിട്ടൻ ഇന്ത്യയുടെനേരെ കണ്ണടച്ചുകളയുകയാണു ചെയ്യുന്നതു്. ഞങ്ങൾക്ക്—ഇൻഡ്യാക്കാർക്ക് ഈ യുദ്ധത്തിൽ യാതൊരു കാര്യവുമില്ല. ബ്രിട്ടൻ ഞങ്ങളെ സ്വതന്ത്രരാക്കട്ടെ എന്നിട്ടു ഞങ്ങളുടെ സഹായം അപേക്ഷിക്കുക. മററു രാഷ്ട്രങ്ങളുടെ മുന്നിൽ നല്ലപിള്ളയാകാൻ ശ്രമിക്കുന്ന ബ്രിട്ടൻ സ്വന്തം കാര്യത്തിൽ ഒരു തനിസാമ്രാജ്യവാദിയായിത്തീരുന്നു—അടിമത്വവും, സാമ്രാജ്യത്വപ്രഭുത്വവും നശിക്കണം. ബ്രിട്ടീഷുകാരനു് ഒളിച്ചുകളി ഇനി സാദ്ധ്യമല്ല. സ്വാതന്ത്ര്യം ഞങ്ങൾക്ക് മടക്കിത്തന്നേ കഴിയൂ. ഇന്നില്ലെങ്കിൽ നാളെ '

ന്യൂയാർക്കിൽനിന്നും അവർ ജപ്പാനി

(ശേഷം അഞ്ചാംപേജിൽ)

Printed and Published by N. Chandrasekharan Nair at the Sree Rama Vilas Press, Quilon.